**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4160** **03-03-2023 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ പ്രേരക് മാരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സാക്ഷരതാ പ്രേരക് മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പ്രേരക് ഓണറേറിയം ഇനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് പുതിയ ശീർഷകം അനുവദിക്കുന്നത് ഉൾപ്പെടെയുള്ള പുനർവിന്യാസ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സാക്ഷരതാ പ്രേരക് മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിലെ ഇ.ആർ.ബി.3/19/2021/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;ഈ ഫയലിൽ നടത്തിയിട്ടുള്ള എല്ലാ കത്തിടപാടുകളുടെയും ഈ വിഷയത്തിൽ നടത്തിയ യോഗങ്ങളുടെ മിനിറ്റ്സുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. അതിലേയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഇ.ആർ.ബി 3/19/2021/ത.സ്വ.ഭ.വ നമ്പർ ഫയലിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ ഉത്തരവുകളുടെയും, കത്തിടപാടുകളുടെയും യോഗങ്ങളുടെ മിനിട്സുകളുടെയും പകർപ്പുകൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ സാക്ഷരതാ പ്രേരക് മാർ നിലവിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | 2021ലെ ബജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 31.03.2022ലെ സ.ഉ (കൈ) നം. 72/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവായിരുന്നു.<br><br>പ്രേരക്മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തനം വിലയിരുത്തുന്നതിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 19.04.2022-ലെ സ.ഉ (സാധാ) നം.973/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതുവരെ ഓണറേറിയം നൽകുന്നത് സംബന്ധിച്ച് നിലവിലെ വ്യവസ്ഥ തുടരുന്നതിന് |

| | | | |
|---|---|---|---|
| | | | തീരുമാനിക്കുകയും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ഇതിന്റെ ഭാഗമായി ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും വകുപ്പ് സെക്രട്ടറിമാരും യോഗം ചേർന്ന് പ്രസ്തുത വിഷയത്തിന്മേൽ ചർച്ചകൾ നടത്തി . സാക്ഷരതാ മിഷൻ ഡയറക്ടറുടെ സാന്നിധ്യത്തിൽ വിവിധ പ്രേരക് സംഘടനകളുമായും ചർച്ചകൾ നടന്നിരുന്നു.<br><br>പ്രേരക് പുനർവിന്യാസവുമായി ബന്ധപ്പെട്ട് സാക്ഷരതാ മിഷൻ സർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധ (2) ആയി ചേർക്കുന്നു. |
| (ഡി) | സാക്ഷരതാ പ്രേരക് മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സാക്ഷരതാ മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;സാക്ഷരതാ മിഷൻ ഈ വിഷയത്തിൽ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (ഡി) | 2021ലെ ബജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 31.03.2022ലെ സ.ഉ (കൈ) നം. 72/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവായിരുന്നു.<br><br>പ്രേരക്മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തനം വിലയിരുത്തുന്നതിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 19.04.2022-ലെ സ.ഉ (സാധാ) നം.973/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതുവരെ ഓണറേറിയം നൽകുന്നത് സംബന്ധിച്ച് നിലവിലെ വ്യവസ്ഥ തുടരുന്നതിന് തീരുമാനിക്കുകയും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ഇതിന്റെ ഭാഗമായി ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും വകുപ്പ് സെക്രട്ടറിമാരും യോഗം ചേർന്ന് പ്രസ്തുത വിഷയത്തിന്മേൽ ചർച്ചകൾ നടത്തി . സാക്ഷരതാ മിഷൻ ഡയറക്ടറുടെ സാന്നിധ്യത്തിൽ വിവിധ പ്രേരക് സംഘടനകളുമായും ചർച്ചകൾ നടന്നിരുന്നു.<br><br>പ്രേരക് പുനർവിന്യാസവുമായി ബന്ധപ്പെട്ട് സാക്ഷരതാ മിഷൻ സർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധ (2) ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | സാക്ഷരതാ പ്രേരക് മാർക്ക് നിലവിൽ അനുവദിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ എത്ര മാസത്തെ കാലതാമസമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;അവ ഏത് വകുപ്പിൽ നിന്ന് എപ്പോൾ അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഇ) | ഓണറേറിയം അനുവദിക്കുന്നതിനുള്ള ഫയൽ നടപടിക്രമങ്ങൾ നടന്നുവരികയാണ്. |
| (എഫ്) | സാക്ഷരതാ പ്രേരക് മാർ നിലവിൽ ഏത് ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ് വരുന്നതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും അനിശ്ചിതത്വം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കാമോ; | (എഫ്) | പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലാണ് സാക്ഷരതാ പ്രേരക്മാർ നിലനിന്നുവരുന്നത്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഇവരുടെ പുനർവിന്യാസം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ജി) | സംസ്ഥാനത്തെ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ സാക്ഷരതാ മിഷന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; സാക്ഷരതാ മിഷന്റെ പ്രവർത്തനം വിലയിരുത്തുമോ; വ്യക്തമാക്കുമോ? | (ജി) | സംസ്ഥാനത്തെ തുടർസാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകുന്നതിൽ സാക്ഷരതാമിഷന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. വിവിധ പദ്ധതികളിലൂടെ ഓരോ പ്രദേശത്തിന്റെയും; വിഭാഗത്തിന്റെയും പഠനാവശ്യം പരിഗണിച്ചുകൊണ്ട് കേരള സംസ്ഥാന സാക്ഷരതാമിഷൻ സാക്ഷരതാ പ്രവർത്തനം ത്വരിതഗതിയിൽ നടപ്പാക്കി വരുന്നു. അതോടൊപ്പം വൈജ്ഞാനിക കേരളം ലക്ഷ്യമാക്കിക്കൊണ്ടുള്ള സർക്കാർ നയത്തിന് ഊർജ്ജം പകരുന്ന വിധം ഇ-സാക്ഷരതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സാക്ഷരതാ പ്രവർത്തനം മാറ്റുന്നതിനുള്ള ശ്രമത്തിലാണ് സാക്ഷരതാമിഷൻ. കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസവകുപ്പിനു കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി 1998 മുതൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് കേരളസംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. സാക്ഷരതാവിദ്യാഭ്യാസവും തുടർന്ന് തുല്യതാ വിദ്യാഭ്യാസവും നൽകിവരുന്ന പ്രവർത്തനങ്ങളാണ് മിഷൻ നടപ്പിലാക്കിവരുന്നത്. അതോടൊപ്പം സർട്ടിഫിക്കറ്റ് കോഴ്സുകളായ പച്ചമലയാളം, അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ് എന്നീ കോഴ്സുകളും നടപ്പിലാക്കിവരുന്നു. വിവിധ നൂതനങ്ങളായ പ്രത്യേക സാക്ഷരതാ പദ്ധതികളും (ഇതരസംസ്ഥാന തൊഴിലാളി സാക്ഷരതാപദ്ധതി-ചങ്ങാതി, പ്രത്യേക ആദിവാസി സാക്ഷരതാപദ്ധതി, ട്രാൻസ്ജൻഡർ തുടർവിദ്യാഭ്യാസപദ്ധതി- സമന്വയ, പട്ടികജാതി സാക്ഷരതാ പദ്ധതി - നവചേതന, തീരദേശ സാക്ഷരതാപദ്ധതി - അക്ഷരസാഗരം) |

| | | | |
|---|---|---|---|
| | | | അതോടൊപ്പം സാമൂഹ്യ സാക്ഷരതാപദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിവരികയാണ്. ഇതോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള കേന്ദ്രാവിഷ്കൃത സാക്ഷരതാപദ്ധതിയായ പഠ്ന ലിഖ്നാ അഭിയാൻ പദ്ധതിയും കേരളത്തിൽ നടപ്പിലാക്കുകയുണ്ടായി. കേരളത്തിലെ അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിനായി ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം എന്ന പദ്ധതി (2022 മുതൽ 2027 വരെയുള്ള കാലയളവിലേക്ക്) നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയുമാണ്. സാക്ഷരതാ മിഷന്റെ വിവിധ സാക്ഷരതാപദ്ധതികളിലൂടെ സാക്ഷരരാകുന്ന നവസാക്ഷരരെ തുടർവിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവന്ന് സാക്ഷരതാമിഷന്റെ തുല്യതാപരിപാടികളായ നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർസെക്കൻഡറി തുല്യതാവിദ്യാഭ്യാസം നേടികൊടുക്കുന്നതിനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമുള്ള ശ്രമങ്ങളാണ് സാക്ഷരതാമിഷനിലൂടെ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സംസ്ഥാന സാക്ഷരത മിഷനു കീഴിൽ ജോലി ചെയ്യുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (കൈ)നം. 72/2022/തസ്വഭവ, തിരുവനന്തപുരം, തീയതി: 31.03.2022

---

പരാമർശം :
1. കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 27/01/2021-ലെ നം.എ 7-0001/21/കേ.സാ.മി.അ. നമ്പർ പ്രൊപ്പോസൽ.
2. 13/07/2021, 18/07/2021, 23/09/2021, 24/09/2021 എന്നീ തീയതികളിൽ സാക്ഷരതാ പ്രേരക് മാർ സമർപ്പിച്ച നിവേദനങ്ങൾ.
3. 14/07/2021-ലെ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.
4. 22/07/2021-ൽ കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ നം.എ 7-0001/21/കേ.സാ.മി.അ. നമ്പർ പ്രൊപ്പോസൽ.
5. 6/11/2021-ൽ സാക്ഷരതാ മിഷൻ ഡയറക്ടർ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതാണെന്നും ഇവരുടെ അലവൻസ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി ലഭ്യമാക്കുമെന്നും, സാക്ഷരതാ മിഷന് 18 കോടി രൂപ വകയിരുത്തുന്നുവെന്നും 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു. സാക്ഷരതാ മിഷനു കീഴിലുള്ള 1796 പ്രേരക്മാരെയാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കേണ്ടത്. ഇതേ ആവശ്യം ഉന്നയിച്ച് പരാമർശം (2) പ്രകാരം സാക്ഷരതാ പ്രേരക് മാർ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചു. പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14.07.2021-ന് യോഗം ചേരുകയും . ടി യോഗത്തിൽ പ്രേരക്മാരുടെ ഓണറേറിയം സംബന്ധിച്ച നിലവിലെ വ്യവസ്ഥ, പുനർവിന്യസിച്ചതിനുശേഷം വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രേരകുകളുടെ വേതന ഇനത്തിൽ ഉണ്ടാകുന്ന ബാധ്യത, ഇൻഷ്വറൻസ്, ചികിത്സാ

ധനസഹായം തുടങ്ങിയ ചെലവുകൾ എങ്ങനെ വഹിക്കും തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി വിശദമായ concept നോട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ സാക്ഷരതാ മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടു. സാക്ഷരതാ മിഷൻ ഡയറക്ടർ ടി വിഷയം സംബന്ധിച്ച് പരാമർശം (4) പ്രകാരം വിശദമായ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രേരക് മാരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പുനർവിന്യസത്തിന് തത്വത്തിൽ അംഗീകാരം നൽകികൊണ്ടും, പ്രേരക് മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിലുണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തന വിലയിരുത്തലിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് മൂന്നു മാസത്തിനകം ശിപാർശ സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ റിസോഴ്സസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്ത് കൊണ്ടും ഉത്തരവാകുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതു വരെ ഓണറേറിയം നൽകുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി തുടരേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1) കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ, തിരുവനന്തപുരം
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
5) പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്.
6) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.643 തീയതി 30.03.2022)
7) ധനകാര്യ (ഡെവ) വകുപ്പ് (05.11.2021 ലെ നം.1883548/ഡെവ-2/267/2021/ധന)
8) വിവര പൊതുജന സമ്പർക്ക വകുപ്പ് (web & new media)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1) ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2) തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
4) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ റിസോഴ്സസ് വകുപ്പ് പ്രൈവറ്റ് സെക്രട്ടറിക്ക്

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച റിപ്പോർട്ട്- കമ്മിറ്റി രൂപീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ)നം. 973/2022/തസ്വഭവ, തിരുവനന്തപുരം, തീയതി: 19.04.2022.

---

പരാമർശം : - സ.ഉ (കൈ) നം.72/2022/തസ്വഭവ തീയതി 31.03.2022 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ പ്രേരക്മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിലുണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തന വിലയിരുത്തലിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി
2. ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ധനകാര്യ റിസോഴ്സസ് വകുപ്പ്
3. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്
ജോയിന്റ് സെക്രട്ടറി

1) സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം)
2) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ധനകാര്യ റിസോഴ്സസ് വകുപ്പ് (ആമുഖ കത്ത് സഹിതം)
3) പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്.
4) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.643 തീയതി 30.03.2022)
5) ധനകാര്യ (ഡെവ) വകുപ്പ് (05.11.2021 ലെ നം.1883548/ഡെവ-2/267/2021/ധന)
6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1) ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2) തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

I/4403324/2021

**MEETING/URGENT**

# GOVERNMENT OF KERALA

Local Self Government (ERB) Department

No.ERB3/19/2021/LSGD 02/07/2021,Thiruvananthapuram

From

Additional Chief Secretary to Government

To

The Additional Chief Secretary, Finance Department.
The Principal Secretary, General Administration Department
The Member Secretary, State Planning Board, Pattom
The Director of Urban Affairs
The Director of Panchayath
The Director, Kerala State Literacy Mission Authority, Pettah, Thiruvananthapuram-24

Sir,

Sub: LSGD- Deployment of Saksharatha Mission "Prerak" in Local Self Government Department- Budge Speech- meeting notice-reg.

Ref: Nil

As per the budget speech on January 2021, it was decided to deploy the Saksharatha Mission 'Preraks' under General Education Department to Local Self Government Institutions. In this regard the Additional Chief Secretary, Local Self Government Department desires to arrange an online meeting at 10.00 AM on 14.07.2021 to clarify/ discuss the following matters.Meeting Link will be sent separately.

1. What are the roles and responsibilities of Saksharata Preraks currently?
2. Within whose jurisdiction they are currently working? how about new preraks - who will appoint them?

I/4403324/2021

3. What will be their roles and responsibilities on redeployment to LSGD?
4. What will be their connection with the Sakshratha Mission after redeployment?
5. What is the amount set aside in the current years Budget?Will an additional Head of Account be created for meeting the allowance expenditure of preraks for LSGD?

You are therefore requested to attend the meeting in time with all relevant documents to discuss the above matters.

Yours Faithfully,
Preetha.k.s
Joint Secretary

For Secretary to Government.

Approved for Issue,

Section Officer.

Copy:- PA to ACS ,LSGD

I/4407655/2021

# GOVERNMENT OF KERALA

Local Self Government(ERB) Department

NoERB3/19/2021/LSGD 07/07/2021,Thiruvananthapuram

From
Additional Chief Secretary to Government

To
The Additional Chief Secretary, Finance Department
The Principal Secretary, General Education Department
The Member Secretary, State Planning Board, Pattom
The Director of urban affairs
The Director of Panchayath
The Director, Kerala State Literacy Mission Authority, Pettah
Thiruvananthapuram

Sir,

Sub: LSGD- Deployment of Saksharatha Mission "Prerak" in Local Self Government Institutions- Budget Speech- Zoom Meeting- Link furnishing- Reg

Ref: Government letter of even number dated 02.07.2021

I am to invite your attention to the reference cited. In pursuance of the reference letter, the following information about the link of the Zoom meeting arranged by KILA is also also furnished here with.

Topic: LSGD-Discussion on deployment of Saksharatha Mission Prerak in LSGIs
Time: Jul 14, 2021 10:00 AM India

Join Zoom Meeting
**https://kila-ac-in.zoom.us/j/93309316210?pwd=**

I/4407655/2021

**V0llbTNldHNxQm1vQU5PQ1VHR1poUT09**

Meeting ID: **933 0931 6210**
Pass code: **498662**

Join by Skype for Business
https://kila-ac-in.zoom.us/skype/93309316210

For more information about the link contact this Department via
**lsgderb@gmail.com** (e-mail)
**0471 2518145** (Phone)
For Technical support contact Sri. Mirash, Computer Programmer, KILA via
**mirash@kila.ac.in** (e-mail)
**9495320317** (Phone)

Yours Faithfully,
Balumahendra B
Under Secretary

For Secretary to Government.

Approved for Issue,

Section Officer.

I/4429300/2021

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്

നമ്പർ.ഇആർബി3/19/2021/തസ്വഭവ 19/07/2021,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

1.അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
2. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
3.മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം
4.ഡയറക്ടർ, അർബൻ അഫയേഴ്സ്, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം
5.ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, പബ്ളിക് ഓഫീസ് കെട്ടിടം, പാളയം, തിരുവനന്തപുരം
6.ഡയറക്ടർ, കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി, പേട്ട, തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- സാക്ഷരതാ മിഷൻ പ്രേരക് മാരെ തദ്ദേശ സ്വ.യംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നത് - 14/07/2021ലെ യോഗം - മിനിട്ട്സ് അയയ്ക്കുന്നത് സംബന്ധിച്ച്

സൂചന:- 07/07/2021ലെ ഇതേ നമ്പർ സർക്കാർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സാക്ഷരതാ മിഷൻ പ്രേരക് മാരെ തദ്ദേശ സ്വ.യംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് 14/07/2021-ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിന്റെ മിനിട്ട്സ്, യോഗതീരുമാനങ്ങൾ സംബന്ധിച്ച് സമയബന്ധിതമായ തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

I/4429300/2021

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സംസ്ഥാന സാക്ഷരത മിഷനു കീഴിൽ ജോലി ചെയ്യുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(കൈ) നം.72/2022/LSGD തീയതി,തിരുവനന്തപുരം, 31-03-2022

---

പരാമർശം:-

1. കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 27/01/2021-ലെ നം.എ7-0001/21/കേ.സാ.മി.അ. നമ്പർ പ്രൊപ്പോസൽ.
2. 13/07/2021, 18/07/2021, 23/09/2021, 24/09/2021 എന്നീ തീയതികളിൽ സാക്ഷരതാ പ്രേരക് മാർ സമർപ്പിച്ച നിവേദനങ്ങൾ
3. 14/07/2021-ലെ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം
4. 22/07/2021-ൽ കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ നം.എ7-0001/21/കേ.സാ.മി.അ. നമ്പർ പ്രൊപ്പോസൽ.
5. 6/11/2021-ൽ സാക്ഷരതാ മിഷൻ ഡയറക്ടർ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുന :വിന്യസിക്കുന്നതാണെന്നും ഇവരുടെ അലവൻസ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി ലഭ്യമാക്കുമെന്നും, സാക്ഷരതാ മിഷന് 1 8 കോടി രൂപ വകയിരുത്തുന്നുവെന്നും 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു സാക്ഷരതാ മിഷനു കീഴിലുള്ള 1796 പ്രേരക്മാരെയാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കേണ്ടത്. ഇതേ ആവശ്യം ഉന്നയിച്ച് പരാമർശം (2) പ്രകാരം സാക്ഷരതാ പ്രേരക് മാർ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചു പരാമർ ശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14.07.2021-ന് യോഗം ചേരുകയും . ടി യോഗത്തിൽ പ്രേരക്മാരുടെ ഓണറേറിയം സംബന്ധിച്ച നിലവിലെ വ്യവസ്ഥ പുനർവിന്യസിച്ചതിനുശേഷം വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രേരകുകളുടെ വേതന ഇനത്തിൽ ഉണ്ടാകുന്ന ബാധ്യത, ഇൻഷ്വറൻസ്, ചികിത്സാ ധനസഹായം തുടങ്ങിയ ചെലവുകൾ എങ്ങനെ വഹിക്കും തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി വിശദമായ concept നോട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ സാക്ഷരതാ മിഷൻ ഡയറക്ടറോട്

ആവശ്യപ്പെട്ടു. സാക്ഷരതാ മിഷൻ ഡയറക്ടർ ടി വിഷയം സംബന്ധിച്ച് പരാമർശം(4) പ്രകാരം വിശദമായ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പ്രേരക് മാരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പുനർവിന്യസത്തിന് തത്വത്തിൽ അംഗീകാരം നൽകികൊണ്ടും, പ്രേരക് മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിലുണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തന വിലയിരുത്തലിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് മൂന്നു മാസത്തിനകം ശിപാർശ സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ (റിസോഴ്സസ്) വകുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്ത് കൊണ്ടും ഉത്തരവാകുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതു വരെ ഹോണറേറിയം നൽകുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി തുടരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം. തീയതി )

ധനകാര്യ (ഡെവ.) വകുപ്പ് (05.11.2021 ലെ നം. 1883548/ഡെവ-2/267/2021/ധന. റിമാർക്സ്)

വിവര പൊതുജന സമ്പർക്ക വകുപ്പ് (web & newmedia)

ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1) ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2) തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ്

സെക്രട്ടറിക്ക്

3) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

4) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ റിസോഴ്സസ് വകുപ്പ് പ്രൈവറ്റ് സെക്രട്ടറിക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച റിപ്പോർട്ട് കമ്മിറ്റി രൂപീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.973/2022/LSGD തീയതി,തിരുവനന്തപുരം, 19-04-2022

പരാമർശം:- സ.ഉ (കൈ) നം.72/2022/തസ്വഭവ തീയതി 31.03.2022 നമ്പർ ഉത്തരവ്.

**ഉത്തരവ്**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

ടി സാഹചര്യത്തിൽ പ്രേരക്മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിലുണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തന വിലയിരുത്തലിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി
2. ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ധനകാര്യ റിസോഴ്സസ് വകുപ്പ്
3. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി,പൊതുവിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം)

സ.ഉ.(സാധാ) നം.973/2022/LSGD

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി , ധനകാര്യ റിസോഴ്സസ്‌വകുപ്പ് (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.---- തീയതി ------)

ധനകാര്യ (ഡെവ) വകുപ്പ് (05.11.2021 ലെ നം.1883548/ഡെവ-2/267/2021/ധന)

ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1)ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2)തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

## Note

In the budget speech made in January 2021, it was announced that an amount of Rs.18 crore is earmarked for Literacy Mission and that Preraks will be redeployed to Local Self Government Institutions. The allowance to them will be additionally provided to Local Self Government Institutions by the Government. 1796 preraks under the Literacy Mission are to be deployed to the Local Self Government Institutions.

On the request of preraks who sought implementation of the budget announcement, the Additional Chief Secretary, Local Self Government Department convened a meeting on the matter on 14.07.2021 and the Director of Literacy Mission was requested to prepare and submit a detailed concept note on the present provision on the honorarium, proposed changes after redeployment, additional liability to the local bodies, insurance, medical assistance etc. to be borne (Copy of the minutes is attached for ready reference). Saksharatha Mission director submitted a proposal , which may be seen as annexure, with the following observations:

- The individual targets set for the equivalence and certificate courses is the basis for the honoraria given to the Preraks
- There is a software for updating details of performance by the preraks.
- The Saksharatha mission director is to continue to be the appointing authority for preraks.
- The LSGIs can use the preraks for their various activities.
- The targets linked method of payment of remuneration is to continue. The Secretary of the LSG is to record the number of days of work and related information in the software to enable disbursement of funds.
- The insurance premium is to be paid through the LSGIs.

- Medical assistance, death related benefits will continue to be administered by Saksharatha Mission.

  It was noted that there was significant work done by the Preraks that related to the education department, like equivalence and certification programmes, while redeployment to the Local Self Government Institutions would entail their utilization in various local social awareness generation campaigns and drives by the Local Self Government Institutions.

When the matter was put up to the Minister LSGD for directions, the following points brought out by the ACS, LSGD were agreed to:

- It is preferred that if panchayats are to make the payment to preraks, then the amount should be allocated up front to the DUA and the DP. Saksharatha Mission proposes that the monthly honorarium is to be decided by the Mission on the basis of the number of students they identify for their courses. The purpose of this reallocation of preraks to LSGs must also have been to integrate the working of the prerak with the various educational activities and social conscientisation work undertaken by the LSGs - if so assessing honoraria on the basis of the number of persons canvassed for adult education may not be a fair yardstick of assessment. Right now, the honorarium is automatically decided based on the software. The Association of preraks has also submitted petitition for reconsideration of this format. We may define broad guidelines within which the Secretary LSG himself or herself can assess and determine the honorarium to be paid.

- There are some LSGs without adequate funds as own source revenue. We would need to allocate preferentially to such LSGs.

- Saksharatha mission may be asked to reallocate preraks to the LSGs without preraks based on their own suggestion.

- Monthly report of activities may be submitted to the sakshratha mission, and preraks may

be made available to the mission on demand/request. The mission may create an MIS that will enable uploading requisite information in modification of the existing software that is geared to track only mission activities.

Honorarium to the Preraks is currently paid by the Literacy Mission under the control of the Department of General Education. As clarity was required as to how the remuneration to the preraks would be provided in the new dispensation with responsibilities falling within the purview of both General Education and local governance, the Local Self Govt: Department also sought remarks of Finance Department as to whether the 18 crores announced in the Budget speech will be transferred to the Local Self Government Department by opening a separate Head of Account or whether the amount would continue to be allocated to Literacy Mission. It was to be confirmed whether Finance department would open a new Head of Account in the budget and release funds to LSGD only after deploying them to Local Self Government Institutions. The Finance Department remarked as follows:-

"സംസ്ഥാന സാക്ഷരത മിഷന്റെ പ്രവർത്തിക്കുന്ന സാക്ഷരത പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട ഭരണപരമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഗ്രാമ, നഗരസഭാ, കോർപ്പറേഷൻ പരിധികളിൽ വിന്യസിക്കപ്പെട്ട പ്രേരക്മാരുടെ എണ്ണത്തിനാനുപാതികമായി അവർക്കു ഹോണറേറിയം നൽകാൻ പര്യാപ്തമായ തുക ബഡ്ജറ്റിൽ പുതിയ ശീർഷകം തുറന്നു ലഭ്യമാക്കാവുന്നതാണെന്നും, ഇതേ ആവശ്യത്തിനായി സംസ്ഥാന സാക്ഷരത മിഷന് അനുവദിച്ചിരിക്കുന്ന തുക സറണ്ടർ ചെയ്യുന്ന മുറയ്ക്ക് ആ തുക ധനാനുമതി മുഖേന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിയ്ക്കാവുന്നതാണെന്നും നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടു ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്കു മാത്രമേ അനുയോജ്യമായ ശീർഷകത്തിൽ പ്രസ്തുതാവശ്യത്തിനു ബജറ്റ് വിഹിതം വകയിരുത്തുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതുള്ളൂവെന്നും ആയതിനാൽ, ബജറ്റ് പ്രസംഗത്തിലെ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനാവശ്യമായ ഭരണാനുമതി പുറപ്പെടുവിക്കുന്ന വിഷയത്തിൽ ഉചിത തലത്തിൽ നടപടികൾ സ്വീകരിച്ചു ഭരണാനുമതി ഉത്തരവിന്റെ വിശദാംശങ്ങളും പ്രേരക്മാരുടെ തദ്ദേശസ്ഥാപനാടിസ്ഥാനത്തിലുള്ള

പുനർവിന്യാസം സംബന്ധിച്ച വിശദാംശങ്ങളും സഹിതം ലഭ്യമാക്കുന്ന ശിപാർശ കണക്കിലെടുത്തു ഉചിതമാർഗ്ഗേണ ഫണ്ട് അനുവദിക്കുന്നതാണെന്ന വിവരവും ഭരണവകുപ്പിനെ അറിയിക്കുന്നു".

In principle approval was given to deploy Preraks to Local Self Government Institutions and a committee was also constituted to study and report within 3 months on the mode of appointment of preraks after their redeployment, the changes necessitated to the existing system on account of dual responsibilities arising out of redeployment and the additional financial commitment that may arise and the source of meeting such commitment.

I/5247598/2022

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

നം. ഇആർബി3/19/2021/തസ്വഭവ 21-04-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി,

പൊതുവിദ്യാഭ്യാസ വകുപ്പ്.

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി,

ധനകാര്യ (റിസോഴ്സസ്) വകുപ്പ്

സർ,

വിഷയം:- തസ്വഭവ-സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച - കമ്മിറ്റി രൂപീകരണം - സംബന്ധിച്ച്.

സൂചന:- സ.ഉ. (സാധാ) നം. 973/2022/തസ്വഭവ, തീയതി 19.04.2022 നമ്പർ ഉത്തരവ്.

സാക്ഷരതാമിഷൻ അതോറിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ചതുമായ സാക്ഷരതാ പ്രേരക്മാരുടെ നിയമനം, നിലവിലെ സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂചന പ്രകാരം താങ്കൾ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. ഉത്തരവിന്റെ പകർപ്പും ഈ വിഷയം സംബന്ധിച്ച ഒരു കുറിപ്പും ഇതോടൊപ്പം അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്യുന്നു.കമ്മിറ്റിയുടെ യോഗം ചേരുന്നതിനുള്ള തീയതി ഉടൻ അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**മീറ്റിങ് -അടിയന്തരം**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

നം. ഇആർബി3/19/2021/തസ്വഭവ

25-04-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

1) സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ്

2) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി

ധനകാര്യ (റിസോഴ്സസ്) വകുപ്പ്

സർ,

വിഷയം:- തസ്വഭവ-സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച -കമ്മിറ്റി തീയതിയും, സമയവും അറിയിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ)നം. 973/2022/തസ്വഭവ, തീയതി 19.04.2022 നമ്പർ ഉത്തരവ്

2. 21.04.2022 ലെ ഇതേ നമ്പർ കത്ത്. .

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സാക്ഷരതാമിഷൻ അതോറിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ചതുമായ സാക്ഷരതാ പ്രേരക്മാരുടെ നിയമനം, നിലവിലെ സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂചന (1) പ്രകാരം രൂപീകരിച്ച താങ്കൾ ഉൾപ്പെട്ട കമ്മിറ്റിയുടെ ആദ്യയോഗം **29/04/2022 11.00 A.M-ന്** **ഓൺലൈൻ** ആയി ചേരുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു. (മീറ്റിഗിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ഉടൻ അറിയിക്കുന്നതാണ്).

വിശ്വസ്തതയോടെ,
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.
പകർപ്പ്:-അഡീ:ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

I/5281954/2022

**മീറ്റിംഗ്- അടിയന്തരം**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

നം. ഇആർബി3/19/2021/തസ്വഭവ

20-05-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

1) സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

2) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ധനകാര്യ (റിസോഴ്സസ്) വകുപ്പ്

സർ,

വിഷയം:- തസ്വഭവ-സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച -കമ്മിറ്റി യോഗത്തിന്റെ മാറ്റിവച്ച തീയതിയും, സമയവും അറിയിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ)നം. 973/2022/തസ്വഭവ, തീയതി 19.04.2022 നമ്പർ ഉത്തരവ്.

.2.. 25.04.2022-ലെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സാക്ഷരതാമിഷൻ അതോറിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ചതുമായ സാക്ഷരതാ പ്രേരക്മാരുടെ നിയമനം, നിലവിലെ സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂചന (2) പ്രകാരം ചേരുവാൻ തീരുമാനിച്ച കമ്മിറ്റിയുടെ ആദ്യയോഗം **30/05/2022 തിങ്കളാഴ്ച വൈകുന്നേരം 3.00 മണിക്ക് ഓൺലൈൻ** ആയി ചേരുവാൻ തീരുമാനിച്ച വിവരം അറിയിച്ചുകൊള്ളുന്നു. (മീറ്റിംഗിൽ പങ്കെടുക്കുന്നതിനുള്ള ലിങ്കും വിശദമായ കുറിപ്പും ഉടൻ ലഭ്യമാക്കുന്നതാണ്.)

വിശ്വസ്തതയോടെ,
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

I/5292040/2022

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

നം. ഇആർബി3/19/2021/തസ്വഭവ
-

28-05-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

1) സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

2) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ധനകാര്യ (റിസോഴ്സസ്) വകുപ്പ്

സർ,

വിഷയം:- തസ്വഭവ-സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച -കമ്മിറ്റി യോഗം ചേരുന്നത് - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ)നം. 973/2022/തസ്വഭവ, തീയതി 19.04.2022 നമ്പർ ഉത്തരവ്.

2. 20.05.2022-ലെ ഈ വകുപ്പിന്റെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സാക്ഷരതാമിഷൻ അതോറിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ചതുമായ സാക്ഷരതാ പ്രേരക്മാരുടെ നിയമനം, നിലവിലെ സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂചന (2) പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ യോഗത്തിന് ആവശ്യമായ കുറിപ്പും, ലിങ്കും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Join Zoom Meeting.

Meeting ID: 820 4306 2240

Pass Code: 948050

വിശ്വസ്തതയോടെ,
BALUMAHENDRA B
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്:- അഡീ. ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

I/5298904/2022

"ഭരണഭാഷ- മാതൃഭാഷ" **കേരള സർക്കാർ**

നം. ഇആർബി3/19/2021/തസ്വഭവ. തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്
തിരുവനന്തപുരം
തിയതി: 03-06-2022

<u>അനൗദ്യോഗിക കുറിപ്പ്</u>

വിഷയം:- തസ്വഭവ-സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച -കമ്മിറ്റി യോഗം ചേരുന്നത് - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ) നം. 973/2022/തസ്വഭവ, തീയതി 19.04.2022 നമ്പർ ഉത്തരവ്.

സൂചനയിലേയ്ക്ക് പൊതുവിദ്യഭ്യാസ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രേരക്മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിലുണ്ടാകേണ്ട മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് ചുവടെ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥരമായി ഈ വകുപ്പിന് ലഭ്യമാക്കുവാൻ പ്രസ്തുത വകുപ്പിനോട് അഭ്യർത്ഥിക്കാവുന്നതുമാണ്.

1. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രേരക്മാർ ഉണ്ടോ?

2. പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകൾക്കായി കഴിഞ്ഞ മൂന്നു വർഷത്തെ വാർഷികച്ചെലവ് , (annual expenditure) അവർക്കു നല്കിയിട്ടുള്ള മറ്റാനുകൂല്യങ്ങൾ, അതിലേയ്ക്കായി ചെലവായ തുക സംബന്ധിച്ചുള്ള വിശദ വിവരം.

3. പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകൾക്കും മറ്റാനുകൂല്യങ്ങൾക്കുമായി കോർപ്പസ് ഫണ്ട് ( corpus fund) ഉണ്ടോ ? ഉണ്ടെങ്കിൽ ആരാണ് അത് കൈകാര്യം ചെയ്യുന്നത്. ഉണ്ടെങ്കിൽ ഈ ഫണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ?

4. പ്രേരക്മാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടി വരാറുണ്ടോ? ഉണ്ടെങ്കിൽ ആരാണ് നടപടി സ്വീകരിക്കുന്നത്.

5. പ്രേരക്മാരുടെ സ്ഥലംമാറ്റ വ്യവസ്ഥകൾ എന്തെല്ലാമാണ്?

6 . സാക്ഷരതാമിഷനു വേണ്ടിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയും പ്രേരക്മാരുടെ പ്രവർത്തന സമയം എത്ര മണിക്കൂറാണ് നിശ്ചയിച്ചിട്ടുള്ളത്

7. Daily report ( DR details) നു വേണ്ടി വികസിപ്പിച്ചെടുത്ത mobile app - ന്റെ വിശദ വിവരങ്ങൾ. പ്രസ്തുത mobile app — വഴി റിപ്പോർട്ട് ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ (ഉണ്ടെങ്കിൽ ആയത് )

8. ഓണറേറിയം തിട്ടപ്പെടുത്തുന്നതിന്റെ മാനദണ്ഡം.

9 . നിലവിൽ പ്രേരക്മാരുടെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്നതിന് എത്ര ജീവനക്കാർ ( സ്ഥിരം / താൽകാലികം) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിച്ചു വരുന്നു.

BALUMAHENDRA B
UNDER SECRETARY

പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

I/5346746/2022

<u>മീറ്റിംഗ്- അടിയന്തരം</u>

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

–

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

നം. ഇആർബി3/19/2021/തസ്വഭവ

12-07-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

1) സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ്

2) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി

ധനകാര്യ (റിസോഴ്സസ്) വകുപ്പ്

സർ,

വിഷയം:- തസ്വഭവ-സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച -കമ്മിറ്റി തീയതിയും, സമയവും അറിയിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ)നം. 973/2022/തസ്വഭവ, തീയതി 19.04.2022 നമ്പർ

ഉത്തരവ്.

2. 28.05.2022-ലെ ഈ വകുപ്പിന്റെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സാക്ഷരതാ മിഷൻ അതോറിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ചതുമായ സാക്ഷരതാ പ്രേരക്മാരുടെ നിയമനം, നിലവിലെ സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മിറ്റിയുടെ അടുത്ത യോഗം **15/07/2022 വെള്ളിയാഴ്ച വൈകുന്നേരം 4.00 മണിക്ക് ഓൺലൈൻ** ആയി ചേരുവാൻ തീരുമാനിച്ച വിവരം അറിയിച്ചുകൊള്ളുന്നു. മീറ്റിംഗിൽ പങ്കെടുക്കുന്നതിനുള്ള കറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (മീറ്റിംഗിന് ആവശ്യമായ ലിങ്ക് ഉടൻ ലഭ്യമാക്കുന്നതാണ്).

വിശ്വസ്തതയോടെ,
BALUMAHENDRA B
UNDER SECRETARY
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

I/5348960/2022

**"ഭരണഭാഷ- മാതൃഭാഷ"** **കേരള സർക്കാർ**

നം. ഇആർബി3/19/2021/തസ്വഭവ. തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

തിരുവനന്തപുരം

തിയതി: 13-07-2022

അനൗദ്യോഗിക കുറിപ്പ്

വിഷയം:- തസ്വഭവ —സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം- സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച — കമ്മിറ്റി യോഗം ചേരുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതു - സംബന്ധിച്ച്.

സൂചന:- 1.19.04.2022 സ.ഉ (സാധാ) നം973/2022/തസ്വഭവ. നമ്പർ ഉത്തരവ്,

2. 03/06/2022 ലെ ഈ വകുപ്പിന്റെ ഇതേ നമ്പർ അനൗദ്യോഗിക കുറിപ്പ്.

സൂചനയിലേക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും സാക്ഷരതാമിഷൻ അതോറിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ചതുമായ സാക്ഷരതാ പ്രേരക്മാരുടെ നിയമനം , സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സൂചന (1) പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ യോഗാവശ്യത്തിലേയ്ക്കായി മിഷന്റെ വരുമാന സ്രോതസ്സുകളും ,അവയുടെ പ്രവർത്തന രീതിയും, ഇൻഷുറൻസ് ESI സ്കീം ഫണ്ട് ഏതിൽ നിന്നാണ് മീറ്റ് ചെയുന്നത് എന്നതുൾപ്പെടെ ഉള്ള വിവരങ്ങൾ കൂടി അടിയന്തരമായി ഈ വകുപ്പിന് ലഭ്യമാക്കുവാൻ പ്രസ്തുത വകുപ്പിനോട് അഭ്യർത്ഥിക്കാവുന്നതുമാണ്.

BALUMAHENDRA B
UNDER SECRETARY

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

നം. ഇആർബി3/19/2021/തസ്വഭവ

14-07-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

1) സെക്രട്ടറി,, പൊതുവിദ്യാഭ്യാസ വകുപ്പ്

2) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി,ധനകാര്യ (റിസോഴ്സസ്) വകുപ്പ്

സർ,

വിഷയം:- തസ്വഭവ-സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച -കമ്മിറ്റി യോഗത്തിന്റെ മാറ്റിവച്ച തീയതിയും, സമയവും അറിയിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 1 . സ.ഉ.(സാധാ)നം.973/2022/തസ്വഭവ,തീയതി 19.04.2022 നമ്പർ ഉത്തരവ്.

2. 12.07.2022 ലെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സാക്ഷരതാ പ്രേരക്മാരുടെ നിയമനം, നിലവിലെ സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂചന (2) പ്രകാരം ചേരുവാൻ തീരുമാനിച്ച കമ്മിറ്റിയുടെ മാറ്റിവച്ച യോഗം **18/07/2022 തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് ഓൺലൈൻ** ആയി ചേരുവാൻ തീരുമാനിച്ച വിവരം അറിയിച്ചുകൊള്ളുന്നു. (മീറ്റിംഗിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ഉടൻ ലഭ്യമാക്കുന്നതാണ്).

വിശ്വസ്തതയോടെ,
BALUMAHENDRA B
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

I/5350260/2022

സെക്ഷൻ ഓഫീസർ.

I/5407308/2022

29-08-2022,തിരുവനന്തപുരം

## കുറിപ്പ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ച സാക്ഷരതാ പ്രേരക്മാരുടെ നിയമനം, സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ക്യാബിനറ്റ് തീരുമാനപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശകളിൻ തീരുമാനമെടുക്കുന്നതിനായി **30.08.2022 ന് ഉച്ചയ്ക്ക് 11.30 ന് നിയമസഭാ മന്ദിരത്തിൽ** യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. യോഗം സംബന്ധിച്ച വിവരം ബഹു. ധനകാര്യവകുപ്പ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി അഭ്യർത്ഥിക്കുന്നു.

യോഗാവശ്യത്തിനുള്ള കുറിപ്പും അതൊടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് 18.08.2022 ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച് ചേർത്ത് മീറ്റിംഗിന്റെ മിനിട്ട്സും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

PREETHA K S
ADDITIONAL SECRETARY

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

I/5407316/2022

MEETING-URGENT

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

നം. ഇആർബി3/19/2021/ത.സ്വ.ഭ.വ. 29-08-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

1) പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

2) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ധനകാര്യ (റിസോഴ്സസ്) വകുപ്പ്

സർ,

വിഷയം:- ത.സ്വ.ഭ.വ. - സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർ വിന്യാസം - സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച - കമ്മിറ്റിയുടെ ശിപാർശകൾ - സംബന്ധിച്ച്.

സൂചന:- സ.ഉ. (സാധാ)നം. 973/2022/തസ്വഭവ, തീയതി 19.04.2022 നമ്പർ

ഉത്തരവ്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ച സാക്ഷരതാ പ്രേരക്മാരുടെ നിയമനം, സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കാബിനറ്റ് തീരുമാനപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശകളിൻമേൽ തീരുമാനമെടുക്കുന്നതിനായി 30.08.2022 ന് ഉച്ചയ്ക്ക് 11.30 ന് നിയമസഭാ മന്ദിരത്തിൽ **ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ** യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.പ്രസ്തുത യോഗത്തിൽ പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു.

യോഗാവശ്യത്തിനുള്ള കുറിപ്പും അതോടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് 18.08.2022 ന് 12 മണിക്ക് തസ്വഭവ അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച് ചേർത്ത് മീറ്റിംഗിന്റെ മിനിട്ട്സും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
PREETHA K S
ADDITIONAL SECRETARY
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

29-08-2022,തിരുവനന്തപുരം

**കുറിപ്പ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ച സാക്ഷരതാ പ്രേരക്മാരുടെ നിയമനം, സേവനവേതന വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ക്യാബിനറ്റ് തീരുമാനപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശകളിൻമേൽ തീരുമാനമെടുക്കുന്നതിനായി **30.08.2022 ന് ഉച്ചയ്ക്ക് 11.30 ന് നിയമസഭാ മന്ദിരത്തിൽ** ബഹു:തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ഒരു യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വിവരം ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി അഭ്യർത്ഥിക്കുന്നു.

യോഗാവശ്യത്തിനുള്ള കുറിപ്പും അതൊടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് 18.08.2022 ന് 12 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച് ചേർത്ത് മീറ്റിംഗിന്റെ മിനിട്ട്സും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

PREETHA K S
ADDITIONAL SECRETARY

ബഹു. വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

## File No.LSGD-ERB3/19/2021-LSGD

**<u>സാക്ഷരത മിഷൻ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്നതാണ് എന്ന ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് 14.07.2021 രാവിലെ 10.00 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച് ചേർത്ത മീറ്റിംഗിന്റെ മിനിട്സ്.</u>**

യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

**വീഡിയോ കോൺഫറൻസ് രാവിലെ 10.15 മണിക്ക് ആരംഭിച്ചു.**

സാക്ഷരതാ മിഷന് 18 കോടി രൂപ വകയിരുത്തുന്നുവെന്നും പ്രേരക് മാരെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് പുനർ വിന്യസിക്കുന്നതാണെന്നും ഇവരുടെ അലവൻസ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി ലഭ്യമാക്കും എന്ന 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി താഴെപറയുന്ന കാര്യങ്ങളിൽ ഒരു വ്യക്തത ഉണ്ടാകണം എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി പറഞ്ഞു.

1. നിലവിൽ സാക്ഷരത മിഷൻ പ്രേരക്മാരുടെ സേവനവും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ്.
2. നിലവിൽ ആരുടെ അധികാരപരിധിയിലാണ് പ്രേരക്മാർ ജോലി ചെയ്യുന്നതും അവരെ നിയമിക്കുന്നതും.
3. പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുമ്പോൾ എന്തായിരിക്കും പ്രേരക്മാരുടെ ഉത്തരവാദിത്വങ്ങളും സേവനങ്ങളും, നിബന്ധനകളും.
4. പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുമ്പോൾ സാക്ഷരത മിഷനുമായി ഇവർക്കുള്ള ബന്ധം എന്തായിരിക്കും.

**<u>സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്</u>**

സാക്ഷരതാമിഷനു വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും 12 മുതൽ 17 കോടി രൂപ വരെയാണ് ഓരോ വർഷവും നീക്കി വെച്ചുകൊണ്ടിരിക്കുന്നത്. അതിൽ പ്രേരക്മാർക്കുള്ള ഓണറേറിയവും മിഷൻ പ്രവർത്തനത്തിനുള്ള തുകയും ഉൾപ്പെട്ടും നിലവിൽ സാക്ഷരത ക്യാമ്പയിൻ പ്രവർത്തനങ്ങൾ കൂടാതെ സാക്ഷരതമിഷൻ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് equivalency programme (തുല്യത പരീക്ഷകൾ) ഉം സ്പെഷ്യൽ സാക്ഷരത പ്രോഗ്രാമുകൾ, എസ്.സി/ എസ്.ടി വിഭാഗങ്ങൾക്കും ട്രാൻസ് ജൻഡർ വിഭാഗങ്ങൾക്കുമുള്ള പ്രോഗ്രാമുകൾ, പരിസ്ഥിതി സാക്ഷരത തുടങ്ങി പ്രോഗ്രാമുകളാണ് പ്രേരക്മാർ ചെയ്യുന്നത് എന്നും കഴിഞ്ഞ മൂന്ന വർഷം മുമ്പ് വരെ ഇവരുടെ ഓണറേറിയം മൂന്നിരട്ടിയാക്കി വർദ്ധിപ്പിച്ചത് കാരണം തനത് പ്ലാൻഫണ്ട് ഇവരുടെ ഓണറേറിയം കൊടുക്കാൻ പോലും തികയാത്ത സാഹചര്യമാണ് നിലവിലുള്ളത്. 2017-ൽ ഓണറേറിയം വർദ്ധിപ്പിച്ചപ്പോൾ നോൺപ്ലാൻ ഇനത്തിൽ ഒരു ഹെഡ് ഓഫ് അക്കൗണ്ട് നൽകണം എന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അത് നൽകിയിരുന്നില്ല.

**<u>ധനകാര്യ വകുപ്പ്</u>**

ഈ വിഷയത്തിൽ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചാൽ ഉണ്ടാകുന്ന അധിക ചെലവ് കണ്ടെത്താൻ ആകുമോ എന്ന ചോദ്യത്തിന് ബഡ്ജറ്റ് പ്രഖ്യാപിച്ചതാണെങ്കിൽ അത് കണ്ടെത്താനാകും എന്ന് ധനകാര്യ വകുപ്പ് പ്രതിനിധി പറഞ്ഞു.

**<u>പൊതുവിദ്യാഭ്യാസ വകുപ്പ്</u>**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാക്ഷരത മിഷൻ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുമ്പോൾ ഇവർ ചെയ്യേണ്ടുന്ന സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന്

ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായപ്പോൾ തന്നെ ഇത് സംബന്ധിച്ചുള്ള വിശദമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കണമെന്ന് സാക്ഷരത മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ട് നാളിതുവരെ ലഭിച്ചിട്ടില്ല എന്നാൽ ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായ ഉടൻ തന്നെ ഇക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ട് മിഷൻ നിരവധി തവണ കത്തയച്ചതായി പിന്നീട് മിഷൻ ഡയറക്ടർ വ്യക്തമാക്കുകയുണ്ടായി.

തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലേക്ക് പ്രേരക്മാരെ പുനർ വിന്യസിക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത എത്രയെന്ന് കണക്കാക്കേണ്ടതാണ് എന്നും അത് നിലവിൽ ചെയ്തു വരുന്നത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ട് വഴിയല്ലേ എന്നും നിലവിൽ ഇവരെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി വിന്യസിക്കുമ്പോൾ ഓണറേറിയവും ഫണ്ടിനങ്ങളും തദ്ദേശസ്ഥാപനങ്ങൾ വഴിയല്ലേ നടത്തേണ്ടി വരികയെന്നും സാക്ഷരത, തുല്യത, പരിസ്ഥിതി സഹകരണ പ്രോഗ്രാം എല്ലാം തദ്ദേശസ്ഥാപനങ്ങൾ വഴിയല്ലേ നടത്തേണ്ടതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ആരാഞ്ഞു.

<u>സാക്ഷരത മിഷൻ ഡയറക്ടർ</u>

സാക്ഷരത മിഷൻ പ്രേരക്മാർക്ക് 2 0 1 7 ലാണ് ഓണറേറിയം വർദ്ധനവ് ലഭിച്ചത്. അത് ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെയല്ല. ഒരു സർക്കാർ ഉത്തരവിലൂടെ ആയിരുന്നു. അതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തില്ല എന്നും ആ തുക സാക്ഷരത മിഷൻ കണ്ടെത്തണം എന്നും പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. ഓണറേറിയം ദിവസവേതന അടിസ്ഥാനത്തിൽ ആണെന്നും 60% സർ ക്കാരും 40% മിഷന്റെ തനത് ഫണ്ടിൽ നിന്നും ആണ് കണ്ടെത്തേണ്ടതെന്നും പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. അതിനുമുമ്പ് തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകുകയും പിന്നീട് മിഷനിൽ നിന്നും ഓരോ വർഷവും തിരികെ നൽകുകയുമാണ് ചെയ്തു വന്നിരുന്നത്. ചില തദ്ദേശസ്ഥാപനങ്ങളിൽ തനത് ഫണ്ട് മതിയാകാതെ വന്നിട്ടുള്ള സാഹചര്യത്തിൽ ചില പ്രേരക്മാർക്ക് വർഷങ്ങളോളം ഓണറേറിയം ലഭിക്കാതെ വന്നിട്ടുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പ്രസ്തുത ഫണ്ട് മിഷന് നേരിട്ട് സർക്കാർ നൽകുകയാണെങ്കിൽ ഓണറേറിയം നേരിട്ട് മിഷൻ തന്നെ പ്രേരക്മാർക്ക് നൽകിക്കൊള്ളാം എന്ന് മിഷൻ സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് ഇറങ്ങിയിട്ടുള്ളത്. ഓണറേറിയം 1800, 2800, 2900 എന്ന നിലയിൽ മൂന്ന് കാറ്റഗറിയിൽ ആയിരുന്നു ഉണ്ടായിരുന്നത് അത് 10500, 12000,15000 എന്നിങ്ങനെയാണ് വർദ്ധിപ്പിച്ചത് (ദിവസവേതന അടിസ്ഥാനത്തിലാണ്) . അതിനുശേഷം ധനകാര്യമന്ത്രി മിഷൻ ഡയറക്ടറുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് ടാർജറ്റ് നിശ്ചയിക്കണം എന്ന് പറയുകയുണ്ടായി. അതിന് രേഖയൊന്നുമില്ല. പഞ്ചായത്ത് തലത്തിൽ പ്രേരക്മാരുടെ എണ്ണം 2010 ഓളം ഉണ്ടായിരുന്നു. ഇപ്പോൾ അത് 1796 ആയി കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞ 5 വർഷമായി പ്രേരക്മാരെ ആരേയും പുതിയതായി നിയമിച്ചിട്ടില്ല. കൂടാതെ ഏതെങ്കിലും പഞ്ചായത്തിൽ പ്രേരക്മാർ ഇല്ലെങ്കിൽ തൊട്ടടുത്ത പഞ്ചായത്തിൽ ഒന്നിലധികം പ്രേരക്മാർ ഉണ്ടെങ്കിൽ അവരെ ഇല്ലാത്ത സ്ഥലത്തേക്ക് വിന്യസിക്കണം എന്ന് ധനകാര്യമന്ത്രി പറഞ്ഞിരുന്നു.

അതനുസരിച്ചാണ് അധികസാമ്പത്തിക ബാദ്ധ്യത ഉണ്ടാകാതെ തന്നെ ഒരു പുനർവിന്യാസം സാക്ഷരത മിഷൻ 2017-ൽ തന്നെ നടത്തിയിരുന്നത്. ഇപ്പോൾ എല്ലാ പഞ്ചായത്തിലും സാക്ഷരത മിഷൻ പ്രേരക്മാർ ഉണ്ട്. ചിലയിടത്ത് ഒന്നിൽ കൂടുതൽ പേരുണ്ട്. അങ്ങനെയാണ് 1796 പേർ നിലവിലുള്ളത്. നിയമന അധികാരി മിഷൻ ഡയറക്ടറും നിയമന നടപടികൾ സ്വീകരിക്കുന്നത് തദ്ദേശസ്വയംഭരണ അധികാരികളുമാണ് ഇവരെ തെരഞ്ഞെടുത്തതിന് ശേഷം മിഷൻ നിയമന അംഗീകാരം നൽകുകയാണ് പതിവ്. ഇവർക്ക് ഒരു വിരമിക്കൽ പ്രായപരിധി ഉണ്ടായിരുന്നില്ല. ഓണറേറിയം വർദ്ധിപ്പിച്ച ഉത്തരവ് വന്നതിന് ശേഷം മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി ഇവരുടെ വിരമിക്കൽ പ്രായം 60 വയസ്സായി നിശ്ചയിക്കുകയുണ്ടായത്. വിവിധ പ്രോജക്ടുകൾ നടപ്പാക്കാനാണ് ഇവരെ നിയമിച്ചിരുന്നത് തുടക്കത്തിൽ മിഷന് സാക്ഷരത മാത്രമേ ഉണ്ടായിരുന്നുള്ളു പിന്നീട് തുടർ വിദ്യാഭ്യാസവും പിന്നീട് 12-ാം ക്ലാസ്സ് വരെയുള്ള തുല്യത കോഴ്സുകളും മൂന്ന് സർട്ടിഫിക്കറ്റ് കോഴ്സുകളും സാക്ഷരത മിഷൻ നടത്തുന്നുണ്ട്. കൂടാതെ സാമൂഹിക, പരിസ്ഥിതി സാക്ഷരത എന്നീ പ്രോജക്ടുകളും നടത്തുന്നുണ്ട്. ഇതിന്റെ ഒക്കെ കോ-ഓർഡിനേറ്റർമാരായി പഞ്ചായത്തുകളിൽ

ജോലി ചെയ്യുക എന്നതാണ് ഇവരുടെ ചുമതല. ഓണറേറിയം വർദ്ധിപ്പിച്ചതിന് ശേഷമാണ് സാമൂഹിക സാക്ഷരത, പരിസ്ഥിതി സാക്ഷരത എന്നിവ പോലുള്ള അധിക പ്രോജക്ടുകൾ ഇവരെ ഏൽപ്പിച്ചിരുന്നത് അതിനു മുമ്പ് സാക്ഷരത മാത്രം ആയിരുന്നു പ്രേരക്മാരുടെ ചുമതല. ഒപ്പം അവർ പഞ്ചായത്തിലുള്ള മറ്റ് പല ജോലികളും ചെയ്യുന്നുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. അതിന് രേഖകൾ ഒന്നും തന്നെയില്ല. സർക്കാരിന്റെ വിഹിതമായ 60% ഓണറേറിയത്തിന് തന്നെ ഒരു വർഷം 21 കോടി രൂപ വേണ്ടി വരും എന്നാൽ ഓരോ വർഷവും മിഷന് ആകെ ലഭിക്കുന്നത് പതിനേഴോ പതിനെട്ടോ കോടി രൂപ മാത്രമായിരിക്കും. ബാക്കി തുക Additional Authorization മുഖേന ലഭ്യമാക്കുകയാണ് പതിവ്. എന്നാൽ കഴിഞ്ഞ വർഷം (2020-21) Additional Authorization ലഭിച്ചിട്ടില്ല. ആയതിനാൽ 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെ തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ തനത് ഫണ്ടിൽ നിന്നും 2017 ന് മുമ്പ് കൊടുത്തിരുന്ന രീതിയിൽ കൊടുക്കുകയുമാണ് ഉണ്ടായിരുന്നത്. പിന്നീട് Additional Authorization ലഭിക്കുമ്പോൾ എൽ.എസ്.ജി.ഐ ക്ക് തിരികെ നൽകാനുമാണ് ഉദ്ദേശിച്ചിരുന്നത് എന്നാൽ ആവശ്യപ്പെട്ട അധികതുക സർക്കാരിൽ നിന്നും ലഭിച്ചിരുന്നില്ല.

പ്ലാൻ ഫണ്ട് മാത്രമേ സാക്ഷരത മിഷനുള്ളൂ. നോൺ സാലറി ഹെഡിൽ നിന്നാണ് ഓണറേറിയം നൽകുന്നത് . എൽ.എസ്.ജി.ഐ ലേക്ക് വിന്യസിച്ചു കഴിഞ്ഞാൽ പ്രത്യേകം ഒരു ഹെഡ് ഓഫ് അക്കൗണ്ട് ത.സ്വ.ഭ.വകുപ്പിന് അനുവദിക്കേണ്ടി വരും..

പ്രേരക്മാരുടെ വർക്ക് അസസ്സ്മെന്റ് നടത്തി റിപ്പോർട്ട് ചെയ്യുന്നത് എൽ.എസ്.ജി.ഐ അധികാരികളാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഓണറേറിയം നൽകുന്നത്. ടാർജറ്റ് ഫിക്സ് ചെയ്തതിന് ശേഷമാണ് ഇവർ ജനുവരി മുതൽ മാർച്ച് വരെ രജിസ്ട്രേഷൻ ജോലികൾ നടത്തുന്നതും ഏപ്രിൽ മുതൽ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുന്നത്. സാക്ഷരത മാത്രം പ്രേരക്മാർ ചെയ്യുമ്പോൾ മറ്റ് വിദ്യാഭ്യാസ പ്രോജക്ടുകൾ അതാത് പ്രദേശങ്ങളിലെ വിദ്യാസമ്പന്നരായ ഇൻസ്ട്രക്ടർമാരെ കൊണ്ടാണ് ചെയ്യിക്കുന്നത് (തീരദേശം, ആദിവാസി മേഖലകൾ) കഴിഞ്ഞ 4 മാസം (2020 ഡിസംബർ മുതൽ 2021 മാർച്ച് വരെ) മിഷൻ അറിയിച്ച തുക ആണ് തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ തനത് ഫണ്ടിൽ നിന്നും കൊടുക്കുന്നത്.

സാക്ഷരതയിൽ പ്രേരക്മാർക്ക് ജോലിയുണ്ട്. തുല്യത കോഴ്സുകളിൽ ഇവർക്ക് ജോലിയില്ല, അത് ഇൻസ്ട്രക്ടർമാരാണ് ചെയ്യുന്നത്. പരിസ്ഥിതി, സാമൂഹിക സാക്ഷരത എന്നിവയിൽ പ്രേരക്മാർക്ക് പരിശീലനം നൽകി ഇവരെ റിസോഴ്സ് പേഴ്സൺസ് ആയി ഉപയോഗിക്കുന്നുണ്ട്. കൂടാതെ ഇൻസ്ട്രക്ടർമാരെ ബന്ധപ്പെടുന്നതും കോർഡിനേറ്റ് ചെയ്യുന്നതും പ്രേരക്മാരാണ്. നിലവിൽ എൽ.എസ്.ജി.ഐ തലങ്ങളിൽ ഉള്ള Awareness Programme കോ-ഓർഡിനേറ്റർമാരായി ഇവരുടെ പ്രവർത്തനം നടക്കുന്നുണ്ട്.

എൽ.എസ്.ജി.ഐ അധികാരികൾ ആണ് ഇത് മോണിട്ടർ ചെയ്ത് അസ്സസ്സ്മെന്റ് നടത്തി സ്റ്റേറ്റ്മെന്റ് software-ൽ upload ചെയ്ത് മിഷന് സമർപ്പിക്കുന്നത്. ഈ രീതി തുടരണം എന്ന് തന്നെയാണ് മിഷൻ ശുപാർശ ചെയ്യുന്നത്.

സാധാരണയായി പ്രേരക് ഓണറേറിയത്തിനായി ഫണ്ട് അനുവദിക്കാറില്ല . മിഷന് അനുവദിക്കുന്ന ഫണ്ടിൽനിന്ന് തന്നെയാണ് ഇതിനുള്ള തുക കണ്ടെത്തുന്നത്.അത് ഏകദേശം 8 കോടി രൂപയോളം വരും. സാക്ഷരതാമിഷൻ പ്രൊപ്പോസ് ചെയ്തത് അനുസരിച്ചല്ല 2021 ബഡ്ജറ്റിൽ ഈ പ്രഖ്യാപനം ഉണ്ടായിട്ടുള്ളത്. നിലവിൽ ഇൻഷ്വറൻസ്, ചികിത്സാ സഹായം, മരണാനന്തര സഹായം തുടങ്ങിയ സഹായങ്ങൾ നൽകുന്നത് മിഷൻ ഫണ്ടിൽ നിന്ന് തന്നെയാണ്. തദ്ദേശ സ്ഥാപനങ്ങളിലേക്ക് വിന്യസിക്കുകയാണെങ്കിൽ അത് എൽ.എസ്.ജി.ഐ തന്നെ വഹിക്കേണ്ടി വരും.

**അഡീഷണൽ ചീഫ് സെക്രട്ടറി**

സാക്ഷരതാ മിഷൻ പ്രവർത്തനം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തതിന് ശേഷം

അതിനുവേണ്ടി വരുന്ന ചെലവ് മറ്റൊരു ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും Recoup ചെയ്ത് എടുക്കുക എന്നത് ദുഷ്കരമാണ്. നാല് മാസം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓണറേറിയം തനത് ഫണ്ടിൽ നിന്നും ആണ് കൊടുത്തത്.

18 കോടി രൂപ സാക്ഷരതാ മിഷന് അനുവദിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്മേൽ ഒരു കാബിനറ്റ് തീരുമാനം ആവശ്യമാണ്.അതിനായി സാക്ഷരതാ മിഷൻ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പിന് വിശദമായ ഒരു concept നോട്ട് തയ്യാറാക്കി നൽകേണ്ടതാണ്.പ്രസ്തുത നോട്ടിൽ പ്രേരക്മാരുടെ ഓണറേറിയം സംബന്ധിച്ച നിലവിലെ വ്യവസ്ഥ , പുനർ വിന്യസിച്ചതിനുശേഷം വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ,തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന അധിക ബാധ്യത,ഇൻഷ്വറൻസ്,ചികിത്സാ ധനസഹായം , മരണാനന്തര സഹായങ്ങൾ തുടങ്ങിയ ചെലവുകൾ എങ്ങനെ വഹിക്കും തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.നോട്ട് ലഭിച്ചതിനുശേഷം പൊതു വിദ്യാഭ്യാസ / ധനകാര്യ വകുപ്പുകളുമായി കൂടിയാലോചിച്ച് പുനർവിന്യാസം സംബന്ധിച്ച അന്തിമ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്. ഇപ്രകാരം ഒരു തീരുമാനം എടുക്കുന്നതുവരെ പ്രേരക്മാരുടെ 2021 ഏപ്രിൽ മുതലുള്ള ഓണറേറിയം നിലവിലുള്ള രീതിയിൽ മിഷന്റെ 2021-ലെ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

ഈ തീരുമാനത്തിനോട് എല്ലാവരും യോജിച്ചു.

യോഗം 11.30-ന് അവസാനിച്ചു.

<u>14.07.2021-ലെ യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക</u>

1. ഡോ:പി.എസ്.ശ്രീകല, ഡയറക്ടർ, കേരള സാക്ഷരത മിഷൻ അതോറിറ്റി
2. ശ്രീ.പ്രദീപ്കുമാർ.ആർ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
3. ശ്രീ.സക്കീർ ഹുസൈൻ, ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ഡോ:ബിന്ദു.പി.വർഗ്ഗീസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
5. ശ്രീ.ബി.കെ.ബൽരാജ്, ജോയിന്റ് ഡയറക്ടർ, അർബൻ ഡയറക്ടറേറ്റ്
6. ശ്രീ.അജിത് കുമാർ, അഡീഷണൽ ഡയറക്ടർ,പഞ്ചായത്ത് ഡയറക്ടറേറ്റ്
7. ശ്രീമതി.പ്രീത.കെ.എസ്, ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
8. ശ്രീ.ബാലുമഹേന്ദ്ര.ബി, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

**<u>സാക്ഷരത മിഷൻ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് 18.07.2022-ന് ഉച്ചയ്ക്ക് 12.00 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച് ചേർത്ത മീറ്റിംഗിന്റെ മിനിട്സ്.</u>**

യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

വീഡിയോ കോൺഫറൻസ് ഉച്ചയ്ക്ക് 12.00 മണിക്ക് ആരംഭിച്ചു.

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം യോഗത്തിന്റെ ആമുഖമായി വിഷയത്തിന്റെ പശ്ചാത്തലം പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിക്കുകയും, 07.06.2022-ൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാക്ഷരതാ പ്രേരക്മാരുടെ 1) Roles & Responsibilities 2) Financial Disbursement 3) മറ്റ് ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗികമായ അഭിപ്രായം തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ളതായി അറിയിക്കുകയും ചെയ്തു.

1796 പ്രേരക്മാർക്ക് മൂന്ന് തരത്തിലുള്ള wage pattern ആണ് നിലവിലുള്ളത് എന്നും ഇവരുടെ പുനർവിന്യാസത്തിനു ശേഷവും ഒന്നിലേറെ പ്രേരക് ഉള്ളതും, ഒറ്റ സാക്ഷരതാ പ്രേരക് പോലും ഇല്ലാത്ത എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടെന്നും അറിയിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെടുകയും, കൂടുതൽ പ്രേരക്മാർ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രേരക്മാരുടെ ആവശ്യം കണക്കിലെടുത്ത് കൊണ്ട് പുനർവിന്യാസം നടത്തേണ്ടതാണെന്നും ഒരു പ്രേരക് പോലും ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനം ഉണ്ടാകുന്ന സ്ഥിതിവിശേഷം പാടില്ല എന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇത്തരത്തിൽ പുനർ വിന്യസിക്കപ്പെടേണ്ട സാക്ഷരതാ പ്രേരകരെ സംബന്ധിച്ചുള്ള വ്യക്തമായ കണക്ക് നിലവിൽ ലഭ്യമല്ലെന്നും ആയത് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ എത്തിക്കാമെന്നും സാക്ഷരതാ മിഷൻ ഡയറക്ടർ അറിയിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രവർത്തനങ്ങളുമായി സമാന സ്വഭാവമുള്ള ജോലികളാണ് പ്രേരക്മാർക്ക് ചെയ്യേണ്ടി വരുന്നത്. ഇത്തരം ഘടക സ്ഥാപനങ്ങളിൽ Dual Control ഉണ്ടെങ്കിലും ഘടക സ്ഥാപനങ്ങളാണ് ഇത്തരം ജീവനക്കാർക്ക് ശമ്പളം നൽകിവരുന്നത് എന്ന വ്യത്യാസമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനോടൊപ്പം മാതൃവകുപ്പിലെ ജോലി കൂടി ഇവർ നിർവ്വഹിക്കേണ്ടതാണ്. ഇവരുടെ എസ്റ്റാബ്ലിമെന്റ്, അച്ചടക്ക നടപടികൾ അവരുടെ വകുപ്പുകളിലാണ് നിലനിർത്തിയിരിക്കുന്നത്.

ഔപചാരിക സംവിധാനത്തിൽ അല്ലാതെ ഓണറേറിയം അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ആശാ വർക്കർമാരുടെയും അംഗൻവാടി പ്രവർത്തകരുടെയും പ്രവർത്തനം സാക്ഷരതാ പ്രേരകരുമായി സമാനതകളുണ്ടെങ്കിലും അവർ കേന്ദ്ര ഫണ്ടിന്റെ

അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ആശാ വർക്കർമാരുടെയും അംഗൻവാടി പ്രവർത്തകരുടെയും കാര്യത്തിൽ Appointment Authority എന്ന നിലയിൽ വകുപ്പ്/മിഷൻ തുടരുന്നുവെങ്കിലും അവരുടെ ഭരണ നിയന്ത്രണം, ഫീൽഡ് പ്രവർത്തനം എന്നിവ തദ്ദേശസ്വയംഭരണ വകുപ്പിനാണ്. ഇവരുടെ പ്രവർത്തനത്തിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൽ നിന്ന് രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിലൂടെയാണ് ഇൻഷ്വറൻസ്, ചികിത്സാ ധനസഹായം തുടങ്ങിയ കണ്ടിജന്റ് ചെലവുകൾ വഹിച്ച് വരുന്നത്. എന്നാൽ ഉറപ്പായ കേന്ദ്ര സഹായമില്ലാത്തതിനാൽ ഈ രീതി പ്രേരക്മാരുടെ കാര്യത്തിൽ സാധ്യമല്ല. മാത്രമല്ല ഇത്രയും ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ ഏറ്റെടുക്കാൻ നിലവിലെ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് സാധിക്കുകയുമില്ല എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

തുടർന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം വായിച്ച ശേഷം പ്രേരക്മാർക്ക് ഓണറേറിയം ഇനത്തിൽ നൽകേണ്ടി വരുന്ന തുകയും ബഡ്ജറ്റിൽ വകയിരുത്തിയ തുകയും തമ്മിലുള്ള അന്തരം അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാണിച്ചു. വേതന ഇനത്തിൽ 26,44,02,000/- രൂപ ആവശ്യമായി വരുമ്പോൾ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക 18 കോടി മാത്രമാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടി കാണിച്ചു. ആയതിന് 18 കോടി രൂപ സാലറി ഇനത്തിൽ മാത്രമുള്ളതല്ല എന്നും 8 കോടി മാത്രമാണ് salary component എന്നും ബാക്കിയുള്ളത് മിഷന്റെ മറ്റ് പ്രവർത്തനങ്ങൾക്കുള്ളതാണെന്നും പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. സാക്ഷരതാ മിഷന് ലഭ്യമാക്കുന്ന ഫണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാമോ എന്നും, അധികതുക അനുവദിക്കാൻ കഴിയുമോ എന്നുമുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിൽ തടസ്സമില്ലായെന്നും അധികമായി ആവശ്യമുള്ളത് നാമമാത്രമായ തുക ആണെങ്കിൽ അധിക ധനാനുമതി മുഖാന്തരം അനുവദിക്കാവുന്നതാണെന്നും ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ (റിസോഴ്സ്) വകുപ്പ് വ്യക്തമാക്കി.

നിലവിലെ സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം നിശ്ചയിക്കുന്ന രീതിയിൽ ഒട്ടനവധി ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും നിലവിൽ സംസ്ഥാന സാക്ഷരതാ മിഷൻ നൽകി വരുന്ന ഇൻഷ്വറൻസ് സ്കീമും മറ്റ് ചികിത്സ മരണാനന്തര ചെലവുകളും പുനർവിന്യാസത്തിനുശേഷം എങ്ങനെ വഹിക്കണം എന്നതിൽ വ്യക്തത വരുത്തണം എന്നും അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

40% തനത് ഫണ്ട് എന്നത് പ്രേരക്മാരുടെ 40% ഓണറേറിയത്തിന് മാത്രമല്ല, പാഠപുസ്തകങ്ങളുടെ അച്ചടി, സെമിനാർ, അദ്ധ്യാപക, അനദ്ധ്യാപകരുടെ ട്രെയിനിംഗ്, അദ്ധ്യാപകരുടെ ഓണറേറിയം തുടങ്ങിയവയും, ജീവനക്കാരുടെയും, പ്രേരക്മാരുടെയും ചികിത്സാധനസഹായം, മരണാനന്തര സഹായം എന്നിവയും കൂടി ഉൾപ്പെട്ടതാണെന്ന് സാക്ഷരതാ മിഷൻ ഡയറക്ടർ അറിയിച്ചു. പ്രേരക്മാരുടെയും ചികിത്സാധനസഹായം, മരണാന്തര സഹായം എന്നിവ സാക്ഷരതാ മിഷനിൽത്തന്നെ നിലനിർത്തുകയാണെന്ന് യോഗം തീരുമാനിച്ചു.

തുടർന്ന് സംസാരിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

പുനർവിന്യസിക്കപ്പെട്ട പ്രേരക്മാർക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് വേതനം നൽകുന്നതെങ്കിൽ മിഷൻ ജില്ലാതല ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഹാജരാക്കണം എന്ന നിബന്ധന വയ്ക്കണം എന്നും ഇവർ ചെയ്യുന്ന ജോലിയുടെ വിലയിരുത്തൽ നടത്താതെ ഓണറേറിയം നൽകുന്ന അവസ്ഥ ഉണ്ടായാൽ അത് സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നും അഭിപ്രായപ്പെട്ടു.

ഓണറേറിയത്തിന്റെ നിരക്ക് അനുസരിച്ച് കണക്ക് കൂട്ടിയാൽ പ്രേരക്മാർക്ക് പൂർണ്ണമായി തുക അനുവദിക്കുന്നതിന് 22 കോടിയോളം രൂപ ആവശ്യമായി വരുമെന്നും ബഡ്ജറ്റ് allocation കഴിച്ച് ഉണ്ടാകുന്ന കുറവ് എപ്രകാരം കണ്ടെത്തുമെന്ന് ചിന്തിക്കേണ്ടതുണ്ടെന്നും, സാക്ഷരതാ മിഷൻ അറിയിച്ചിട്ടുള്ള പ്രകാരം ഓണറേറിയം performance based ആയിരിക്കണം എന്ന പക്ഷം 75% തുക തദ്ദേശസ്വയംഭരണ വകുപ്പ് നൽകാവുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. അത്തരത്തിൽ 75% നിശ്ചിത വേതനമായി നൽകുന്നതിന് ആവശ്യമായ 16.5 കോടി രൂപയിൽ 8 കോടി ബഡ്ജറ്റ് വിഹിതവും 8 . 5 കോടി അധിക വിഹിതവും ആയി അനുവദിക്കുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ബാക്കി 5.5 കോടി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നൽകുകയും ചെയ്യാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഇത്തരത്തിൽ ധനവകുപ്പ് അധികതുക അനുവദിച്ചാൽ മാത്രമേ തദ്ദേശസ്വയംഭരണ വകുപ്പിന് പുനർവിന്യാസവുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളുവെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

പ്രേരക്മാരുടെ ഓണറേറിയം നൽകുന്നതിന് ആവശ്യമായ തുകയുടെ നിശ്ചിത ശതമാനം തദ്ദേശസ്വയംഭരണ വകുപ്പും ബാക്കി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയും നൽകുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണെന്നും ഇതിന്റെ അനുപാതം യഥാക്രമം 75% ഉം 25% ആണെന്ന് തൽക്കാലം അനുമാനിക്കാമെന്നും പിന്നീട് വിശദമായ വിലയിരുത്തലിന് ശേഷം യഥാതഥമായി എത്ര ശതമാനമാണെന്ന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നിജപ്പെടുത്തി അറിയിക്കേണ്ടതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

അധികമായി ആവശ്യമുള്ള 8.5 കോടി രൂപ Budget allocation- ന്റെ 100% ൽ ഏറെയാണെന്നും 10-15% വരെ സാധാരണഗതിയിൽ അധികമായി വകയിരുത്തുമെന്നിരിക്കെ നിലവിലെ സാഹചര്യത്തിൽ ഇത്രയും തുക അനുവദിക്കുന്നതിന് ദുഷ്കരമാണെന്നും ഇതിന് ധനകാര്യമന്ത്രി തലത്തിൽ അംഗീകാരം ആവശ്യമാണെന്നും ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ഫിനാൻസ് (റിസോഴ്സസ്) വകുപ്പ് അഭിപ്രായപ്പെട്ടു.

മൂന്ന് മാസത്തിലൊരിക്കൽ valuation നടത്തുന്നതിന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയ്ക്ക് കഴിയുമെന്നും ആയതിന് ശേഷം മാത്രം 25% ഓണറേറിയം അനുവദിക്കുന്നതിന് കേരള സംസ്ഥാന സാക്ഷരതാ മിഷന് സമ്മതമാണെന്ന് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും കേരള സ്റ്റേറ്റ് മിഷൻ ഡയറക്ടറും ഉറപ്പ് നൽകി.

**<u>യോഗതീരുമാനം</u>**

1. സാക്ഷരതാ പ്രേരക്മാരുടെ ചികിത്സധനസഹായം, മരണാനന്തര സഹായം എന്നിവ സാക്ഷരതാമിഷനിൽ തന്നെ നിലനിർത്താൻ തീരുമാനിച്ചു.

2. പ്രേരക്മാരുടെ ഓണറേറിയത്തിന്റെ അനുപാതം 75:25 എന്നത് താൽകാലിക അനുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നും, ആയത് തദ്ദേശസ്വയംഭരണ വകുപ്പിനും കേരള സംസ്ഥാന മിഷനും എത്രയായിരിക്കണം എന്നത് വിലയിരുത്തി വ്യക്തമായ ശിപാർശ സഹിതം തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിക്കുന്നതിന് സാക്ഷരത മിഷനെ ചുമതലപ്പെടുത്തി.

3. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മൂന്ന് മാസത്തിലൊരിക്കൽ നടത്തുന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 25% ഓണറേറിയം തുക മിഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചു.

യോഗം 1 മണിക്ക് അവസാനിച്ചു.

<u>18.07.2022-ലെ യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക</u>

1. ശ്രീമതി.ശാരദാ മുരളീധരൻ, ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി , തദ്ദേശസ്വയംഭരണ വകുപ്പ്.

2. ശ്രീ.എ.പി.എം .മുഹമ്മദ് ഹനീഷ്, ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

3. ശ്രീ.കെ.മുഹമ്മദ് വൈ .സഫീറുള്ള. ഐ.എ.എസ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ഫിനാൻസ് (റിസോഴ്സസ്) വകുപ്പ്.

4. പ്രൊഫ.ഒലീന.എ.ജി, ഡയറക്ടർ, കേരള സാക്ഷരത മിഷൻ അതോറിറ്റി

5. ശ്രീ.ബാലുമഹേന്ദ്ര.ബി, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

#ApprovedDate#

#ApprovedByName#
#ApprovedByDesignation#

**<u>സാക്ഷരത മിഷൻ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് 07.12.2022-ന് ബുധനാഴ്ച ഉച്ചയ്ക്ക് 12.45 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന മീറ്റിംഗിന്റെ മിനിട്സ്.</u>**

യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട് .

ചർച്ച ഉച്ചയ്ക്ക് 1.00 മണിക്ക് ആരംഭിച്ചു. പ്രേരക് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ സി.പി നാരായണൻ ചർച്ച ആരംഭിച്ചു. പ്രേരക്മാർ മുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ആയിരുന്നുവെന്നും, പിന്നീട് ഭരണപരമായ സൗകര്യങ്ങൾക്കുവേണ്ടിയാണ് അവരെ സാക്ഷരതാ മിഷനിലേക്ക് മാറ്റിയതെന്നും, അവർക്ക് ലഭിക്കേണ്ട വേതനം കൃത്യമായി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും, മിഷനുകൾക്ക് ജില്ലകളിൽ മാത്രമാണ് ഓഫീസ് ഉള്ളതെന്നു ആയത് അവരുടെ ശമ്പള വിതരണത്തിന് തടസ്സം ആകുന്നുവെന്നും, അതുകൊണ്ട് പ്രേരക്മാരുടെ ശമ്പള വിതരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം ആയിരിക്കണമെന്നും അദ്ദേഹം അറിയിച്ചു. കൂടാതെ കാലോചിതമായ പരിഷ്കാരങ്ങൾ കൂടി ഉണ്ടാകണമെന്നും ആവശ്യപ്പെട്ടു.

തുടർന്ന് സംസാരിച്ച പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സാക്ഷരത മിഷനുകൾ ആരംഭിച്ചത് വ്യക്തമായ ലക്ഷ്യത്തോടുകൂടി ആണെന്നും, നിലവിൽ പ്രേരക്മാരുടെ ശമ്പള വിതരണത്തിന് കാലതാമസം ഉണ്ടായിട്ടുണ്ടെന്നും, അത് ഫണ്ടിന്റെ കുറവുകൊണ്ടാണെന്നും അദ്ദേഹം അറിയിച്ചു. സാക്ഷരത മിഷൻ ഒരു പ്രത്യേക entity ആയി തുടർന്ന് കൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. നിലവിൽ അധിക ധനാനുമതിയായി ആവശ്യപ്പെട്ട 8.6 കോടി രൂപ ധനകാര്യ വകുപ്പ് അനുവദിച്ചിട്ടില്ലെന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് സംസാരിച്ച സാക്ഷരതാ മിഷൻ ഫിനാൻസ് ഓഫീസർ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന എട്ടു കോടിയിൽ നാലു കോടി അനുവദിച്ചതായും, അവശേഷിക്കുന്ന നാലു കോടി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നതായും അറിയിച്ചു. ആയത് വേഗത്തിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് പൊതു വിദ്യാഭ്യാസ സെക്രട്ടറി ഉറപ്പു നൽകി.

എന്നാൽ തങ്ങൾക്കു അനുവദിക്കുന്ന നാല് കോടി രൂപ പുതിയ ഹെഡ് ഓഫ് അക്കൗണ്ട് സൃഷ്ടിച്ച് അതിലൂടെ പഞ്ചായത്തിലേക്ക് കൈമാറണമെന്നും എങ്കിൽ മാത്രമേ പുനർവിന്യാസം സംബന്ധിച്ച് സർക്കാർ കൈക്കൊണ്ട തീരുമാനം അതിന്റെ പൂർണമായ അർത്ഥത്തിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നും സംസ്ഥാന സാക്ഷരതാ മിഷൻ സംസ്ഥാന ജനറൽ സെക്രട്ടറി അറിയിച്ചു.

തുടർന്ന് സംസാരിച്ച അഡീഷണൽ ചീഫ് സെക്രട്ടറി 18.07.2022-ലെ മിനിട്സിലെ തീരുമാനങ്ങൾ വിശദീകരിക്കുകയും ഹെഡ് ഓഫ് അക്കൗണ്ട് പുതുതായി ആണോ/ഷിഫ്റ്റിംഗ് ആണോ

എന്നും, തുക പ്ലാൻ ഫണ്ടിൽ നിന്നാണോ/നോൺ പ്ലാൻ ഫണ്ടിൽ നിന്നാണോയെന്നും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു.

സാക്ഷരതാ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രഫണ്ട് നിർത്തലാക്കിയതിനെ തുടർന്ന് 2008 മുതൽ പ്ലാൻ ഫണ്ടിൽ നിന്നായിരുന്നു പ്രേരക്മാർക്ക് ഓണറേറിയം നൽകിയിരുന്നതെന്നും, അത് തദ്ദേശ സ്ഥാപനങ്ങൾ മുഖാന്തരമാണ് ലഭിച്ചിരുന്നതെന്നും, ഇത്തരത്തിൽ ചെലവായ തുക പ്ലാൻ ഫണ്ടിൽ ലഭിക്കുമ്പോൾ reimburse ചെയ്യുകയാണ് ചെയ്തിരുന്നതെന്നും സാക്ഷരതാ മിഷൻ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. എന്നാൽ 2017 മുതൽ ഓണറേറിയം വിതരണം സാക്ഷരതാ മിഷൻ ഏറ്റെടുക്കുകയായിരുന്നു.

തുടർന്ന് സംസാരിച്ച സാക്ഷരതാ മിഷൻ അസോസിയേഷൻ ഭാരവാഹി ഈ വിഷയം നിലവിലെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മുൻനിർത്തി തീരുമാനിക്കരുതെന്നും പ്രേരക്മാരുടെ ഭാവി കൂടി മുന്നിൽകണ്ട് വേണം തീരുമാനിക്കേണ്ടതെന്നും അഭ്യർത്ഥിച്ചു.

നിലവിൽ 1718 പ്രേരക്മാർ പ്രവർത്തിക്കുന്നുണ്ടെന്നും സാക്ഷരതാ മിഷന്റെ തനത് ഫണ്ടിൽ നിന്നാണ് ഇൻഷ്വറൻസ്, മരണാനന്തര ചെലവുകൾ, ചികിത്സാ ചെലവുകൾ തുടങ്ങിയവ വഹിക്കുന്നതെന്നും അഡിഷണൽ ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് മറുപടിയായി സാക്ഷരതാ മിഷൻ ഉദ്യോഗസ്ഥർ പറഞ്ഞു.

നിലവിലുള്ള ഹെഡ് ഓഫ് അക്കൗണ്ട് മുഖാന്തരം നീങ്ങുക ആണെങ്കിൽ പ്രേരക്മാരുടെ ശമ്പള കുടിശ്ശിക വേഗത്തിൽ പരിഹരിക്കാൻ കഴിയുമെന്നും അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്ന വേളയിൽ ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച നടപടി പരിഗണിക്കാവുന്നതാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങുന്നതിനും ബഡ്ജറ്റ് തുക തദ്ദേശസ്വയംഭരണ വകുപ്പ് വഴി allocate ചെയ്യുന്നതിനും ധനകാര്യവകുപ്പിന് കത്ത് നൽകണമെന്നും സാക്ഷരതാ മിഷൻ അസോസിയേഷൻ ഭാരവാഹികൾ ആവശ്യപ്പെട്ടു.

ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെയും വിഷയങ്ങളുടെയും അടിസ്ഥാനത്തിൽ മന്ത്രിയെ വിവരങ്ങൾ ധരിപ്പിക്കാമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അസോസിയേഷൻ പ്രതിനിധികൾക്കളെ അറിയിച്ചു.

ചർച്ച 1.45 ന് അവസാനിച്ചു.

**07.12.2022-ലെ യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക**

1. ശ്രീമതി.ശാരദാ മുരളീധരൻ, ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി
2. ശ്രീ.മുഹമ്മദ് ഹനീഷ്, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി.
3. അഡീഷണൽ സെക്രട്ടറി, ഫിനാൻസ്
4. ശ്രീ.അജിത് കുമാർ.എസ്, ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് സാക്ഷരത മിഷൻ അതോറിറ്റി.
5. ശ്രീമതി.സിനി സാബു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സ്റ്റേറ്റ് സാക്ഷരത മിഷൻ അതോറിറ്റി.
6. ഡോ.ജെ.വിജയമ്മ, അസിസ്റ്റന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് സാക്ഷരത മിഷൻ അതോറിറ്റി.
7. ശ്രീ.ബാല്യമഹേന്ദ്ര.ബി, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
8. ശ്രീ.സി.പി.നാരായണൻ, പ്രസിഡന്റ്, കേരള സാക്ഷരതാ പ്രേരക് അസോസിയേഷൻ
9. ശ്രീ.എ.എ.സന്തോഷ്, സംസ്ഥാന ജനറൽ സെക്രട്ടറി, കേരള സാക്ഷരതാ പ്രേരക് അസോസിയേഷൻ
10. ശ്രീ.സതീഷ് കുമാർ.കെ, ട്രഷറർ, കേരള സാക്ഷരതാ പ്രേരക് അസോസിയേഷൻ
11. ശ്രീ.രാജേന്ദ്രൻ പിള്ള.സി, തെക്കൻ മേഖല പ്രസിഡന്റ്, കേരള സാക്ഷരതാ പ്രേരക് അസോസിയേഷൻ
12. ശ്രീ.എസ്.ഉദയൻ, സംസ്ഥാന എക്സിക്യൂട്ടീവ്, കേരള സാക്ഷരതാ പ്രേരക് അസോസിയേഷൻ

**സാക്ഷരത മിഷൻ പ്രേരക്മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് 12.12.2022-ന് തിങ്കളാഴ്ച ഉച്ചയ്ക്ക് 12.30 ന് നിയമസഭ കോൺഫറൻസ് ഹാളിൽ ചേർന്ന മന്ത്രി തല ചർച്ചയുടെ നടപടികുറിപ്പ്**

ചർച്ച ഉച്ചയ്ക്ക് 12.30 ന് ആരംഭിച്ചു. ആമുഖമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സാക്ഷരതാ മിഷന്റെ പ്രവർത്തനം, പ്രേരകന്മാരുടെ ഓണറേറിയം, ഫണ്ടിങ്ങ് എന്നിവയെ കുറിച്ച് സംസാരിച്ചു. ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരത പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയ സാഹചര്യത്തിൽ പ്രേരക്മാരുടെ നിയമനം, നിലവിലുള്ള വ്യവസ്ഥയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ, ഇത് മൂലം ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തന വിലയിരുത്തതിനുള്ള എം.ഐ.എസ് തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു ഉത്തരവായിരുന്നുവെന്നും ഇത് സംബന്ധിച്ച് 18.07.2022-ൽ ചേർന്ന യോഗത്തിൽ പ്രേരക്മാരുടെ ഓണറേറിയം 75:25 എന്ന അനുപാതത്തിൽ, പ്രതിമാസ അടിസ്ഥാനത്തിൽ 75% ഓണറേറിയം തദ്ദേശ സ്വയംഭരണ വകുപ്പും 2 5 % ഓണറേറിയം കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മൂന്നുമാസത്തിലൊരിക്കൽ പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ തത്വത്തിൽ അംഗീകരിച്ചുവെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

പ്രേരക്മാരുടെ ശമ്പളയിനത്തിൽ 2 2 കോടി രൂപയാണ് ആവശ്യമെന്നും, ആയതിൽ എട്ട് കോടി രൂപയാണ് ബഡ്ജറ്റ് പ്രൊവിഷനെന്നും തദ്ദേശസ്വയംഭരണ വകുപ്പിന് 75% തുക പ്രതിമാസ ഓണറേറിയമായി പ്രേരക്മാർക്ക് നൽകുന്നതിന് 16.5 കോടി രൂപ ആവശ്യമാണെന്നും പ്രേരക്മാരുടെ ഓണറേറിയം ശമ്പള ഇനത്തിൽ പരിഗണിച്ച് നോൺപ്ലാൻ വിഹിതം അനുവദിക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

നോൺപ്ലാൻ ഇനത്തിൽ തുക വകയിരുത്തുന്നത് നിലവിലെ സാഹചര്യത്തിൽ സാധ്യമല്ല എന്ന് ധനകാര്യവകുപ്പ് മന്ത്രി അറിയിച്ചു.

ബഡ്ജറ്റിൽ അലോട്ട് ചെയ്ത എട്ട കോടിയിൽ നാല് കോടി സാക്ഷരതാമിഷന് അനുവദിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന നാല് കോടി അനുവദിച്ച് കിട്ടുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സാക്ഷരതാ മിഷൻ ഡയറക്ടർ അറിയിച്ചു.

തുടർന്ന് സംസാരിച്ച വിദ്യാഭ്യാസ വകുപ്പ് മന്ത്രി സാക്ഷരതാ പ്രവർത്തനങ്ങൾ പൂർണ്ണമായ സ്ഥിതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധിക ജോലി എന്തെങ്കിലും പ്രേരക്മാർക്ക് കണ്ടെത്തി നൽകണമെന്നും അവരെ പിരിച്ചുവിടാൻ സാധിക്കില്ലെന്നും അറിയിച്ചു.

നിലവിൽ 1714 പ്രേരക്മാർ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ 3 4 പേർ ഈ മാസത്തോടെ വിരമിക്കുന്നുവെന്നും സാക്ഷരതാമിഷൻ ഡയറക്ടർ അറിയിച്ചു. സാക്ഷരതാ പ്രേരക്മാർക്ക് ഓഗസ്റ്റ് വരെ മാത്രമേ ഓണറേറിയം നൽകിയിട്ടുള്ളൂവെന്നും, 2022 നവംബർ വരെയുള്ള കുടിശ്ശിക നൽകി തീർക്കുന്നതിന് ഏകദേശം 4.65 കോടി രൂപ കൂടി ആവശ്യമുണ്ടെന്നും സാക്ഷരതാ മിഷൻ ഡയറക്ടർ അറിയിച്ചു. ടി തുക 2023 മാർച്ച് വരെ ഓണറേറിയം നൽകാനുള്ള തുകയാണെന്നും അത് മൊത്തമായി അനുവദിക്കുന്നത് ദുഷ്കരമാണെന്നും ധനകാര്യ

വകുപ്പ് മന്ത്രി അറിയിച്ചു. എന്നാൽ നിലവിലെ സാക്ഷരതാ പ്രേരക്മാരുടെ അവസ്ഥ പരിഗണിച്ച് അവശേഷിക്കുന്ന ബഡ്ജറ്റ് പ്രൊവിഷൻ നൽകാൻ തീരുമാനമായി.

ചർച്ച 1.00 മണിക്ക് അവസാനിച്ചു.

**12.12.2022-ലെ യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക**

1. ശ്രീ.വി.ശിവൻകുട്ടി, ബഹു. തൊഴിൽ/വിദ്യാഭ്യാസ വകുപ്പ് മന്ത്രി
2. ശ്രീ.കെ. എൻ. ബാലഗോപാൽ, ബഹു. ധനകാര്യ വകുപ്പ് മന്ത്രി.
3. ശ്രീ.എം.ബി.രാജേഷ്, ബഹു. തദ്ദേശ സ്വയംഭരണ/എക്സൈസ് വകുപ്പ് മന്ത്രി.
4. ശ്രീമതി.ശാരദാ മുരളീധരൻ, ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ശ്രീ.രാജമാണിക്യം, ഐ.എ.എസ്, പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
6. പ്രൊഫ.ഒലീന.എ.ജി, ഡയറക്ടർ, കേരള സാക്ഷരത മിഷൻ അതോറിറ്റി
7. ശ്രീമതി.പ്രീത.കെ.എസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
8. ശ്രീ.ബാല്യ മഹേന്ദ്ര,അണ്ടർ സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്.
9. ഡോ.ജെ.വിജയമ്മ, അസിസ്റ്റന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് സാക്ഷരത മിഷൻ അതോറിറ്റി.

15

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
"Aksharam", Near Pettah Govt. Boys HSS, Pettah P. O, Thiruvananthapuram-24
Phone: 0471-2472253, 2472254 Fax: 0471-2462252 E-mail: info.kslma@kerala.gov.in

നം. എ7-0001/21/കേ.സം.സാ.മി.അ                                                തീയതി: 27.01.2021

അയയ്ക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

സെക്രട്ടറി
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സർ,

വിഷയം : കേ.സം.സാ.മി.അ - പൊതുവിദ്യാഭ്യാസ - (എൻ) വകുപ്പ് - പ്രേരകരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നത് - ബഡ്ജറ്റ് പ്രഖ്യാപനം - തുടർനടപടി - സംബന്ധിച്ച്.

സൂചന : 1. 07.01.2017 ലെ ജി.ഒ (ആർ.ടി) നം. 27/2017/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

2. 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രഖ്യാപനം.

സൂചനയിലേക്ക് സർക്കാരിന്റെ മഹനീയ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ സാക്ഷരതാമിഷനു കീഴിൽ പ്രവർത്തിക്കുന്ന പ്രേരകർ ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ്. സൂചനയിലെ ഉത്തരവുപ്രകാരം സാക്ഷരതാമിഷനാണ് ടി പ്രേരകർക്ക് വേതനം നൽകുന്നത്. **2021 ജനുവരിയിലെ ബഡ്ജറ്റ്** പ്രഖ്യാപനത്തിൽ പ്രേരകരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുമെന്നും ഓണറേറിയത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികം ഗ്രാന്റ് അനുവദിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഉത്തരവ് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Dailyjoseph

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

31


കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**KERALA STATE LITERACY MISSION AUTHORITY**

**(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)**

"Aksharam", Near Pettah Govt. Boys HSS, Pettah P. O, Thiruvananthapuram-24

Phone: 0471-2472253, 2472254 Fax: 0471-2462252 E-mail: info.kslma@kerala.gov.in


നം. എ7-0001/21/കേ.സം.സാ.മി.അ തീയതി: 17.03.2021

അയയ്ക്കുന്നത്
ഡയറക്ടർ

സ്വീകരിക്കുന്നത്
സെക്രട്ടറി
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സർ,

വിഷയം : കേ.സം.സാ.മി.അ-പൊ.വി.വ-പ്രേരക്മാരെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നത്- സംബന്ധിച്ച്.

സൂചന :
1. 07.01.2017 ലെ ജി.ഒ.(ആർ.ടി) നം. 27/17/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. 11.08.2017 ലെ എ7-718/17/കേ.സം.സാ.മി.അ നമ്പർ ഉത്തരവ്.
3. 07.10.2017 ലെ എ7-863/17/കേ.സം.സാ.മി.അ നമ്പർ ഉത്തരവ്.
4. 15.03.2021 ലെ എൻ1/26/2021-പൊ.വി.വ നമ്പർ സർക്കാർ കത്ത്.

സൂചനകളിലേക്ക് സർക്കാരിന്റെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. താഴെപറയുന്ന കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രേരക്മാരെ സൂചന (2) ഉം (3) ഉം പ്രകാരം പുനർവിന്യസിച്ചിട്ടുണ്ട്.

സൂചന (1) ലെ ഉത്തരവുപ്രകാരം ദിവസവേതനാടിസ്ഥാനത്തിലാണ് പ്രേരകർക്ക് വേതനം നൽകിവരുന്നത്. പ്രേരക്മാർ ഓരോ വർഷവും സാക്ഷരതാ തുല്യതാ കോഴ്സുകളിലേക്ക് നടത്തുന്ന രജിസ്ട്രേഷൻ അനുസരിച്ചുള്ള ടാർഗറ്റ് കൂടി പരിഗണിച്ചാണ് ഓണറേറിയം നൽകിവരുന്നത്. അതായത് ടാർഗറ്റ് പ്രകാരം ഓരോ വർഷവും ദിവസവേതനപ്രകാരം ഓരോ മാസവും ഓണറേറിയം തുകയിൽ വ്യത്യാസമുണ്ടായിരിക്കും. ഇപ്രകാരം ഓണറേറിയം കണക്കാക്കുന്നതിന് സാക്ഷരതാമിഷൻ, M/s. കെൽട്രോൺ ലിമിറ്റഡിന്റെ സഹായത്താൽ പ്രേരക് ഓണറേറിയം സോഫ്ട്വെയർ തയ്യാറാക്കിയിട്ടുണ്ട്. അതതു മാസങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി പ്രേരകരുടെ പ്രവർത്തനം പരിശോധിച്ച് നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സോഫ്ട്വെയറിന്റെ സഹായത്തോടെ വേതനം നൽകിവരുന്നത്.

2021 ജനുവരിയിൽ നടന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രേരകരുടെ ഓണറേറിയത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ഫണ്ട് അനുവദിക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. 2021 ലെ രജിസ്ട്രേഷൻ അനുസരിച്ചുമാത്രമേ പ്രേരകരുടെ 2021 ഏപ്രിൽ മുതൽ 2022 മാർച്ചുവരെയുള്ള വേതനം നിശ്ചയിക്കാൻ കഴിയുകയുള്ളു. ഈ വർഷത്തെ രജിസ്ട്രേഷൻ നടന്നുവരികയാണ്. രജിസ്ട്രേഷൻ പൂർത്തിയായ ശേഷം പ്രേരകരുടെ വേതനമിനത്തിൽ അനുവദിക്കേണ്ട തുക കണക്കാക്കി സർക്കാരിനെ അറിയിക്കുന്നതാണ് എന്ന് ബോധ്യപ്പെടുത്തിക്കൊള്ളുന്നു.

സാക്ഷരതാമിഷൻ തയ്യാറാക്കിയിട്ടുള്ള സോഫ്ട്വെയർ പ്രകാരം ഓണറേറിയം കണക്കാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്ന മുറയ്ക്ക് അതതു മാസത്തെ ഓണറേറിയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രേരക്മാർക്ക് നൽകണം എന്ന നിർദേശം കൂടി ഉത്തരവായി പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

ഫിനാൻസ് ഓഫീസർ

51

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**KERALA STATE LITERACY MISSION AUTHORITY**

**(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)**

"Aksharam", Near Pettah Govt. Boys HSS, Pettah P. O, Thiruvananthapuram-24

Phone: 0471-2472253, 2472254 Fax: 0471-2462252 E-mail: info.kslma@kerala.gov.in

നം. എ7-0001/21/കേ.സം.സാ.മി.അ  തീയതി: 29.04.2021

അയയ്ക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

സെക്രട്ടറി
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സർ,

വിഷയം : കേ.സം.സാ.മി.അ-പ്രേരകരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നത് - ബജറ്റ് പ്രഖ്യാപനം - സംബന്ധിച്ച്.

സൂചന :
1. 07.01.2017 ലെ ജി.ഒ. (ആർ.ടി) നം. 27/2017/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
2. 11.08.2017 ലെ എ7-718/17/കേ.സം.സാ.മി.അ നമ്പർ ഉത്തരവ്.
3. 07.10.2017 ലെ എ7-863/17/കേ.സം.സാ.മി.അ നമ്പർ ഉത്തരവ്.
4. 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രഖ്യാപനം.
5. 27.01.2021 ലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
6. 15.03.2021 ലെ എൻ1/26/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
7. 17.03.2021 ലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
8. 09.04.2021 ലെ എൻ1/26/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

സൂചനകളിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രേരകരുടെ വേതനം സൂചന (1) പ്രകാരം വർധിപ്പിച്ചിരുന്നു. തുടർന്ന് പ്രേരകരില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക്, ഒന്നിലധികം പ്രേരകരുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രേരകരെ സൂചന (2) പ്രകാരം പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ചില പരാതികൾ ലഭ്യമായതിനാൽ ആയത് പരിശോധിച്ച് ടി ഉത്തരവിൽ ഭേദഗതിവരുത്തി സൂചന (3) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2021 ജനുവരിയിൽ നടന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിൽ, പ്രേരകരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുമെന്നും പ്രേരകരുടെ ഓണറേറിയത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികം ഗ്രാന്റ് അനുവദിക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഉത്തരവ് ലഭ്യമാക്കുന്നതിന് സൂചന (5) പ്രകാരം സർക്കാരിലേക്ക് കത്ത് അയയ്ക്കുകയുണ്ടായി. ഈ കത്തിന് മറുപടിയൊന്നും തന്നെ ലഭ്യമായിട്ടില്ല.

സൂചന (6) പ്രകാരം ലഭിച്ച സർക്കാർ കത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പ്രേരകരെ പുനർവിന്യസിക്കുന്ന നടപടി 2020-21 സാമ്പത്തികവർഷത്തിൽ തന്നെ പൂർത്തിയാക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. സാക്ഷരതാമിഷൻ സൂചന (2) ഉം (3) ഉം പ്രകാരം പ്രേരകരെ പുനർവിന്യസിച്ചിരുന്നു. ആയതിനാലാണ് സൂചന (7) പ്രകാരം സർക്കാരിലേക്ക് മറുപടി നൽകിയതെന്നു അറിയിക്കുന്നു.

പ്രേരക്മാർ നിലവിൽ പ്രവർത്തിച്ചുവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സാക്ഷരതാമിഷൻ വേതനം നൽകിവരുന്നത്. അതായത്, പ്രേരക്മാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് എന്നർത്ഥം. ആയതിനാൽ, ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പറയുംപ്രകാരം ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാൽ നിലവിലുള്ള പുനർവിന്യാസത്തിന്റെ അടിസ്ഥാനത്തിൽ വേതനവിതരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നിർവഹിക്കാനാവും.

2021-22 വർഷത്തെ രജിസ്ട്രേഷൻ മാർച്ച് 31 ന് പൂർത്തിയായിരിക്കുന്നു. പ്രസ്തുത രജിസ്ട്രേഷനുകളുടെ സോഫ്ട്വെയർ അപ്രൂവൽ ഏപ്രിൽ 30 ന് പൂർത്തിയാകുന്നതാണ്. ആയതിനു ശേഷം മാത്രമേ 2021-22 വർഷത്തെ പ്രേരകരുടെ വേതനം കണക്കാക്കാൻ കഴിയുകയുള്ളു. പ്രസ്തുത തുകയുടെ വിവരം മേയ് ആദ്യവാരം തന്നെ അറിയിക്കുന്നതാണെന്ന് കൂടി അറിയിച്ചുകൊള്ളുന്നു. അതിൻപ്രകാരം, 2021-22 സാമ്പത്തികവർഷം വേതനത്തിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ വകുപ്പിന് സർക്കാർ നേരിട്ട് നൽകിയാൽ മതിയാകും എന്ന് വിനയപൂർവം അഭിപ്രായപ്പെടുന്നു.

വിശ്വസ്തതയോടെ

ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ

RL

69

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
"Aksharam", Near Govt. Boys H S S Pettah, Pettah P.O.,Thiruvananthapuram-24
Phone: 0471-2472254, 2472253, Fax: 0471-2462252, e-mail: info.kslma@kerala.gov.in

നം. എ7-0001/21/കേ.സം.സാ.മി.അ. തീയതി: 14.06.2021

അയയ്ക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

പ്രിൻസിപ്പൽ സെക്രട്ടറി
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം.

സർ,

വിഷയം: കേ.സം.സാ.മി.അ. - പ്രേരക്മാരുടെ പുനർവിന്യാസം സംബന്ധിച്ച്.

സൂചന : 30.05.2021ലെ എൻ1-26/2021/പൊ വി വ നമ്പർ സർക്കാർ കത്ത്.

സൂചനകത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്ന അധിക വിവരങ്ങളിൽ പുനർവിന്യസിക്കേണ്ട പ്രേരക്മാരുടെ വിശദവിവരങ്ങൾ അനുബന്ധം ഒന്നായും പ്രേരക്മാരുടെ ജോലിവ്യവസ്ഥകൾ സംബന്ധിച്ച് സാക്ഷരതാമിഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം രണ്ടായും വേതനം നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയ രേഖകളുടെ പകർപ്പുകൾ അനുബന്ധം മൂന്നായും ഈ കത്തിനോടൊപ്പം ഉൾപ്പെടുത്തി അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

ഡോ. പി എസ് ശ്രീകല
ഡയറക്ടർ

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No. 27/1461, Vanchiyoor, Convent Lane, Kammattam Road, Thiruvananthapuram-35
Phone: 0471-2472253, 2472254 Fax: 0471-2462252 E-mail: stateliteracymission@gmail.com

## സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ നടപടി ക്രമം

സംഗ്രഹം

കേ.സം.സാ.മി.അ - പ്രേരക്/അസി.പ്രേരക്മാരുടെ നിയമന-സേവന-വേതന-അവധി എന്നിവ സംബന്ധിച്ച മാർഗരേഖ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നടപടി ഉത്തരവ് നമ്പർ: A7- 274 /17/KSLMA തീയതി: 20.03.2017

## ഉത്തരവ്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ കീഴിൽ ജില്ലകളിൽ പ്രവർത്തിക്കുന്ന വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്/അസി.പ്രേരക്മാരുടെ നിയമന-സേവന-വേതന-അവധി വ്യവസ്ഥകൾ ഉൾകൊള്ളുന്ന മാർഗരേഖ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന് 2017 ഏപ്രിൽ 1 മുതൽ പ്രാബല്യമുണ്ടായിരിക്കും.

### A. പ്രേരക്മാരുടെ നിയമനം

1. തുടർവിദ്യാകേന്ദ്രം പ്രേരക്, അസി. പ്രേരക് എന്നിവർക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സിയും പ്രായപരിധി 18 നും 40 നും മധ്യേയാണ്. സർക്കാർ, അർധസർക്കാർ, മറ്റ് സ്ഥാപനങ്ങളിൽ പാർട്ട് ടൈം/ഫുൾ ടൈം ജോലി നോക്കുന്നവരും വേതനം കൈപ്പറ്റുന്ന വരും ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ പാടില്ല. നിയമനം നൽകിയ ശേഷം അപ്രകാരം ബോധ്യപ്പെട്ടാൽ അവരെ പ്രേരക് സ്ഥാനത്തുനിന്ന് ഒഴിവാക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുവാൻ സാക്ഷരതാമിഷൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.
2. വികസന വിദ്യാകേന്ദ്രം പ്രേരക്/അസി. പ്രേരക്മാർക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യത സർവ്വകലാശാല ബിരുദമാണ്. പ്രായപരിധി 18നും 40നും മധ്യേയാണ്.
3. പ്രേരക്മാരുടെ സേവന പ്രായപരിധി 60 വയസ്സാണ്.
4. വികസനവിദ്യാകേന്ദ്രം പ്രേരക്മാരുടെ ഒഴിവിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മറ്റു വികസനവിദ്യാകേന്ദ്രങ്ങളിലെ പ്രവർത്തനപരിചയമുള്ള അസി. പ്രേരക്മാർ, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന തുടർവിദ്യാകേന്ദ്രം പ്രേരക്മാർ, അസി. പ്രേരക്മാർ എന്നിവരിൽനിന്ന് അപേക്ഷ ക്ഷണിച്ച് സീനിയോറിറ്റിയുടെയും പ്രവർത്തനശേഷിയുടെയും അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തി ഡയറക്ടറുടെ ഉത്തരവ് വാങ്ങിയ ശേഷം നിയമിക്കേണ്ടതാണ്. ഇവർക്ക് 3 വർഷം വരെ പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. ഇവർക്ക് വിദ്യാഭ്യാസ യോഗ്യത ബാധകമല്ല.
5. തുടർവിദ്യാകേന്ദ്രം പ്രേരക്മാരുടെ ഒഴിവിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മറ്റു വിദ്യാകേന്ദ്രങ്ങളിലെ പ്രവർത്തനപരിചയമുള്ള അസി. പ്രേരക്മാരിൽനിന്ന് അപേക്ഷ ക്ഷണിച്ച് സീനിയോറിറ്റിയുടെയും പ്രവർത്തനശേഷിയുടെയും അടിസ്ഥാനത്തിൽ ഇന്റർവ്യൂ

നടത്തി ഡയറക്ടറുടെ ഉത്തരവ് വാങ്ങിയ ശേഷം നിയമിക്കേണ്ടതാണ്. ഇവർക്ക് 3 വർഷം വരെ പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത ബാധകമല്ല.

6. പ്രേരക്/അസി. പ്രേരക് നിയമനത്തിൽ സംവരണവിഭാഗങ്ങൾക്ക് നിയമാനുസൃതമായ വയസ്സ് ഇളവ് ഉണ്ട്.

7. പ്രേരക്/അസി. പ്രേരക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അറിയിപ്പ് പ്രധാനപ്പെട്ട പത്രങ്ങളിൽ കൊടുക്കേണ്ടതാണ്.

8. ഇന്റർവ്യൂ നടത്തുന്ന സ്ഥലം, സമയം എന്നിവ മുൻകൂട്ടി അപേക്ഷകരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

9. ഇന്റർവ്യൂ ബോർഡിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷ/ഉപാധ്യക്ഷ, സെക്രട്ടറി, വിദ്യാഭ്യാസ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ, ജില്ലാ കോ-ഓർഡിനേറ്റർ/അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ എന്നിവർ അംഗങ്ങളായിരിക്കും.

10. ഇന്റർവ്യൂ ബോർഡംഗങ്ങൾ ഇന്റർവ്യൂ സമയത്ത് അസസ്മെന്റ് ഷീറ്റിൽ പ്രത്യേകം പ്രത്യേകം മാർക്ക് രേഖപ്പെടുത്തേണ്ടതും ഓരോ ഷീറ്റിലും ഒപ്പിടേണ്ടതുമാണ്.

11. ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന സെലക്ട് ലിസ്റ്റിന്റെ കാലാവധി 2 വർഷമായിരിക്കും.

12. ഇന്റർവ്യൂവിനു ശേഷം ഓരോ അംഗങ്ങളും തയ്യാറാക്കിയ അസ്സസ്മെന്റ് ഷീറ്റിന്റെ കോപ്പി, എല്ലാ അംഗങ്ങളും ഒപ്പിട്ട മാർക്ക് രേഖപ്പെടുത്തി ക്രോഡീകരിച്ച ലിസ്റ്റ്, തെരഞ്ഞെടുക്കപ്പെട്ട വരുടെ ബയോഡാറ്റ, വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്, സാക്ഷരതാസമിതി തീരുമാനം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ കവറിംങ് ലെറ്റർ സഹിതം, ജില്ലാ സാക്ഷരതാമിഷൻ കോ-ഓർഡിനേറ്റർ മുഖാന്തരം സംസ്ഥാന സാക്ഷരതാമിഷനിലേക്ക് നിയമനത്തിനായി അയക്കേണ്ടതാണ്. ഡയറക്ടറുടെ നിയമന ഉത്തരവ് ലഭിച്ചുകഴിഞ്ഞു മാത്രമേ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ജോലി യിൽ പ്രവേശിക്കുവാൻ അനുമതി ഉണ്ടായിരിക്കുകയുള്ളൂ.

13. പ്രേരക്/അസി.പ്രേരകിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നു ബോധ്യപ്പെട്ടാൽ അതത് സാക്ഷരതാ സമിതികൾക്ക് മേൽനടപടിക്കായി ജില്ലാ സാക്ഷരതാമിഷന് റിപ്പോർട്ട് ചെയ്യാവുന്നതാണ്. പ്രവർത്തനം തൃപ്തികരമല്ല എന്ന് ജില്ലാസാക്ഷരതാസമിതിക്ക് ബോധ്യപ്പെട്ടാൽ പ്രസ്തുത വിവരം ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രേരക്/അസി. പ്രേരക്മാരുടെ മേൽ അച്ചടക്കനടപടി സ്വീകരിക്കാനുള്ള അധികാരം നിയമനാധികാരിയായ ഡയറക്ടറിൽ മാത്രം നിക്ഷിപ്തമാണ്.

14. കേരള സംസ്ഥാനസാക്ഷരതാമിഷൻ അതോറിറ്റിയുടെ നിയമാവലിക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന പ്രേരക്/അസി. പ്രേരക്മാരെ മേൽ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കാനുള്ള അധികാരം ഡയറക്ടറിൽ മാത്രം നിക്ഷിപ്തമാണ്.

## B. പ്രേരക്മാരുടെ സേവനം

1. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ കാലാകാലങ്ങളിലുള്ള മാർഗനിർദ്ദേശ ങ്ങൾക്ക് അനുസരിച്ചായിരിക്കണം പ്രേരക്/അസി.പ്രേരക്മാരുടെ സേവനമേഖല.

2. സാക്ഷരതാമിഷനിലെ പ്രേരക്മാരുടെ ജോലിയുടെ സവിശേഷത കണക്കിലെടുത്ത് എല്ലാ രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയും പ്രവൃത്തി ദിവസങ്ങളായിരിക്കും.

3. എല്ലാ പ്രവൃത്തി ദിവസങ്ങളിലും പകൽ 11 മുതൽ 3 വരെ പ്രേരക്മാർ വിദ്യാകേന്ദ്രത്തിലും 3 മുതൽ 7 വരെ ഫീൽഡ്‌വർക്കും ചെയ്യേണ്ടതാണ്.

4. സാക്ഷരതാ തുല്യതാ രജിസ്ട്രേഷൻ ക്ലാസുകളുടെ സംഘാടനം, ക്ലാസെടുക്കൽ, ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ തുടങ്ങിയവയും സാക്ഷരതാമിഷൻ നിർദ്ദേശിക്കുന്ന മറ്റു പ്രവർത്തനങ്ങളുമാണ് ഫീൽഡ് പ്രവർത്തനങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

5. ഞായറാഴ്ച പ്രവൃത്തി ദിവസങ്ങൾ ആയതിനാൽ എല്ലാ തിങ്കളാഴ്ച ദിവസങ്ങളിലും പ്രേരക്/അസി.പ്രേരക്മാർക്ക് അവധി ആയിരിക്കും.

6. തിങ്കളാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ജില്ലാ കോ-ഓർഡിനേറ്ററുടെ അനുവാദത്തോടെ ഔദ്യോഗിക ജോലി നിർവഹിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ടി പ്രേരക്മാർക്ക് ഒരു മാസത്തിനുള്ളിൽ കോമ്പൻസേറ്ററി ലീവ് ജില്ലാ കോ-ഓർഡിനേറ്റർക്ക് അനുവദിക്കുന്നതാണ്.

7. എല്ലാ പ്രവൃത്തി ദിവസങ്ങളിലും 3 മണി മുതൽ ഫീൽഡ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് അതത് ദിവസം തന്നെ തയ്യാറാക്കുകയും ഫീൽഡ് ഡയറിയിൽ ബന്ധപ്പെട്ട വാർഡ് മെമ്പറെ കൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

8. പ്രേരക്മാർ ആഴ്ചതോറും പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട വികസനവിദ്യാകേന്ദ്രം പ്രേരക്മാർക്ക് സമർപ്പിക്കണം.

9. വികസനവിദ്യാകേന്ദ്രം പ്രേരക്മാർ/അസി.പ്രേരക്മാർ ആഴ്ച റിപ്പോർട്ട് തയ്യാറാക്കി ചുമതലയുള്ള അസി.കോർഡിനേറ്റർക്ക് അതത് ആഴ്ചയിലെ അവസാന പ്രവൃത്തി ദിവസം സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം തുടർവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനറിപ്പോർട്ട് ക്രോഡീകരിച്ച് പ്രതിമാസ അവലോകനയോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

10. എല്ലാ പ്രവൃത്തി ദിവസവും എൻ.സി.ഇ.സി പ്രേരക്മാർ 11 മുതൽ 2 മണി വരെ വികസന വിദ്യാകേന്ദ്രത്തിൽ പ്രവർത്തിക്കേണ്ടതാണ്. 3 മണി മുതൽ ചുമതലയുള്ള ഒരു സി.ഇ.സി സന്ദർശിക്കുകയും സി.ഇ.സി പ്രേരകിനോടൊപ്പം ഫീൽഡ് പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യേണ്ടതാണ്.

11. ഒരു വികസനവിദ്യാകേന്ദ്രത്തിന്റെ കീഴിൽ 10 തുടർവിദ്യാകേന്ദ്രങ്ങൾ എന്ന രീതിയിലാണ് വികസനവിദ്യാകേന്ദ്രം പ്രേരക്മാരുടെ ചുമതല നിശ്ചയിച്ചിരിക്കുന്നത്.

12. വികസനവിദ്യാകേന്ദ്രം പ്രേരക്മാർ എല്ലാ മാസവും 25ന് മുൻപായി തങ്ങൾക്ക് ചുമതലയുള്ള വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട അസി. കോ-ഓർഡിനേറ്റർക്ക് നൽകേണ്ടതാണ്.

13. തുടർവിദ്യാകേന്ദ്രം പ്രേരക്മാർ ഓരോ ആഴ്ചയിലേയും മുൻകൂർ വർക്ക്പ്ലാൻ അതത് വികസന വിദ്യാകേന്ദ്രം പ്രേരക്മാർക്ക് നൽകേണ്ടതാണ്. അതുപോലെ വികസനവിദ്യാകേന്ദ്രം പ്രേരക്മാർ പ്രതിവാര വർക്ക്പ്ലാൻ അസി. കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

14. എല്ലാ മാസവും 25-ാം തീയതിക്ക് മുൻപായി വികസന വിദ്യാകേന്ദ്രം പ്രേരക്മാർ തങ്ങളുടെ ചുമതലപ്പെട്ട വിദ്യാകേന്ദ്രങ്ങളുടെ അവലോകനയോഗം സംഘടിപ്പിക്കേണ്ടതാണ്.

15. വികസനവിദ്യാകേന്ദ്രം പ്രേരക്മാർ ജില്ലാ കോ-ഓർഡിനേറ്റർമാർ വിളിച്ച് ചേർക്കുന്ന അവലോകനയോഗത്തിൽ വികസനവിദ്യാകേന്ദ്രത്തിന്റെയും ചുമതലയുള്ള വിദ്യാകേന്ദ്രങ്ങളുടെയും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. ജില്ലാതല അവലോകന യോഗത്തിന്റെ പിറ്റേ ദിവസം തന്നെ വികസന വിദ്യാകേന്ദ്രങ്ങളുടെ കീഴിലുള്ള വിദ്യാകേന്ദ്രം പ്രേരക്മാരുടെ യോഗം വിളിച്ചുചേർത്ത് ജില്ലാതല തീരുമാനങ്ങൾ അറിയിക്കേണ്ടതാണ്.

16. ഓരോ വിദ്യാകേന്ദ്രത്തിനും സാക്ഷരതാക്ലാസുകൾ, തുല്യതാക്ലാസുകൾ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. 4, 7 തുല്യതയ്ക്ക് ഓരോ ബാച്ചിലും കുറഞ്ഞത് 15 പഠിതാക്കൾ എങ്കിലും ഉണ്ടായിരിക്കണം. 10, ഹയർസെക്കണ്ടറി തുല്യത വിഭാഗത്തിന് ഏറ്റവും കുറഞ്ഞത് 25 പഠിതാക്കളെ വീതം ചേർത്തിരിക്കണം.

17. രജിസ്ട്രർ ചെയ്ത പഠിതാക്കളെ ക്ലാസിൽ എത്തിക്കുന്നതിനും പഠനം പൂർത്തിയാക്കിക്കുന്നതിനുമുള്ള ഉത്തരവാദിത്തം പ്രേരകിന്റേതാണ്.

18. എല്ലാ മാസവും വാർഡ്തല സാക്ഷരതാസമിതികൾ വിളിച്ചുചേർക്കേണ്ടതിന്റെ ഉത്തരവാദിത്തം അതത് പ്രേരക്മാർക്കാണ്.

19. സാക്ഷരതാമിഷനിൽ നിന്നുള്ള മാർഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം പ്രേരക്മാർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

20. ചുവടെ ചേർക്കുന്ന രജിസ്റ്ററുകൾ ഓരോ വിദ്യാകേന്ദ്രത്തിലും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1. ഹാജർ ബുക്ക് (പ്രേരക്മാർ)
2. നാലാംതരം, ഏഴാംതരം തുല്യതാ പഠിതാക്കളുടെ ഹാജർ ബുക്ക്
3. ഗുണഭോക്തൃത രജിസ്റ്റർ
4. മിനിസ്ട് ബുക്ക്
5. ഇൻസ്പെക്ഷൻ രജിസ്റ്റർ
6. മറ്റ് രജിസ്റ്ററുകൾ
   (a) ക്യാഷ് ബുക്ക്
   (b) ഡോക്യുമെന്റേഷൻ
   (c) സ്റ്റോക്ക് ബുക്ക്
   (d) പ്രോഗ്രാം രജിസ്റ്റർ

മേൽ സൂചിപ്പിച്ച റിക്കോർഡുകളും രജിസ്റ്ററുകളും കൃത്യത വരുത്തി സൂക്ഷിക്കുക എന്നത് പ്രേരക്/അസി. പ്രേരക്മാരുടെ ഉത്തരവാദിത്തം ആണ്.

7. എല്ലാ വിദ്യാകേന്ദ്രങ്ങൾക്കും നെയിം ബോർഡുകൾ ഉണ്ടായിരിക്കണം. വെള്ള പ്രതലത്തിൽ നീല കളർ ഉപയോഗിച്ചായിരിക്കണം ബോർഡുകൾ തയ്യാറാക്കേണ്ടത്.

## C. പ്രേരക്മാരുടെ വേതനം സംബന്ധിച്ച്

പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിൽ നിന്ന് 07.01.2017 ലെ GO(Rt)No. 27/2017/G.Edn ഉത്തരവ് പ്രകാരം മാതൃകാവികസനവിദ്യാകേന്ദ്രം/വികസന വിദ്യാകേന്ദ്രം പ്രേരകിന് ഒരു ദിവസം 500/- രൂപ വച്ച് പ്രതിമാസം പരമാവധി 15,000/- രൂപയും വികസനവിദ്യാകേന്ദ്രം അസി. പ്രേരകിന് പ്രതിദിനം 400/-രൂപ വച്ച് പ്രതിമാസം പരമാവധി 12,000/- രൂപയും തുടർവിദ്യാകേന്ദ്രം പ്രേരകിന് പ്രതിദിനം 400 രൂപ വച്ച് പ്രതിമാസം പരമാവധി 12,000/- രൂപയും തുടർവിദ്യാകേന്ദ്രം അസി.പ്രേരകിന് പ്രതിദിനം 350 രൂപ വച്ച് പ്രതിമാസം പരമാവധി 10,500/- രൂപയുമാണ് വേതനം.

## D. പ്രേരക്/അസി. പ്രേരക്മാരുടെ അവധി സംബന്ധിച്ച്

1. പ്രേരക്/അസി. പ്രേരക്മാർക്ക് വർഷത്തിൽ 12 ദിവസം കാഷ്വൽ ലീവ് അനുവദിക്കാനുള്ള അധികാരം ജില്ലാ കോ-ഓർഡിനേറ്റർമാർക്കുണ്ടായിരിക്കുന്നതാണ്.

2. മെഡിക്കൽ സർട്ടിഫിക്കറ്റോടുകൂടി വർഷത്തിൽ 30 ദിവസം ശൂന്യവേതന അവധി ഡയറക്ടർക്ക് അനുവദിക്കാം. അതിൽ കൂടുതൽ ദിവസം മെഡിക്കൽ ലീവ് അനുവദിക്കുന്നത് ഡയറക്ടറുടെ വിവേചനാധികാരമാണ്.

3. വനിതാ പ്രേരക്മാർക്ക് പ്രസവാവധി (180 ദിവസം) എല്ലാ ആനുകൂല്യങ്ങളോടും കൂടി അനുവദിക്കുന്നതാണ്. അവധിക്കാലത്ത് കേന്ദ്രത്തിൽ അസി. പ്രേരക് ഇല്ലെങ്കിൽ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട ബദൽ സംവിധാനം ജില്ലാ കോ-ഓർഡിനേറ്റർ ഏർപ്പെടുത്തേണ്ടതാണ്.

4. കാഷ്വൽ ലീവ് ഒഴികെയുള്ള എല്ലാ അവധികളും അനുവദിക്കുവാൻ ഡയറക്ടർക്ക് മാത്രമേ അധികാരമുണ്ടായിരിക്കുകയുള്ളൂ. അവധി അപേക്ഷകൾ മുൻകൂട്ടി വ്യക്തമായ ശുപാർശയോടെ കോ-ഓർഡിനേറ്റർമാർ ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്.

ഡോ.പി.എസ്. ശ്രീകല
ഡയറക്ടർ

To,

സെക്രട്ടറിമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
അക്കൗണ്ട്സ് ഓഫീസർ,
അസി.ഡയറക്ടർമാർ
എ9/ പി.എ ടു ഡയറക്ടർ
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി
എ7-1508/17/കേ.സം.സാ.മി.അ

287 / 27


# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
# KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No. 27/1461, Vanchiyoor, Convent Lane, Kammattam Road, Thiruvananthapuram-35
Phone: 0471-2472253, 2472254 Fax: 0471-2462252 E-mail: stateliteracymission@gmail.com


## സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ നടപടിക്രമം

### സംഗ്രഹം

കേ.സം.സാ.മി.അ - പ്രേരക്/അസി. പ്രേരക്മാരുടെ സേവന ഉത്തരവാദിത്തങ്ങൾ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നടപടി ഉത്തരവ് നമ്പർ : എ7-730/17/കേ.സം.സാ.മി.അ തീയതി:14.08.2017

പരാമർശം : 1. 20.03.2017 ലെ എ7-274/17/കേ.സം.സാ.മി.അ നമ്പർ ഉത്തരവ്
2. 11.08.17 ലെ എ7-718/17/കേ.സം.സാ.മി.അ നമ്പർ ഉത്തരവ്.
3. 13.07.2017 ലെ ഓഫീസർമാരുടെ യോഗ തീരുമാനം നമ്പർ 22.

### ഉത്തരവ്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന തുടർ-വികസന വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

കേരളത്തിൽ നിരക്ഷരത പൂർണമായും ഇല്ലാതാക്കുവാനും തുടർവിദ്യാഭ്യാസവും സാമൂഹ്യസാക്ഷരതയും വ്യാപകമാക്കുന്നതിനുമായി ഭരണപരമായ അനിവാര്യതയും പൊതുതാൽപര്യവും പരിഗണിച്ച് കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സാക്ഷരതാപ്രേരക്മാരെ പുനർവിന്യസിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം(1) ഉത്തരവിലെ **'ബി'**യിൽ നിഷ്കർഷിച്ചിട്ടുള്ള സേവന മാനദണ്ഡങ്ങൾ പരാമർശം(3) പ്രകാരം പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിരുന്നു. സാക്ഷരതാമിഷൻ നടപ്പിലാക്കിവരുന്ന നൂതന പദ്ധതികളുടെ ചുമതലകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രേരക്മാർക്ക് നൽകേണ്ടതുള്ളതിനാൽ പരാമർശം (1) ഉത്തരവിലെ **'ബി'**യിൽ നിഷ്കർഷിച്ചിട്ടുള്ള സേവന മാനദണ്ഡങ്ങൾ പ്രവർത്തന രൂപരേഖയായി താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ നിർദ്ദേശങ്ങൾക്ക് 2017 ഓഗസ്റ്റ് 16 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

### പ്രേരക്മാരുടെ/അസി പ്രേരക്മാരുടെ പ്രവർത്തന രൂപരേഖ

വികസന വിദ്യാകേന്ദ്രങ്ങളിലെ പ്രേരകിനും അസി. പ്രേരകിനും ഒരേ ഉത്തരവാദിത്തമാണുള്ളത്. തുടർവിദ്യാകേന്ദ്രങ്ങളിലെ പ്രേരകിനും അസി. പ്രേരകിനും ഒരേ ചുമതലകളാണുള്ളത്. ആയതിനാൽ, ഇനിയങ്ങോട്ട് ഈ നിർദ്ദേശങ്ങളിൽ പ്രേരക് എന്ന് മാത്രമാണ് സൂചിപ്പിച്ചിരിക്കുന്നത്.

1. നിരക്ഷരരെയും ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവരെയും ഔപചാരിക വിദ്യാഭ്യാസത്തിൽ നിന്ന് കൊഴിഞ്ഞുപോയവരെയും പഠനത്തിന് പ്രേരിപ്പിക്കുകയും സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന തുടർവിദ്യാഭ്യാസ അവസരങ്ങൾ അവർക്ക് ലഭ്യമാക്കുകയുമാണ് പ്രേരകിന്റെ പ്രഥമവും പ്രധാനവുമായ ചുമതല.

2. സാക്ഷരതയെന്നാൽ അക്ഷരങ്ങളും അക്കങ്ങളും എഴുതാനും വായിക്കാനുമുള്ള അറിവ് നേടുകയെന്നതുമാത്രമല്ല എന്നും അത് പൗരബോധവും മനുഷ്യാവകാശബോധവുമുള്ള ഒരു സാമൂഹ്യജീവിതത്തിന് മനുഷ്യരെ പ്രാപ്തമാക്കുന്ന പ്രക്രിയയാണെന്നുമുള്ള അടിസ്ഥാനപരമായ വസ്തുത ഒരു പ്രേരക് ഉൾക്കൊണ്ടിരിക്കണം.

3. സാമൂഹ്യപുരോഗതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ സമൂഹത്തിന്റെ താഴെത്തലത്തിൽ പ്രാവർത്തികമാക്കുവാനും ജനങ്ങളിലെത്തിക്കുവാനുമുള്ള ചുമതല പ്രേരകിനുണ്ട്.

4. മേൽപറഞ്ഞവ സമൂഹത്തിൽ യാഥാർഥ്യമാക്കുവാൻ ആത്മാർത്ഥവും സ്വയം സന്നദ്ധവുമായ പ്രവർത്തനം അനിവാര്യമാണെന്ന തിരിച്ചറിവ് പ്രേരകിനുണ്ടായിരിക്കണം.

5. സാക്ഷരതാമിഷന്റെ വാർഡ്/ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ സാക്ഷരതാസമിതികൾ രൂപീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും അതതു വാർഡുമെമ്പർമാരെ/പ്രസിഡന്റുമാരെ പ്രേരിപ്പിക്കുകയും ഈ സമിതികൾ സജീവമാക്കി നിലനിർത്തുകയും ചെയ്യേണ്ട ഉത്തരവാദിത്തം പ്രേരകിനാണ്.

6. മാസത്തിലൊരിക്കൽ സാക്ഷരതാ സമിതികൾ വിളിച്ചു ചേർക്കാൻ ശ്രദ്ധിക്കണം. സമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന സാക്ഷരതാമിഷന്റെ അംഗീകാരം വാങ്ങണം.

7. ഒരു പ്രേരകിനു കീഴിൽ കുറഞ്ഞത് 50 (രണ്ടു ബാച്ചുകളിലായി 25 വീതം) സാക്ഷരതാ പഠിതാക്കളും 20 നാലാംതരം തുല്യതാപഠിതാക്കളും 10 ഏഴാംതരം തുല്യതാപഠിതാക്കളും ഉണ്ടായിരിക്കണം. ഇവരിൽ കുറഞ്ഞത് 90% പേരെങ്കിലും പരീക്ഷ എഴുതിയിരിക്കണം.

   (സാക്ഷരതാ പഠിതാക്കളുടെ മേൽപറഞ്ഞ എണ്ണം 2018 മാർച്ച് 31 വരെ മാത്രം ബാധകമാണ്. അതിനു ശേഷം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ആകെ നിരക്ഷരരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പഠിതാക്കളുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നതാണ്.)

8. പ്രേരക് കുറഞ്ഞത് 25 പത്താംതരം തുല്യതാപഠിതാക്കളെയും 25 ഹയർസെക്കന്ററി തുല്യതാ പഠിതാക്കളെയും രജിസ്ററർ ചെയ്യിച്ചിരിക്കണം.

9. അടിസ്ഥാനചുമതല മേൽപറഞ്ഞ 7 ആയതിനാൽ ആ നിർദ്ദേശം അനുസരിക്കാത്ത പ്രേരക്മാർക്ക് ഓണറേറിയമിനത്തിൽ സർക്കാർ വിഹിതമായ 60 ശതമാനത്തിൽ 10 ശതമാനം തുക അനുവദിക്കുന്നതല്ല.

10. സാക്ഷരതാമിഷന്റെ തനതുഫണ്ട് പത്താംതരം, ഹയർസെക്കന്ററി എന്നീ തുല്യതാ കോഴ്സുകളുടെ ഫീസിനത്തിലുള്ള വരവായതിനാൽ മേൽ നിർദ്ദേശം 8 അനുസരിച്ച് രജിസ്ട്രേഷൻ നടത്താത്ത പ്രേരക്മാർക്ക് അതതു അധ്യയനവർഷം തനതുഫണ്ടിൽ നിന്നുള്ള ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

11. സാക്ഷരതാമിഷന്റെ പ്രസിദ്ധീകരണമായ അക്ഷരകൈരളി മാസികയ്ക്കായി ഓരോ വർഷവും 25 വരിക്കാരെ വാർഷികവരിക്കാരായി ഒരു പ്രേരക് ചേർത്തിരിക്കണം.

12. എല്ലാ തുടർവിദ്യാകേന്ദ്രത്തിനും താഴെ പറയുന്ന മാതൃകയിൽ ബോർഡ് ഉണ്ടായിരിക്കണം.

    കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

    തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പേര്

    തുടർവിദ്യാകേന്ദ്രത്തിന്റെ പേര്

    പ്രവർത്തന സമയം

    വെളുത്ത പശ്ചാത്തലത്തിൽ നീല നിറത്തിലാണ് രേഖപ്പെടുത്തേണ്ടത്.

13. പഠിതാക്കൾക്കും പൊതുജനങ്ങൾക്കും സേവനം പ്രയോജനപ്പെടുത്തുന്നതിനായി തുടർ വിദ്യാകേന്ദ്രം എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.30 മുതൽ വൈകുന്നേരം 5.30 വരെ തുറന്നു പ്രവർത്തിപ്പിക്കേണ്ടതാണ്.

    തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം 3.30 മുതൽ 5.30 വരെ ഫീൽഡ് വർക്ക് ചെയ്യേണ്ടതാണ്.

14. തുടർവിദ്യാകേന്ദ്രം തുറന്നുപ്രവർത്തിപ്പിക്കാൻ ഏതെങ്കിലും സാഹചര്യത്തിൽ കഴിയാതെ-വന്നാൽ അക്കാര്യം മുൻകൂട്ടി ജില്ലാ സാക്ഷരതാമിഷനേയും തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിയേയും രേഖാമൂലം അറിയിച്ചിരിക്കണം.

15. തുടർവിദ്യാകേന്ദ്രം തുറന്നു പ്രവർത്തിപ്പിക്കേണ്ട സമയത്ത് മുൻ കൂട്ടി അറിയിക്കാതെയോ അനുമതി ഇല്ലാതെയോ കേന്ദ്രം അടഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആ കേന്ദ്രത്തിലെ പ്രേരകിനെ തൽസ്ഥാനത്തുനിന്ന് ഒഴിവാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

16. സാക്ഷരതാമിഷൻ തീരുമാനിക്കുന്നതും ഈ പ്രവർത്തന രേഖയിലെ പൊതു നിർദ്ദേശത്തിനു പുറത്തുള്ളതുമായ പ്രത്യേക പരിപാടികളിൽ അവധി ദിവസങ്ങളിൽ പങ്കെടുക്കേണ്ടി വന്നാൽ ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്ന് ഡ്യൂട്ടി സർട്ടിഫിക്കറ്റ് കൈപ്പറ്റാവുന്നതും അതിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ഡ്യൂട്ടി നിർവ്വഹിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ കോംപൻസേറ്ററി ഓഫ് എടുക്കാവുന്നതുമാണ്.

17. വാർഡ്തലത്തിൽ നിരക്ഷരതാനിർമ്മാർജ്ജനസമിതി, പരിസ്ഥിതി സാക്ഷരതാസമിതി, പരിസ്ഥിതി പഠനസംഘം, സാക്ഷരതാമിഷൻ നിർദ്ദേശിക്കുന്ന മറ്റ് സമിതികൾ, പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കേണ്ട ചുമതല അതതു തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ പ്രേരകിനായിരിക്കും.

18. ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ഒന്നിലധികം പ്രേരക് ഉണ്ടെങ്കിൽ പ്രസ്തുത തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ വാർഡുകൾ തുല്യമായി വിഭജിച്ച് നൽകേണ്ടതാണ്. ഇങ്ങനെ വിഭജിച്ച് നൽകേണ്ട ഉത്തരവാദിത്തം അതതു സാക്ഷരതാസമിതികൾക്കാണ്. സാക്ഷരതാസമിതി നിലവിലില്ലാത്തിടങ്ങളിൽ ഈ ഉത്തരവാദിത്തം ജില്ലാ കോ-ഓർഡിനേറ്റർ നിർവഹിക്കേണ്ടതാണ്.

19. മേൽ നിർദ്ദേശങ്ങളെല്ലാം പ്രേരകിനും അസി. പ്രേരകിനും ഒരുപോലെ ബാധകമാണ്.

20. വികസനവിദ്യാകേന്ദ്രം പ്രേരക്മാർ മേൽപറഞ്ഞ നിർദ്ദേശങ്ങൾ കൂടാതെ ചുമതലയുള്ള തുടർ വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തന മേൽ നോട്ടവും പരിശോധനയും കൂടി നടത്തേണ്ടതാണ്.

    ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഉച്ചയ്ക്ക് 1.30 മുതൽ വൈകുന്നേരം 5.30 വരെയുള്ള സമയം തുടർവിദ്യാകേന്ദ്രങ്ങളുടെ പരിശോധനയ്ക്കായി ഉപയോഗിക്കണം. മറ്റു ദിവസങ്ങളിൽ നിർദ്ദേശം 13 വികസന വിദ്യാകേന്ദ്രം പ്രേരകിനും ബാധകമാണ്.

21. ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ പ്രേരക്മാരുടെ പ്രതിമാസ അവലോകന യോഗം വിളിച്ചു ചേർക്കേണ്ട ചുമതല അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന വിദ്യാകേന്ദ്രം പ്രേരകിനാണ്. യോഗത്തിൽ ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ളിലെ തുടർ വിദ്യാകേന്ദ്രങ്ങളുടെ മേൽനോട്ടചുമതലയുള്ള വികസന വിദ്യാകേന്ദ്രം പ്രേരക്മാരെയും പങ്കെടുപ്പിക്കേണ്ടതാണ്.

22. എല്ലാ പ്രേരക്മാരും തിങ്കളാഴ്ചകളിൽ പ്രതിവാര പ്രവർത്തനറിപ്പോർട്ട് (നിർദ്ദിഷ്ട പ്രൊഫോമയിൽ) തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

23. തുടർവിദ്യാകേന്ദ്രങ്ങളിലെ പ്രേരകിന്റെ പ്രതിമാസ ഓണറേറിയത്തിനായി സാക്ഷ്യപത്രം ജില്ലാ കോ-ഓർഡിനേറ്റർക്ക് ശുപാർശ ചെയ്തു നൽകേണ്ടത് വികസനവിദ്യാകേന്ദ്രം പ്രേരകാണ്.

24. തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രതിവാരപ്രവർത്തന റിപ്പോർട്ട് പരിശോധിച്ച് മാത്രമേ തുടർവിദ്യാകേന്ദ്രം പ്രേരകിന് ഓണറേറിയത്തിനു വികസനവിദ്യാകേന്ദ്രം പ്രേരക് ശുപാർശ ചെയ്യാവൂ.

25. തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രതിവാരപ്രവർത്തന റിപ്പോർട്ട് പരിശോധിച്ച് മാത്രമേ വികസനവിദ്യാകേന്ദ്രം പ്രേരകിന് ജില്ലാ കോ ഓർഡിനേററർ ഓണറേറിയത്തിന് ശുപാർശ ചെയ്യാവൂ.

26. വിദ്യാകേന്ദ്രങ്ങളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ഡോക്യുമെന്റേഷൻ കൃത്യമായി നടത്തി സൂക്ഷിക്കണം.

27. വിദ്യാകേന്ദ്രങ്ങളിൽ താഴെ പറയുന്ന രജിസ്റ്ററുകൾ ഉണ്ടായിരിക്കണം; അവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കണം.

    1. പ്രേരകിന്റെ ഹാജർ രജിസ്റ്റർ
    2. സാക്ഷരതാ പഠിതാക്കളുടെ പേരുവിവരം രേഖപ്പെടുത്തിയ രജിസ്റ്റർ
    3. നാലാംതരം തുല്യതാ പഠിതാക്കളുടെ പേരുവിവരം രേഖപ്പെടുത്തിയ രജിസ്റ്റർ
    4. ഏഴാംതരം തുല്യതാ പഠിതാക്കളുടെ പേരുവിവരം രേഖപ്പെടുത്തിയ രജിസ്റ്റർ
    5. രജിസ്ററർ ചെയ്യിച്ച പത്താംതരം തുല്യതാ പഠിതാക്കളുടെ പേരുവിവരം രേഖപ്പെടുത്തിയ രജിസ്റ്റർ
    6. രജിസ്ററർ ചെയ്യിച്ച ഹയർ സെക്കൻററി തുല്യതാ പഠിതാക്കളുടെ പേരുവിവരം രേഖപ്പെടുത്തിയ രജിസ്റ്റർ
    7. വർക്ക് ഡയറി
    8. സ്റ്റോക്ക് രജിസ്റ്റർ
    9. ഇൻവാർഡ് രജിസ്റ്റർ
    10. ഡസ്പാച്ച് രജിസ്റ്റർ
    11. മിനിട്സ് ബുക്കുകൾ
    12. ക്യാഷ് ബുക്ക്
    13. സന്ദർശക ഡയറി
    14. ഇൻസ്പെക്ഷൻ ഡയറി

ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കും
എല്ലാ പ്രേരക്/അസി. പ്രേരക്മാർക്കും
ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർമാർ
പി.എ ടു ഡയറക്ടർ
സ്റ്റോക്ക് ഫയൽ/ ഒ.സി
എ7-1508/17/കേ.സം.സാ.മി.അ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

291

5

A7

31/1/17

കേരള സംസ്ഥാന സാക്ഷരതാ മിഷൻ
01 FEB 2017
0705
തിരുവനന്തപുരം

GOVERNMENT OF KERALA

Abstract

General Education Department - Kerala State Literacy Mission Authority - Increase in remuneration in respect of Preraks working under Kerala State Literacy Mission Authority - Granted - Orders issued.

---

GENERAL EDUCATION (N) DEPARTMENT

G.O (Rt) No. 27/2017/G.Edn. Thiruvananthapuram, Dated, 07/01/2017.

---

Read :- Letter No. A7-4551/13/KSLMA dated 07.11.2016 from the Director, Kerala State Literacy Mission Authority.

ORDER

The Director, Kerala State Literacy Mission Authority has requested to increase the remuneration to Preraks as follows:

| Category | Daily wages | Monthly wages |
|---|---|---|
| Nodal Prerak | 500 | 15000 |
| Prerak | 400 | 12000 |
| Assistant Prerak | 350 | 10500 |

2) The Director has also requested for permission to disburse remuneration to Preraks directly from Kerala State Literacy Mission Authority before 5th of every month.

3) Government have examined the matter in detail and pleased to grant permission to raise the remuneration to the workers in Kerala State Literacy Mission Authority as follows subject to the condition that the 60% expenses will be met from the non salary grant-in-aid and 40% from the generated fund of Kerala State Literacy Mission Authority.

| Category | Daily wages | Maximum (per month) |
|---|---|---|
| Nodal Prerak | 500 | 15000 |
| Prerak | 400 | 12000 |
| Assistant Prerak | 350 | 10500 |

4) KSLMA is also permitted to disburse the remuneration directly from the mission. As the State Government will not be able to enhance Plan grant or to

provide any additional assistance in view of the severe resource crunch, the Director, KSLMA shall take action to receive central assistance for various Literacy related initiatives, and to find its own ways for fund mobilization required to meet additional expenditure owing to enhancement of wages.

**(By Order of the Governor)**
**DR. USHA TITUS**
**Secretary to Government**

To

The Director, Kerala State Literacy Mission Authority, Thiruvananthapuram.
The Accountant General (A&E/Audit), Kerala, Thiruvananthapuram.
Finance Department
(U.O(O) No. 108/Edn-B2/2016/Fin datd 19.12.2016 & 06.01.2017)
Stock file/ Office copy.

Forwarded/By Order

Section Officer.

443 293

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
**KERALA STATE LITERACY MISSION AUTHORITY**
**(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)**
T.C. No. 27/1461, Vanchiyoor, Convent Lane, Kammattam Road, Thiruvananthapuram-35
Phone: 0471-2472253, 2472254 Fax: 0471-2462252 E-mail: stateliteracymission@gmail.com

നം. എ7-4551/13/കേ.സം.സാ.മി.അ — തീയതി:04.06.2019

അയക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

എല്ലാ ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർമാരും

പ്രിയ കോ-ഓർഡിനേറ്റർ,

വിഷയം : കേ.സം.സാ.മി.അ-2019 ഏപ്രിൽ മുതലുള്ള പ്രേരക് ഓണറേറിയം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. 14.08.2017 ലെ എ7-730/17/കേ.സം.സാ.മി.അ നമ്പർ ഉത്തരവ്.
2. 10.01.2018 ലെ എ7-4551/13/കേ.സം.സാ.മി.അ നമ്പർ കത്ത്.
3. 16.02.2018 ലെ എ7-4551/13/കേ.സം.സാ.മി.അ നമ്പർ കത്ത്.
4. 27.02.2019 ലെ എ4-249/17/കേ.സം.സാ.മി.അ നമ്പർ കത്ത്.

സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന പ്രേരക്മാരുടെ ഓണറേറിയം അനുവദിക്കുന്നത് സംബന്ധിച്ച് സൂചനകളിലെ നിർദ്ദേശങ്ങൾ ഏകോപിപ്പിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. 2019 ഏപ്രിൽ മുതലുള്ള പ്രേരക് ഓണറേറിയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

1. സാക്ഷരത, നാലാംതരം തുല്യത, ഏഴാംതരം തുല്യത ഇവയ്ക്ക് മൂന്നിനും കൂടി 50 പഠിതാക്കൾ ഉണ്ടെങ്കിൽ 60% ഓണറേറിയ വിഹിതം പൂർണ്ണമായും അനുവദിക്കുന്നതാണ്. സാക്ഷരത, നാലാം തരം തുല്യത, ഏഴാംതരം തുല്യത ഇവയ്ക്ക് മൂന്നിനും കൂടി 11 മുതൽ 49 വരെ പഠിതാക്കൾ ഉണ്ടെങ്കിൽ 60% വിഹിതത്തിൽ നിന്നും 10% മാത്രം കുറയ്ക്കുന്നതാണ്. 01 മുതൽ 10 വരെ പഠിതാക്കളെ ചേർക്കുന്നവർക്ക് 60% വിഹിതത്തിന്റെ പകുതി മാത്രമേ ലഭിക്കുകയുള്ളു. സാക്ഷരത, നാലാംതരം തുല്യത, ഏഴാംതരം തുല്യത ഇവയ്ക്ക് മൂന്നിനും കൂടി ഒരു പഠിതാവിനെ പോലും ചേർക്കാത്ത പ്രേരകിന് ഓണറേറിയത്തിന്റെ സർക്കാർ വിഹിതമായ 60% പൂർണ്ണമായും നൽകുന്നതല്ല.
2. ഓണറേറിയത്തിന്റെ 40% വിഹിതം നൽകേണ്ടത് തനതുഫണ്ടിൽ നിന്നായതിനാൽ തനതു ഫണ്ടിന്റെ വരുമാനസ്രോതസായ പത്താംതരം, ഹയർസെക്കൻഡറി എന്നീ തുല്യതാകോഴ്സുകൾക്കും സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും കൂടി 50 പഠിതാക്കൾ ഉണ്ടെങ്കിൽ 40% ഓണറേറിയ വിഹിതം പൂർണ്ണമായും അനുവദിക്കുന്നതാണ്. പത്താംതരം, ഹയർസെക്കണ്ടറി തുല്യതാ കോഴ്സുകൾക്കും സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും കൂടി 11 മുതൽ 49 വരെ പഠിതാക്കളെ ചേർക്കുന്നവർക്ക് 40% വിഹിതത്തിൽ നിന്നും 10% മാത്രം കുറയ്ക്കുന്നതാണ്. 01 മുതൽ 10 വരെ

പഠിതാക്കളെ ചേർക്കുന്നവർക്ക് 40% വിഹിതത്തിന്റെ പകുതി മാത്രമേ ലഭിക്കുകയുള്ളു. പത്താം തരം, ഹയർസെക്കണ്ടറി എന്നീ രണ്ട് തുല്യതാകോഴ്സുകൾക്കും സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും കൂടി ഒരു പഠിതാവിനെപോലും ചേർക്കാത്ത പ്രേരകിന് ഓണറേറിയത്തിന്റെ 40% വിഹിതം പൂർണ്ണമായും നൽകുന്നതല്ല.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ഓണറേറിയം വിതരണം ചെയ്യാൻ പാടുള്ളു. രജിസ്ട്രേഷൻ വിവരങ്ങളും മറ്റു വിവരങ്ങളും കൃത്യമായി രേഖപ്പെടുത്താതെ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുന്ന പ്രേരക്/ അസി. പ്രേരക്/ അസി. കോ-ഓർഡിനേറ്റർ/ ജില്ലാ കോ-ഓർഡിനേറ്റർ എന്നിവർ ശിക്ഷാർഹരായിരിക്കും.

ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

ഫിനാൻസ് ഓഫീസർ

പകർപ്പ്:- എല്ലാ പ്രേരക്/അസി. പ്രേരക്മാരും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

93 321


# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
# KERALA STATE LITERACY MISSION AUTHORITY
**(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)**

"Aksharam", Near Pettah Govt. Boys HSS, Pettah P. O, Thiruvananthapuram-24

Phone: 0471-2472253, 2472254 Fax: 0471-2462252 E-mail: info.kslma@kerala.gov.in


നം. എ7-0001/21/കേ.സം.സാ.മി.അ തീയതി: 19.07.2021

അയയ്ക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

പ്രിൻസിപ്പൽ സെക്രട്ടറി
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സർ,

വിഷയം : കേ.സം.സാമി.അ-സാക്ഷരതാ പ്രേരകരുടെ ഓണറേറിയം - സംബന്ധിച്ച്.

സൂചന :
1. 27.01.2021 ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നൽകിയ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
2. 18.02.2021 ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നൽകിയ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
3. 17.03.2021 ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നൽകിയ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
4. 29.04.2021 ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നൽകിയ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
5. 26.05.2021 ൽ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
6. 26.05.2021 ൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കും ബഹു. ധനകാര്യ വകുപ്പുമന്ത്രിക്കും നൽകിയ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്തുകൾ.
7. 12.07.2021 ൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് നൽകിയ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
8. 30.05.2021 ലെ എൻ1/26/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

സൂചനകളിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. 2021 ജനുവരിയിൽ അന്നത്തെ ധനകാര്യവകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ, പ്രേരക്മാരുടെ ഓണറേറിയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നൽകണമെന്നും അതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി, നേരിട്ട് നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഉത്തരവാകണം എന്ന് സാക്ഷരതാമിഷൻ സർക്കാരിലേക്ക് ഏഴുതവണ രേഖാമൂലം അഭ്യർത്ഥിക്കുകയുണ്ടായി.

2021 ജൂലൈ 14 ന് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ ഐഎഎസ് ഇതുമായി ബന്ധപ്പെട്ട യോഗം വിളിച്ചുചേർത്തിരുന്നു. തീരുമാനം ഉത്തരവാകാൻ കുറച്ചു ദിവസങ്ങൾ കൂടി വേണ്ടിവരും എന്നും ഉത്തരവ് ഇറങ്ങുന്നതുവരെ, നിലവിൽ തുടർന്ന് പോന്നിരുന്ന വിധം സാക്ഷരതാമിഷൻ നേരിട്ട് പ്രേരക്മാർക്ക് ഓണറേറിയം നൽകണമെന്ന് നിർദ്ദേശിച്ചിരിക്കുകയുമാണ്.

2021 ഏപ്രിൽ മുതലുള്ള ഓണറേറിയമാണ് ഇപ്പോൾ കുടിശ്ശിക ഉള്ളത്. മേല്പറഞ്ഞ യോഗത്തിന്റെ മിനിട്സ് ലഭിക്കുന്ന മുറയ്ക്ക് ഏപ്രിൽ മുതലുള്ള ഓണറേറിയം വിതരണം നടത്തുമെന്ന വിവരം കൂടി അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ

47341


കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**KERALA STATE LITERACY MISSION AUTHORITY**

**(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)**

"Aksharam", Near Pettah Govt. Boys HSS, Pettah P. O, Thiruvananthapuram-24

Phone: 0471-2472253, 2472254 Fax: 0471-2462252 E-mail: info.kslma@kerala.gov.in


നം. എ7-0001/21/കേ.സം.സാ.മി.അ                                                    തീയതി:22.07.2021

അയയ്ക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

പ്രിൻസിപ്പൽ സെക്രട്ടറി
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സർ,

വിഷയം : കേ.സം.സാ.മി.അ-സാക്ഷരതാ പ്രേരകരെ - സംബന്ധിച്ച്.

സൂചന : 1. 08.07.2021 ലെ എൻ1/26/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
2. 14.07.2021 ലെ യോഗത്തിന്റെ മിനിട്സ്.

സൂചനകളിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. 2021 ജൂലൈ 14 ന് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ ഐഎഎസ് വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനപ്രകാരം പ്രേരകരുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രൊപ്പോസൽ സമർപ്പിച്ചുകൊള്ളുന്നു.

**നിലവിലെ സ്ഥിതി**

1. നിലവിൽ 1796 സാക്ഷരതാ പ്രേരക്മാരാണ് സംസ്ഥാനത്തുള്ളത്. ഇവരിൽ 249 വികസന വിദ്യാകേന്ദ്രം പ്രേരക്മാർ (നോഡൽ പ്രേരക്), 37 വികസനവിദ്യാകേന്ദ്രം അസി. പ്രേരക്മാർ (നോഡൽ അസി. പ്രേരക്), 1333 തുടർവിദ്യാകേന്ദ്രം പ്രേരക്മാർ, 177 തുടർവിദ്യാകേന്ദ്രം അസി. പ്രേരക്മാർ എന്നിവർ പ്രവർത്തിക്കുന്നു.
2. 07.01.2017 ലെ ജി.ഒ (ആർ.ടി) നം.27/2017/പൊ.വി.വ നമ്പർ ഉത്തരവുപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ഓണറേറിയം വർധിപ്പിച്ചിരുന്നു.
3. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒരു പ്രേരകെങ്കിലും ഉണ്ടാവണം എന്ന ഉദ്ദേശ്യത്തോടെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിന്റെ വാക്കാലുള്ള നിർദ്ദേശാനുസരണം പ്രേരക്മാരെ പുനർവിന്യസിച്ചിരുന്നു. ഇക്കാര്യം സാക്ഷരതാമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.
4. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചെയർപേഴ്സൺ അധ്യക്ഷയും സെക്രട്ടറി ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ കോ-ഓർഡിനേറ്ററുമായുള്ള സാക്ഷരതാ സമിതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിലവിലുണ്ട്.
5. സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന സാക്ഷരത മുതൽ ഹയർസെക്കണ്ടറി തുല്യത വരെയുള്ള കോഴ്സുകളിലേക്കും സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്കും പഠിതാക്കളെ ചേർക്കുന്ന എണ്ണം (ടാർഗറ്റ്) ആണ് ഓണറേറിയത്തിന് മാനദണ്ഡം.
6. പ്രേരക് പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാക്ഷ്യപത്രം കൂടി അടിസ്ഥാനമാക്കിയാണ് സാക്ഷരതാമിഷൻ പ്രേരക്മാർക്ക് ഓണറേറിയം നൽകുന്നത്.
7. ഇക്കാര്യങ്ങൾ അപ്ഡേറ്റ് ചെയ്യാൻ സാക്ഷരതാമിഷൻ സോഫ്ട്വെയർ തയാറാക്കിയിട്ടുണ്ട്.
8. സോഫ്ട്വെയറിൽ പ്രേരക്മാർ ദൈനംദിന പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രേരക്മാർക്ക് വർഷത്തിൽ 12 ദിവസത്തെ വേതനത്തോടുകൂടിയുള്ള കാഷ്വൽ ലീവും എല്ലാവിധ ആനുകൂല്യങ്ങളോടെയും 180 ദിവസത്തെ പ്രസവാവധിയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയടിസ്ഥാനത്തിൽ 30 ദിവസത്തെ ശൂന്യവേതന അവധിയും അനുവദിച്ചുവരുന്നു.

## നിർദേശങ്ങൾ

1. പ്രേരക്മാരുടെ നിയമനാധികാരി സാക്ഷരതാമിഷൻ ഡയറക്ടർ ആണെന്ന വ്യവസ്ഥ തുടരുക. അതായത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുള്ള വ്യവസ്ഥ പ്രകാരം പ്രേരകിനെ തെരഞ്ഞെടുത്ത് നിയമനാംഗീകാരത്തിന് സാക്ഷരതാമിഷനിലേക്ക് അറിയിപ്പു നൽകുന്ന രീതി തുടരുക. കാരണം സാക്ഷരതാപ്രേരക്മാർ എന്നാണ് അവർ അറിയപ്പെടുന്നത്. സാക്ഷരതാ, തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് അവരുടെ മുഖ്യപ്രവർത്തനങ്ങൾ. അവയ്ക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകാൻ സാക്ഷരതാമിഷന് പ്രേരക്മാരെ വിളിച്ചുചേർക്കാൻ അധികാരം ഉണ്ടായിരിക്കണം.

2. നിലവിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ പ്രേരക്മാരെ നിലനിർത്താവുന്നതാണ്. പ്രേരക്മാർ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഒന്നിലധികം പേരുള്ള തൊട്ടടുത്ത തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്ന് പുനർവിന്യസിച്ചാൽ മതിയാകും.

3. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി പ്രേരക്മാരുടെ പ്രവർത്തനങ്ങൾ തുടർന്നും മോണിട്ടർ ചെയ്യണം എന്ന് നിർദ്ദേശിക്കാം.

4. പ്രേരക്മാരുടെ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മോണിട്ടർ ചെയ്യുന്നതിനാൽ ദൈനംദിന പ്രവർത്തനങ്ങൾ പ്രേരക്മാർ സോഫ്ട്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്ന രീതി തുടരേണ്ടതില്ല.

5. ടാർഗറ്റ് വ്യവസ്ഥ തുടരേണ്ടതുണ്ട്. വർഷത്തിൽ രണ്ടുമാസമാണ് പഠിതാക്കളെ ചേർക്കേണ്ടത്. ടാർഗറ്റ് വ്യവസ്ഥ ഇല്ലെങ്കിൽ ഒരാളെ പോലും ചേർക്കാത്ത പ്രേരകും നൂറിലധികം പേരെ ചേർക്കുന്ന പ്രേരകും ഒരുപോലെ ഓണറേറിയം കൈപ്പറ്റുന്ന അനീതി ഉണ്ടാവും.

6. ദിവസവേതനാടിസ്ഥാനത്തിലാണ് ഓണറേറിയം എന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, പ്രേരക്മാർ പ്രവൃത്തിയെടുത്ത ദിവസങ്ങളുടെ എണ്ണം, അവധി വിവരങ്ങൾ എന്നിവ സോഫ്ട്‌വെയറിൽ രേഖപ്പെടുത്തേണ്ടതാണ്. ഇത് ഓരോ മാസവും ആദ്യത്തെ പ്രവൃത്തി ദിവസം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി നിർവഹിച്ചാൽ മാത്രമേ ഓണറേറിയം ഓരോ മാസവും അഞ്ചാം തീയതിക്കുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കാൻ സാക്ഷരതാമിഷന് കഴിയുകയുള്ളു.

7. ടാർഗറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി സോഫ്ട്‌വെയറിൽ രേഖപ്പെടുത്തുന്ന പ്രവൃത്തി വിവരം എന്നിവയുടെ അടിസ്ഥാനത്തിൽ സാക്ഷരതാമിഷന്റെ സോഫ്ട്‌വെയർ പ്രകാരം ഓണറേറിയം നിശ്ചയിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാക്ഷരതാമിഷൻ അറിയിക്കും. ആ ഓണറേറിയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന രീതിയാവും നല്ലത്. സാക്ഷരതാമിഷനും സാക്ഷരതാ പ്രേരകും തമ്മിലുള്ള ബന്ധത്തിന് ഇത് ആവശ്യമാണ്.

8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങൾക്ക് പ്രേരക്മാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

9. സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന സാമൂഹ്യ സാക്ഷരതാ പ്രവർത്തനങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലെ കോ-ഓർഡിനേഷൻ പ്രേരക്മാർ തുടർന്നും നിർവഹിക്കുക.

10. പ്രേരക്മാരുടെ ഇൻഷുറൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി അടയ്ക്കാൻ നിർദേശിക്കുക.

11. പ്രേരക്മാർക്കുള്ള ചികിത്സാ ധനസഹായം, പ്രേരക്മാരുടെ കുടുംബത്തിനുള്ള മരണാനന്തര ധനസഹായം എന്നിവ നിലവിൽ ഉള്ളതുപോലെ തന്നെ സാക്ഷരതാമിഷന്റെ തനതു ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്.

വിശ്വസ്തതയോടെ

ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ

കേരള സംസ്ഥാന സാക്ഷരതാ മിഷൻ
1256
04 APR 2022
തിരുവനന്തപുരം

## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സംസ്ഥാന സാക്ഷരത മിഷനു കീഴിൽ ജോലി ചെയ്യുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (കൈ)നം. 72/2022/തസ്വഭവ, തിരുവനന്തപുരം, തീയതി: 31.03.2022

---

പരാമർശം :

1. കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 27/01/2021-ലെ നം.എ 7-0001/21/കേ.സാ.മി.അ. നമ്പർ പ്രൊപ്പോസൽ.
2. 13/07/2021, 18/07/2021, 23/09/2021, 24/09/2021 എന്നീ തീയതികളിൽ സാക്ഷരതാ പ്രേരക് മാർ സമർപ്പിച്ച നിവേദനങ്ങൾ.
3. 14/07/2021-ലെ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.
4. 22/07/2021-ൽ കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ നം.എ 7-0001/21/കേ.സാ.മി.അ. നമ്പർ പ്രൊപ്പോസൽ.
5. 6/11/2021-ൽ സാക്ഷരതാ മിഷൻ ഡയറക്ടർ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്ത്.

A7
4/4/22

### ഉത്തരവ്

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതാണെന്നും ഇവരുടെ അലവൻസ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി ലഭ്യമാക്കുമെന്നും, സാക്ഷരതാ മിഷന് 18 കോടി രൂപ വകയിരുത്തുന്നുവെന്നും 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു. സാക്ഷരതാ മിഷനു കീഴിലുള്ള 1796 പ്രേരക്മാരെയാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കേണ്ടത്. ഇതേ ആവശ്യം ഉന്നയിച്ച് പരാമർശം (2) പ്രകാരം സാക്ഷരതാ പ്രേരക് മാർ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചു. പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14.07.2021-ന് യോഗം ചേരുകയും . ടി യോഗത്തിൽ പ്രേരക്മാരുടെ ഓണറേറിയം സംബന്ധിച്ച നിലവിലെ വ്യവസ്ഥ, പുനർവിന്യസിച്ചതിനുശേഷം വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രേരകുകളുടെ വേതന ഇനത്തിൽ ഉണ്ടാകുന്ന ബാധ്യത, ഇൻഷ്വറൻസ്, ചികിത്സാ

ധനസഹായം തുടങ്ങിയ ചെലവുകൾ എങ്ങനെ വഹിക്കും തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി വിശദമായ concept നോട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ സാക്ഷരതാ മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടു. സാക്ഷരതാ മിഷൻ ഡയറക്ടർ ടി വിഷയം സംബന്ധിച്ച് പരാമർശം (4) പ്രകാരം വിശദമായ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രേരക് മാരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പുനർവിന്യസത്തിന് തത്വത്തിൽ അംഗീകാരം നൽകികൊണ്ടും, പ്രേരക് മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിലുണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തന വിലയിരുത്തലിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് മൂന്നു മാസത്തിനകം ശിപാർശ സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ റിസോഴ്സസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്ത് കൊണ്ടും ഉത്തരവാകുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതു വരെ ഓണറേറിയം നൽകുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി തുടരേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1) കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ, തിരുവനന്തപുരം
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
5) പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്.
6) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.643 തീയതി 30.03.2022)
7) ധനകാര്യ (ഡെവ) വകുപ്പ് (05.11.2021 ലെ നം.1883548/ഡെവ-2/267/2021/ധന)
8) വിവര പൊതുജന സമ്പർക്ക വകുപ്പ് (web & new media)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

-401-


കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**KERALA STATE LITERACY MISSION AUTHORITY**

**(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)**

"Aksharam", Near Pettah Govt. Boys HSS, Pettah P. O, Thiruvananthapuram-24

Phone: 0471-2472253, 2472254 Fax: 0471-2462252 E-mail: info.kslma@kerala.gov.in


നം. എ7-0001/21/കേ.സം.സാ.മി.അ തീയതി:07.06.22

അയയ്ക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

സെക്രട്ടറി
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സർ,

വിഷയം : കേ.സം.സാ.മി.അ- പൊ.വി.വ (എൻ) വകുപ്പ്- സാക്ഷരതാ പ്രേരകരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം- സംബന്ധിച്ച്.

സൂചന :
1. 04.06.2022 ലെ എൻ1/26/201/പൊവിവ നമ്പർ സർക്കാർ കത്ത്.
2. 20.03.2017 ലെ എ7-274/17/കേ.സം.സാ.മി.അ നമ്പർ നടപടിക്രമം
3. 14.08.2017 ലെ എ7-730/17/കേ.സം.സാ.മി.അ നമ്പർ നടപടിക്രമം
4. 04.06.19 ലെ എ7-4551/13/കേ.സം.സാ.മി.അ നമ്പർ കത്ത്

സൂചന പ്രകാരം ആവശ്യപ്പെട്ട മറുപടി ചുവടെ ചേർക്കുന്നു.

1. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രേരക്മാർ ഇല്ല
2. 2018-19 സാമ്പത്തിക വർഷത്തിൽ 60% പ്രേരക് ഓണറേറിയം ഇനത്തിൽ 13,25,66,995.80 രൂപയും 40% ഓണറേറിയം ഇനത്തിൽ 7,03,53,189/- രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 60% പ്രേരക് ഓണറേറിയം ഇനത്തിൽ 10,62,94,030/- രൂപയും 40% ഓണറേറിയം ഇനത്തിൽ 3,26,53,600/- രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 60% പ്രേരക് ഓണറേറിയം ഇനത്തിൽ 8,11,72,506/- രൂപയും 40% ഓണറേറിയം ഇനത്തിൽ 6,79,08,515/- രൂപയും അനുവദിച്ചിട്ടുണ്ട്. പ്രേരകരുടെ മരണാനന്തരധനസഹായം 10,00,000/- രൂപയും ചികിത്സാധനസഹായമായി 8,50,000/- രൂപയും അനുവദിച്ചിട്ടുണ്ട്.2018-19, 2019-20 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.
3. പ്രേരക്മാരുടെ സേവനവേതന വ്യവസ്ഥകൾക്കും മറ്റാനുകൂല്യങ്ങൾക്കുമായി കോർപ്പസ് ഫണ്ട് ഇല്ല.
4. പ്രേരക്മാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാറുണ്ട്. നടപടി സ്വീകരിക്കുന്നത് നിയമനാധികാരിയായ ഡയറക്ടർ ആണ്.

5&6 പ്രേരക്മാരുടെ നിയമന-സേവന-വേതന-അവധി വ്യവസ്ഥകൾ സംബന്ധിച്ച് സൂചന 1,2 പ്രകാരമുള്ള നടപടിക്രമങ്ങൾ അനുബന്ധം 2,3 ആയി ചേർക്കുന്നു.സ്ഥലംമാറ്റത്തിനായി പ്രത്യേക വ്യവസ്ഥയില്ല എന്നാൽ പ്രേരക്മാരില്ലാത്ത പഞ്ചായത്തുകളിൽ സാക്ഷരതാപ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് ഒന്നിലധികം പ്രേരക്മാർ പ്രവർത്തിക്കുന്ന പഞ്ചായത്തുകളിൽ നിന്നും പ്രേരക്മാർ ഇല്ലാത്ത പഞ്ചായത്തുകളിലേയ്ക്ക് സാക്ഷരതാമിഷൻ പ്രേരക്മാരെ പുനർവിന്യസിച്ചിട്ടുണ്ട്.

7 പ്രേരക്മാർ മൊബൈൽ ആപ് വഴി തങ്ങളുടെ ഡെയ്‌ലി റിപ്പോർട്ട് ഓണറേറിയം സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുകയാണ് ചെയ്യുന്നത്. ഇവ അതത് ജില്ലാ സാക്ഷരതാമിഷൻ ഓഫീസിൽ നിന്ന് അപ്രൂവൽ ചെയ്തു വരുന്നു.നെറ്റ് പ്രോബ്ലം ,ഫോൺ കേട് എന്നിവ ഉള്ളതായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,കോട്ടയം എന്നീ ജില്ലകൾ അറിയിച്ചിട്ടുണ്ട്. മറ്റെല്ലാ ജില്ലകളും പരാതിയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി നാല് ജില്ലകൾ ചൂണ്ടികാണിച്ച പ്രശ്ന പരിഹാരത്തിനായി സാക്ഷരതാമിഷന്റെ എല്ലാ ജില്ലാ ഓഫീസിലും പ്രേരക് മോണിറ്ററിംഗ് സിസ്റ്റം ചെയ്യാൻ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

8. പ്രേരക് ഓണറേറിയം തിട്ടപ്പെടുത്തുന്നതിന്റെ മാനദണ്ഡം സംബന്ധിച്ച സൂചന 4 പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുബന്ധം 4 ആയി വച്ചിരിക്കുന്നു.

9. പ്രേരക്മാരുടെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ 2 ഓഫീസ് സ്റ്റാഫും ജില്ലാതലത്തിൽ ഓരോ ജില്ലയിലും 1 ഓഫീസ് സ്റ്റാഫും പ്രവർത്തിച്ചു വരുന്നു.

വിശ്വസ്തതയോടെ

എ.ജി.ഒലീന
ഡയറക്ടർ

433


# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
# KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
"Aksharam", Near Govt. Boys H S S Pettah, Pettah P.O., Thiruvananthapuram-24
Phone: 0471-2472254, 2472253, Fax: 0471-2462252, e-mail: info.kslma@kerala.gov.in


നമ്പർ: എ7-0001/21/കേ.സം.സാ.മി.അ തീയതി: 08.06.2022

അയയ്ക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

പ്രിൻസിപ്പൽ സെക്രട്ടറി
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സർ,

വിഷയം: കേ.സം.സാ.മി.അ - സാക്ഷരതാപ്രേരക് - പുനർവിന്യാസം സംബന്ധിച്ച്.

സൂചന : 08.06.2022ൽ പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിൽനിന്നും ലഭിച്ച ഇ-മെയിൽ സന്ദേശം.

പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിൽനിന്നുള്ള ഫോൺ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇ-മെയിൽ മുഖാന്തരം ലഭ്യമായ രേഖയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. Functions to be carried out**

സാക്ഷരതാമിഷനുമായി ബന്ധപ്പെട്ട് പ്രേരക്മാർ നിർവഹിക്കേണ്ട ചുമതലകൾ:

- നിരക്ഷരരുടെയും ഔപചാരികവിദ്യാഭ്യാസം നേടാൻ കഴിയാത്തവരെയും ഔപചാരികവിദ്യാഭ്യാസത്തിൽനിന്നു കൊഴിഞ്ഞുപോയവരെയും പഠനത്തിന് പ്രേരിപ്പിക്കുകയും സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന സാക്ഷരത-തുടർവിദ്യാഭ്യാസ അവസരങ്ങൾ അവർക്ക് ലഭ്യമാക്കുകയുമാണ് പ്രേരകിന്റെ പ്രഥമവും പ്രധാനവുമായ ചുമതല.
- സാക്ഷരതാമിഷന്റെ വാർഡ്/ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ സാക്ഷരതാസമിതികൾ രൂപീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും അതത് വാർഡ് മെമ്പർമാരെ/പ്രസിഡന്റുമാരെ പ്രേരിപ്പിക്കുകയും ഈ സമിതികൾ സജീവമാക്കി നിലനിർത്തുകയും ചെയ്യേണ്ട ഉത്തരവാദിത്തം പ്രേരകിനാണ്. എല്ലാ മാസവും വാർഡ്തല സാക്ഷരതാ സമിതികൾ വിളിച്ചുചേർക്കേണ്ട ചുമതലയും പ്രേരകിനാണ്.
- സാക്ഷരത, നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാകോഴ്സുകളുടെയും സർട്ടിഫിക്കറ്റ് കോഴ്സുകളുടെയും രജിസ്ട്രേഷൻ, ക്ലാസുകളുടെ സംഘാടനം, ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, സർക്കാർ നയത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന സാമൂഹ്യബോധവൽക്കരണപ്രവർത്തനങ്ങൾ (ആരോഗ്യം, പരിസ്ഥിതി, ജൻഡർ, നവോത്ഥാനം, ഇ-സാക്ഷരത) താഴെ തട്ടിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ.

- സാക്ഷരതാമിഷൻ നടത്തുന്ന എല്ലാ കോഴ്സുകളെയും സംബന്ധിച്ചുള്ള പൂർണ്ണമായ വിവരം നിരന്തരം അവരവർ പ്രവർത്തിക്കുന്ന മേഖലകളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തുക. തുടർവിദ്യാകേന്ദ്രം പ്രേരക്മാർ ആഴ്ചതോറും പ്രവർത്തനറിപ്പോർട്ട് തയാറാക്കേണ്ടതും ഈ റിപ്പോർട്ട് വികസനവിദ്യാകേന്ദ്രം പ്രേരക്മാർ പരിശോധിക്കേണ്ടതുമാണ്. തുടർവിദ്യാകേന്ദ്രം പ്രേരക്മാർ ഓരോ ആഴ്ചയിലേയും മുൻകൂർ വർക്ക് പ്ലാൻ അതത് വികസനവിദ്യാകേന്ദ്രം പ്രേരക്മാർക്ക് സമർപ്പിക്കേണ്ടതാണ്.
- വികസനവിദ്യാകേന്ദ്രം പ്രേരക്മാർ/അസി. പ്രേരക്മാർ ആഴ്ച റിപ്പോർട്ട് തയാറാക്കി ചുമതലയുള്ള മേലുദ്യോഗസ്ഥന് (നിലവിൽ ചുമതല ജില്ലാ അസി. പ്രോജക്ട് കോ-ഓർഡിനേറ്റർക്ക്) നൽകേണ്ടതാണ്.
- തുടർവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനറിപ്പോർട്ട് ക്രോഡീകരിച്ച് അവലോകനയോഗത്തിൽ സമർപ്പിക്കേണ്ടത് വികസനവിദ്യാകേന്ദ്രം പ്രേരക്മാർ/അസി. പ്രേരക്മാരുടെ ചുമതലയാണ്.
- വികസനവിദ്യാകേന്ദ്രം പ്രേരക്മാർ എല്ലാ മാസവും 25 നുമുമ്പായി തങ്ങൾക്ക് ചുമതലയുള്ള വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട മേലുദ്യോഗസ്ഥന് (അസി. പ്രോജക്ട് കോ-ഓർഡിനേറ്റർക്ക്) സമർപ്പിക്കേണ്ടതാണ്. വികസനവിദ്യാകേന്ദ്രം പ്രേരക്മാർ ഓരോ ആഴ്ചയിലെയും പ്രതിവാര വർക്ക് പ്ലാൻ മേലുദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. എല്ലാ മാസവും 25-ാം തീയതിക്കുമുമ്പായി വികസനവിദ്യാകേന്ദ്രം പ്രേരക്മാർ ചുമതലയുള്ള വിദ്യാകേന്ദ്രങ്ങളുടെ അവലോകനയോഗം സംഘടിപ്പിക്കേണ്ടതാണ്.
- വികസനവിദ്യാകേന്ദ്രം പ്രേരക്മാർ ജില്ലാതലത്തിൽ വിളിച്ചുചേർക്കുന്ന അവലോകനയോഗത്തിൽ വികസനവിദ്യാകേന്ദ്രത്തിന്റെയും ചുമതലയുള്ള വിദ്യാകേന്ദ്രങ്ങളുടെയും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. ജില്ലാതല അവലോകനയോഗത്തിന്റെ അടുത്തദിവസം വികസനവിദ്യാകേന്ദ്രങ്ങളുടെ കീഴിലുള്ള വിദ്യാകേന്ദ്രം പ്രേരക്മാരുടെ യോഗം വിളിച്ചുചേർത്ത് ജില്ലാതല തീരുമാനങ്ങൾ അറിയിക്കേണ്ടതാണ്.
- പ്രേരക് ഓരോ വിദ്യാകേന്ദ്രത്തിലും സാക്ഷരതാക്ലാസുകൾ, തുല്യതാകോഴ്സുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- സാക്ഷരതാമിഷന്റെ ഗുണഭോക്താക്കളായ പഠിതാക്കളെ രജിസ്റ്റർ ചെയ്ത് ക്ലാസിലെത്തിക്കുകയും പഠനം പൂർത്തിയാക്കുന്നതിനുമുള്ള ഉത്തരവാദിത്തം പ്രേരകിന്റേതാണ്.
- ചുവടെ ചേർക്കുന്ന രജിസ്റ്ററുകൾ വിദ്യാകേന്ദ്രങ്ങളിൽ പ്രേരക്മാർ സൂക്ഷിക്കേണ്ടതാണ്.
  1. ഹാജർബുക്ക് (പ്രേരക്മാർ)
  2. നാലാംതരം, ഏഴാംതരം പഠിതാക്കളുടെ ഹാജർബുക്ക്
  3. ഗുണഭോക്തൃ രജിസ്റ്റർ
  4. മിനിറ്റ്സ് ബുക്ക്
  5. ഇൻസ്പെക്ഷൻ രജിസ്റ്റർ
  6. ക്യാഷ്ബുക്ക്
  7. സ്റ്റോക്ക്ബുക്ക്
  8. പ്രോഗ്രാം രജിസ്റ്റർ
  9. ഡോക്യുമെന്റേഷൻ
- പ്രേരക്മാരുടെ പ്രതിദിന പ്രവർത്തന റിപ്പോർട്ട് കെൽട്രോൺ മുഖാന്തരം തയാറാക്കി നൽകിയിട്ടുള്ള സോഫ്റ്റ്വെയറിലൂടെ അപ്‌ലോഡ് ചെയ്യേണ്ട ചുമതലയും പ്രേരകിന്റേതാണ്.

- സാക്ഷരതാമിഷന്റെ പ്രസിദ്ധീകരണമായ അക്ഷരകൈരളി മാസികയ്ക്കായി വരിക്കാരെ ചേർക്കണം.
- പഠിതാക്കൾക്കും പൊതുജനങ്ങൾക്കും സേവനം പ്രയോജനപ്പെടുത്തുന്നതിനായി തുടർവിദ്യാകേന്ദ്രം എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 10.30 മുതൽ വൈകുന്നേരം 5.30 വരെ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്.
- വാർഡ്തലത്തിൽ നിരക്ഷരതാനിർമ്മാർജ്ജന സമിതി, പരിസ്ഥിതി സാക്ഷരതാസമിതി, പരിസ്ഥിതി പഠനസംഘം, സാക്ഷരതാമിഷൻ നിർദ്ദേശിക്കുന്ന മറ്റ് സമിതികൾ, പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കേണ്ട ചുമതല അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രേരകിനാണ്.
- എല്ലാ പ്രേരക്മാരും തിങ്കളാഴ്ചകളിൽ പ്രതിവാര പ്രവർത്തന റിപ്പോർട്ട് (നിർദ്ദിഷ്ട പ്രൊഫോർമയിൽ) തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- തുടർവിദ്യാകേന്ദ്രത്തിലെ പ്രേരകിന്റെ പ്രതിമാസ ഓണറേറിയത്തിനായി സാക്ഷ്യപത്രം ജില്ലാ കോ-ഓർഡിനേറ്റർക്ക് ശിപാർശ ചെയ്ത് നൽകേണ്ടത് വികസനവിദ്യാകേന്ദ്രം പ്രേരകാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രതിവാര പ്രവർത്തന റിപ്പോർട്ട് പരിശോധിച്ച് മാത്രമേ തുടർവിദ്യാകേന്ദ്രം പ്രേരകിന് ഓണറേറിയത്തിന് വികസനവിദ്യാകേന്ദ്രം പ്രേരക് ശിപാർശ ചെയ്യാവൂ.

## 2. Mode of honorarium payment

കെൽട്രോൺ മുഖാന്തരം തയാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ വഴി തയാറാക്കിയ ഓണറേറിയം സാക്ഷരതാമിഷൻ നേരിട്ട് പ്രേരക്മാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിവരുന്നു. ഓണറേറിയം നൽകുന്നതിന് മുന്നോടിയായി തദ്ദേശസ്വയംഭരണ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രവർത്തന റിപ്പോർട്ടിന്മേലുള്ള സാക്ഷ്യപത്രം, പ്രേരക്മാരുടെ ലീവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ജില്ലാതലത്തിൽ പരിശോധിച്ച് സംസ്ഥാന ഓഫീസിലേക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രേരക്മാർക്ക് അനുവദിക്കുന്നതിനായി തയാറാക്കിയ ഓണറേറിയം ഇ-വെരിഫിക്കേഷനായി അതത് ജില്ലാ സാക്ഷരതാമിഷന് തിരികെ നൽകുകയും വെരിഫൈ ചെയ്ത് ജില്ലകളിൽനിന്നും സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാന സാക്ഷരതാമിഷനിലേക്ക് നൽകുകയുമാണ് ചെയ്തുവരുന്നത്. അപ്രകാരം സോഫ്റ്റ്‌വെയറിലൂടെ ജില്ലകളിൽനിന്നും ലഭ്യമാകുന്ന ഓണറേറിയം സ്റ്റേറ്റ്മെന്റുകൾ നിലവിലെ സർക്കാർ ഉത്തരവനുസരിച്ച് സർക്കാർ വിഹിതമായ 60%, സാക്ഷരതാമിഷൻ വിഹിതമായ 40% ഓണറേറിയം തുക (ടാർജറ്റ് പൂർത്തീകരിച്ച പ്രകാരമുള്ള) എസ് ബി ഐ/മറ്റ് ബാങ്കുകൾ എന്ന ക്രമത്തിൽ പ്രത്യേകം ചിട്ടപ്പെടുത്തിയശേഷം ഫയൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രേരക്മാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കോർബാങ്കിങ് മുഖേന നൽകിവരുന്നു.

## 3. Establishment Benefits

- പ്രേരക്മാർക്ക് വർഷത്തിൽ 12 ദിവസം ആകസ്മികാവധി അനുവദിക്കുന്നുണ്ട്.
- മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 30 ദിവസം വേതനരഹിത അവധി അനുവദിക്കുന്നുണ്ട്.
- വനിതാപ്രേരക്മാർക്ക് എല്ലാ ആനുകൂല്യങ്ങളോടുംകൂടി പ്രസവാവധി (180 ദിവസം) അനുവദിക്കുന്നുണ്ട്.
- സാക്ഷരതാമിഷൻ തീരുമാനിക്കുന്നതും പ്രേരക് പ്രവർത്തനരൂപരേഖയിലെ പൊതുനിർദ്ദേശത്തിനുപുറത്തുള്ളതുമായ പ്രത്യേക പരിപാടികളിൽ അവധി ദിവസങ്ങളിൽ പങ്കെടുക്കേണ്ടി

വന്നാൽ ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി അറിയിച്ചുകൊണ്ട് ഡ്യൂട്ടി നിർവഹിച്ച തീയതിമുതൽ ഒരുമാസത്തിനുള്ളിൽ കോമ്പൻസേറ്ററി ഓഫ് എടുക്കുന്നതിനുള്ള അനുമതിയുണ്ട്.

- പ്രേരകായിരിക്കെ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 75,000/- രൂപ തനത്ഫണ്ടിൽനിന്നും അനുവദിച്ചുവരുന്നു.

- പ്രേരകായിരിക്കെ ഗുരുതരമായ അസുഖങ്ങൾ (ഹൃദയ സംബന്ധം, കരൾ സംബന്ധം, വൃക്ക സംബന്ധം, അവയവമാറ്റം) പിടിപെടുന്നവർക്ക് ചികിത്സാധനസഹായമായി സേവനകാലയളവിൽ ഒറ്റത്തവണമാത്രമായി 50,000/- രൂപ തനത്ഫണ്ടിൽനിന്നും അനുവദിച്ചുവരുന്നു.

- പ്രേരക്മാർക്ക് 2020 വരെ സാക്ഷരതാമിഷനിൽനിന്നും ഗ്രൂപ്പ് & ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷ നൽകിവന്നിരുന്നു. 2021ലെ ബജറ്റിൽ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുമെന്നും ഇവർക്കുള്ള ഓണറേറിയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നേരിട്ട് നൽകുമെന്നും ബഹു. ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രേരക്മാരുടെ ഓണറേറിയം ഉൾപ്പെടെ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം ലഭ്യമാകാതിരുന്നതിനാൽ തുടർന്ന് ഇൻഷ്വറൻസ് പുതുക്കിയിരുന്നില്ല.

- പത്താംതരം, ഹയർസെക്കൻഡറി തുല്യതാകോഴ്സും സർട്ടിഫിക്കറ്റ് കോഴ്സും നടന്നുവരുന്ന പഠനക്ലാസുകളുടെ സെന്റർ കോ-ഓർഡിനേറ്റർമാരുടെ ചുമതല നിഷ്കർഷിച്ച യോഗ്യതയുള്ള പ്രേരക്മാർക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത ചുമതല നിർവഹിക്കുന്നതിന് ഓണറേറിയത്തിനുപുറമെ ഒരു നിശ്ചിത തുക പ്രതിഫലമായി അനുവദിച്ചുവരുന്നു.

വിശ്വസ്തതയോടെ,

Oleena
8/06/2022

ഒലീന എ ജി

ഡയറക്ടർ

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
"Aksharam", Near Govt. Boys H S S Pettah, Pettah P.O.,Thiruvananthapuram-24
Phone: 0471-2472254, 2472253, Fax: 0471-2462252, e-mail: stateliteracymission@gmail.com

നമ്പർ: എ7-0001/21/കേ.സം.സാ.മി.അ

തീയതി: 16.07.2022

അയയ്ക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

വിഷയം: കേ.സം.സാ.മി.അ - സാക്ഷരതാപ്രേരക്മാരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേക്കുള്ള പുനർവിന്യാസം സംബന്ധിച്ച്.

സൂചന : 13.07.2022ലെ എൻ1/26/2021/പൊവിവ നമ്പർ കത്ത്.

സൂചനയിലേക്ക് മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിൽ പഠനാവസരം ലഭിക്കാതെ പോയവരെയും തുടർപഠനം സാധ്യമാകാത്തവരെയും കണ്ടെത്തി പഠനാവസരം നൽകിക്കൊണ്ട് പാർശ്വവത്കരിക്കപ്പെടാത്ത സമൂഹത്തിന് രൂപം നൽകുകയാണ് സാക്ഷരതാമിഷൻ. ഇതിനായി നിരക്ഷരർക്ക് സാക്ഷരതാകോഴ്സും (4 മാസം) ഔപചാരികതലത്തിൽ തുടർന്ന് പഠനാവസരം ലഭിക്കാൻ സാധ്യതയില്ലാത്തവർക്ക് സാക്ഷരതാകോഴ്സിനുശേഷം നാലാംതരം (6 മാസം), ഏഴാംതരം (8 മാസം), പത്താംതരം (10 മാസം), ഹയർസെക്കൻഡറി (2 അധ്യയനവർഷം) എന്നീ തുല്യതാകോഴ്സുകളും മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളുടെ വിനിമയശേഷി വർദ്ധിപ്പിക്കുന്നതിനായി പച്ചമലയാളം, അച്ഛീഹിന്ദി, ഗുഡ്ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സുകളും സാക്ഷരതാമിഷൻ നടപ്പാക്കിവരുന്നു.

വിവിധ മേഖലകളിലെ പരിമിതികൾ കാരണം പഠനം ലഭിക്കാത്തവർക്കുവേണ്ടി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കിവരുന്നു. ആദിവാസിമേഖലയിൽപെട്ടവർക്കുവേണ്ടി വയനാട് സമ്പൂർണ്ണ ആദിവാസിസാക്ഷരതാപദ്ധതി, അട്ടപ്പാടി സമ്പൂർണ്ണ ആദിവാസി സാക്ഷരതാപദ്ധതി, ആറളം ഫാമിലെ ആദിവാസികൾക്കായി 'ആദിശ്രീ' സാക്ഷരതാപരിപാടി, ട്രാൻസ്ജൻഡേഴ്സിനുവേണ്ടി 'സമന്വയ' തുടർവിദ്യാഭ്യാസപരിപാടി, തിരുവനന്തപുരം നഗരസഭയും സംസ്ഥാന സാക്ഷരതാമിഷനും ചേർന്ന് തിരുവനന്തപുരം നഗരസഭാനിവാസികൾക്കുവേണ്ടി അക്ഷരശ്രീ പദ്ധതി, ഇതരസംസ്ഥാന തൊഴിലാളികൾക്കായി 'ചങ്ങാതി' പദ്ധതി, തീരദേശനിവാസികൾക്കുവേണ്ടി അക്ഷരസാഗരം, കുടുംബശ്രീ മിഷനുമായി ചേർന്ന് 'സമ' എന്നീ പദ്ധതികളും നടന്നു വരുന്നു.

സംസ്ഥാന സാക്ഷരതാമിഷന്റെ നിർദേശപ്രകാരം 14 ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴി തുടർവിദ്യാകേന്ദ്രങ്ങളിലൂടെ കോഴ്സുകളും പദ്ധതികളും നടന്നുവരുന്നു. തുടർവിദ്യാകേന്ദ്രങ്ങളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടിൽ സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പ്രേരക്മാരാണ്.

**ധനസമാഹരണം**

**ധനസഹായം :** പ്രസ്തുത പദ്ധതികൾക്കും ജീവനക്കാരുടെ ശമ്പളം, പ്രേരക്മാരുടെ ഓണറേറിയം, മറ്റ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നത് സർക്കാർ ഗ്രാന്റായി ബജറ്റിൽ ഉൾപ്പെടുത്തി നൽകുന്ന വിഹിതം ഉപയോഗിച്ചാണ്. 2022-23 വർഷം 1800 ലക്ഷം രൂപയാണ് പദ്ധതി വിഹിതമായി ബജറ്റിൽ അനുവദിച്ചിട്ടുള്ളത്.

**തനത് ഫണ്ട് :** പത്താംതരം തുല്യത/ഹയർസെക്കൻഡറി തുല്യത, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവയുടെ കോഴ്സ്/രജിസ്ട്രേഷൻ ഫീസ് ആണ് സാക്ഷരതാമിഷന്റെ തനത് വരുമാനം. ഫീസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പത്താംതരം തുല്യത | - | 1850/- (രജിസ്ട്രേഷൻ ഫീസ് 100/- + കോഴ്സ് ഫീസ് 1750/-) |
| ഹയർസെക്കൻഡറി തുല്യത (ഒന്നാം വർഷം) | - | 2500/- (രജിസ്ട്രേഷൻ ഫീസ് 100/-+ അഡ്മിഷൻ ഫീസ് 200/- + കോഴ്സ് ഫീസ് 2200/-) |
| ഹയർസെക്കൻഡറി തുല്യത (രണ്ടാം വർഷം) | - | 2200/- (കോഴ്സ് ഫീസ് 2200/-) |
| *സർട്ടിഫിക്കറ്റ് കോഴ്സ്* | - | 2500/- |

*ഒരു വർഷത്തെ ശരാശരി രജിസ്ട്രേഷൻ*

| | | |
|---|---|---|
| പത്താംതരം | - | 17,000 |
| ഹയർസെക്കൻഡറി | - | 15,000 |
| പച്ചമലയാളം | - | 300 |
| അച്ഛീഹിന്ദി | - | 150 |
| ഗുഡ് ഇംഗ്ലീഷ് | - | 2500 |

**ബജറ്റ് വിഹിതത്തിൽനിന്നുള്ള നിർദ്ദിഷ്ട ചെലവുകൾ** (ജീവനക്കാരുടെ ശമ്പളം, പ്രേരക്മാരുടെ 60% ഓണറേറിയം, പദ്ധതികൾക്കുള്ള ചെലവുകൾ, മറ്റ് ഓഫീസ് ചെലവുകൾ മുതലായവ)

**തനത് ഫണ്ടിൽനിന്നുള്ള ചെലവുകൾ**

- പ്രേരക്മാരുടെ 40% ഓണറേറിയം തുക.
- സാക്ഷരത, നാലാംതരം/ഏഴാംതരം തുല്യതാകോഴ്സുകളുടെ സൗജന്യ നടത്തിപ്പ്.
- ഹയർസെക്കൻഡറി, പത്താംതരം, ഏഴാംതരം അധ്യാപക ഓണറേറിയം
- പാഠപുസ്തക അച്ചടിയും വിതരണവും
- അധ്യാപക/അനധ്യാപക ഓണറേറിയം വിതരണം
- ശിൽപ്പശാലകൾ
- പ്രേരകരുടെയും ജീവനക്കാരുടെയും ചികിത്സാ ധനസഹായം
- പ്രേരകരുടെയും ജീവനക്കാരുടെയും മരണാനന്തര ധനസഹായം
- 40% നുമുകളിൽ വൈകല്യമുള്ള ഭിന്നശേഷി പഠിതാക്കൾക്ക് നിലവിൽ കോഴ്സ് സൗജന്യമായി നൽകിവരുന്നു.
- എസ് സി/എസ് ടി പഠിതാക്കൾക്ക് കോഴ്സ് ഫീസും പരീക്ഷാ ഫീസും എസ് സി/എസ് ടി വകുപ്പിൽനിന്ന് പിന്നീട് ലഭിക്കുമെന്ന ഉറപ്പിന്മേൽ കോഴ്സ് നൽകിവരുന്നു.

സാക്ഷരതാ പ്രേരക്മാർക്ക് നിലവിൽ ഇൻഷ്വറൻസ് സ്കീം ഇല്ല. മുൻപ് ഇൻഷ്വറൻസ്

സ്കീമിൽ ഉൾപ്പെടുത്തിയിരുന്നത് സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റ് തുക ഉപയോഗിച്ചാണ്. തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള പ്രേരക്മാരുടെ പുനർവിന്യാസ നടപടി നടന്നുവരുന്ന സാഹചര്യത്തിൽ 22.06.2021 നുശേഷം പ്രേരക്മാരുടെ ഇൻഷ്വറൻസ് സ്കീം പുതുക്കിയിട്ടില്ല. ഇവരെ ഇ എസ് ഐ യിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ വിവരങ്ങൾ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഒലീന എ ജി
ഡയറക്ടർ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

ഫിനാൻസ് ഓഫീസർ

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
"Aksharam", Near Govt. Boys H S S Pettah, Pettah P.O.,Thiruvananthapuram-24
Phone: 0471-2472254, 2472253, Fax: 0471-2462252, e-mail: stateliteracymission@gmail.com

നമ്പർ: എ7-0001/21/കേ.സം.സാ.മി.അ

തീയതി: 16.07.2022

അയയ്ക്കുന്നത്

ഡയറക്ടർ

സ്വീകരിക്കുന്നത്

പ്രിൻസിപ്പൽ സെക്രട്ടറി
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

വിഷയം: കേ.സം.സാ.മി.അ - സാക്ഷരതാപ്രേരക്മാരുടെ തദ്ദേശസ്വയംഭരണ വകുപ്പിലേക്കുള്ള പുനർവിന്യാസം സംബന്ധിച്ച്.

സൂചന : 13.07.2022ലെ എൻ1/26/2021/പൊവിവ നമ്പർ കത്ത്.

സൂചനയിലേക്ക് മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിൽ പഠനാവസരം ലഭിക്കാതെ പോയവരെയും തുടർപഠനം സാധ്യമാകാത്തവരെയും കണ്ടെത്തി പഠനാവസരം നൽകിക്കൊണ്ട് പാർശ്വവത്കരിക്കപ്പെടാത്ത സമൂഹത്തിന് രൂപം നൽകുകയാണ് സാക്ഷരതാമിഷൻ. ഇതിനായി നിരക്ഷരർക്ക് സാക്ഷരതാകോഴ്സും (4 മാസം) ഔപചാരികതലത്തിൽ തുടർന്ന് പഠനാവസരം ലഭിക്കാൻ സാധ്യതയില്ലാത്തവർക്ക് സാക്ഷരതാകോഴ്സിനുശേഷം നാലാംതരം (6 മാസം), ഏഴാംതരം (8 മാസം), പത്താംതരം (10 മാസം), ഹയർസെക്കൻഡറി (2 അധ്യയനവർഷം) എന്നീ തുല്യതാകോഴ്സുകളും മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളുടെ വിനിമയശേഷി വർദ്ധിപ്പിക്കുന്നതിനായി പച്ചമലയാളം, അച്ഛീഹിന്ദി, ഗുഡ്ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സുകളും സാക്ഷരതാമിഷൻ നടപ്പാക്കിവരുന്നു.

വിവിധ മേഖലകളിലെ പരിമിതികൾ കാരണം പഠനം ലഭിക്കാത്തവർക്കുവേണ്ടി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കിവരുന്നു. ആദിവാസിമേഖലയിൽപെട്ടവർക്കുവേണ്ടി വയനാട് സമ്പൂർണ്ണ ആദിവാസിസാക്ഷരതാപദ്ധതി, അട്ടപ്പാടി സമ്പൂർണ്ണ ആദിവാസി സാക്ഷരതാപദ്ധതി, ആറളം ഫാമിലെ ആദിവാസികൾക്കായി 'ആദിശ്രീ' സാക്ഷരതാപരിപാടി, ട്രാൻസ്ജൻഡേഴ്സിനുവേണ്ടി 'സമന്വയ' തുടർവിദ്യാഭ്യാസപരിപാടി, തിരുവനന്തപുരം നഗരസഭയും സംസ്ഥാന സാക്ഷരതാമിഷനും ചേർന്ന് തിരുവനന്തപുരം നഗരസഭാനിവാസികൾക്കുവേണ്ടി അക്ഷരശ്രീ പദ്ധതി, ഇതരസംസ്ഥാന തൊഴിലാളികൾക്കായി 'ചങ്ങാതി' പദ്ധതി, തീരദേശനിവാസികൾക്കുവേണ്ടി അക്ഷരസാഗരം, കുടുംബശ്രീ മിഷനുമായി ചേർന്ന് 'സമ' എന്നീ പദ്ധതികളും നടന്നു വരുന്നു.

സംസ്ഥാന സാക്ഷരതാമിഷന്റെ നിർദേശപ്രകാരം 14 ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴി തുടർവിദ്യാകേന്ദ്രങ്ങളിലൂടെ കോഴ്സുകളും പദ്ധതികളും നടന്നുവരുന്നു. തുടർവിദ്യാകേന്ദ്രങ്ങളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടിൽ സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പ്രേരക്മാരാണ്.

**ധനസമാഹരണം**

**ധനസഹായം :** പ്രസ്തുത പദ്ധതികൾക്കും ജീവനക്കാരുടെ ശമ്പളം, പ്രേരക്മാരുടെ ഓണറേറിയം, മറ്റ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നത് സർക്കാർ ഗ്രാന്റായി ബജറ്റിൽ ഉൾപ്പെടുത്തി നൽകുന്ന വിഹിതം ഉപയോഗിച്ചാണ്. 2022-23 വർഷം 1800 ലക്ഷം രൂപയാണ് പദ്ധതി വിഹിതമായി ബജറ്റിൽ അനുവദിച്ചിട്ടുള്ളത്.

**തനത് ഫണ്ട് :** പത്താംതരം തുല്യത/ഹയർസെക്കൻഡറി തുല്യത, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവയുടെ കോഴ്സ്/രജിസ്ട്രേഷൻ ഫീസ് ആണ് സാക്ഷരതാമിഷന്റെ തനത് വരുമാനം. ഫീസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പത്താംതരം തുല്യത | - 1850/- (രജിസ്ട്രേഷൻ ഫീസ് 100/- + കോഴ്സ് ഫീസ് 1750/-) |
| ഹയർസെക്കൻഡറി തുല്യത (ഒന്നാം വർഷം) | - 2500/- (രജിസ്ട്രേഷൻ ഫീസ് 100/-+ അഡ്മിഷൻ ഫീസ് 200/- + കോഴ്സ് ഫീസ് 2200/-) |
| ഹയർസെക്കൻഡറി തുല്യത (രണ്ടാം വർഷം) | - 2200/- (കോഴ്സ് ഫീസ് 2200/-) |
| സർട്ടിഫിക്കറ്റ് കോഴ്സ് | - 2500/- |

*ഒരു വർഷത്തെ ശരാശരി രജിസ്ട്രേഷൻ*

| | | |
|---|---|---|
| പത്താംതരം | - | 17,000 |
| ഹയർസെക്കൻഡറി | - | 15,000 |
| പച്ചമലയാളം | - | 300 |
| അച്ഛീഹിന്ദി | - | 150 |
| ഗുഡ് ഇംഗ്ലീഷ് | - | 2500 |

**ചെലവുകൾ**

**ബജറ്റ് വിഹിതത്തിൽനിന്നുള്ള നിർദ്ദിഷ്ട ചെലവുകൾ** (ജീവനക്കാരുടെ ശമ്പളം, പ്രേരക്മാരുടെ 60% ഓണറേറിയം, പദ്ധതികൾക്കുള്ള ചെലവുകൾ, മറ്റ് ഓഫീസ് ചെലവുകൾ മുതലായവ)

**തനത് ഫണ്ടിൽനിന്നുള്ള ചെലവുകൾ**

- പ്രേരക്മാരുടെ 40% ഓണറേറിയം തുക.
- സാക്ഷരത, നാലാംതരം/ഏഴാംതരം തുല്യതാകോഴ്സുകളുടെ സൗജന്യ നടത്തിപ്പ്.
- ഹയർസെക്കൻഡറി, പത്താംതരം, ഏഴാംതരം അധ്യാപക ഓണറേറിയം
- പാഠപുസ്തക അച്ചടിയും വിതരണവും
- അധ്യാപക/അനധ്യാപക ഓണറേറിയം വിതരണം
- ശിൽപ്പശാലകൾ
- പ്രേരകരുടെയും ജീവനക്കാരുടെയും ചികിത്സാ ധനസഹായം
- പ്രേരകരുടെയും ജീവനക്കാരുടെയും മരണാനന്തര ധനസഹായം
- 40% നുമുകളിൽ വൈകല്യമുള്ള ഭിന്നശേഷി പഠിതാക്കൾക്ക് നിലവിൽ കോഴ്സ് സൗജന്യമായി നൽകിവരുന്നു.
- എസ് സി/എസ് ടി പഠിതാക്കൾക്ക് കോഴ്സ് ഫീസും പരീക്ഷാ ഫീസും എസ് സി/എസ് ടി വകുപ്പിൽനിന്ന് പിന്നീട് ലഭിക്കുമെന്ന ഉറപ്പിന്മേൽ കോഴ്സ് നൽകിവരുന്നു.

-481-

സാക്ഷരതാ പ്രേരക്മാർക്ക് നിലവിൽ ഇൻഷ്വറൻസ് സ്കീം ഇല്ല. മുൻപ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിരുന്നത് സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റ് തുക ഉപയോഗിച്ചാണ്. തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള പ്രേരക്മാരുടെ പുനർവിന്യാസ നടപടി നടന്നുവരുന്ന സാഹചര്യത്തിൽ 22.06.2021 നുശേഷം പ്രേരക്മാരുടെ ഇൻഷ്വറൻസ് സ്കീം പുതുക്കിയിട്ടില്ല. ഇവരെ ഇ എസ് ഐ യിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ വിവരങ്ങൾ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഒലീന എ ജി
ഡയറക്ടർ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

ഫിനാൻസ് ഓഫീസർ